ദീപനാളം
കലാസാംസ്കാരിക ദേശീയവാരിക
ESTD-1968

2020 ഓഗസ്റ്റ് 13 | ദീപം 53 | നാളം 15 | Published from : PALA | പേജ് 16 | വില 6 രൂപ | www.deepanalam.com



ജസ്റ്റീസ് എബ്രാഹം മാത്യു

# സത്യമറിയാത്ത സ്വാതന്ത്ര്യഘോഷങ്ങൾ





**ആറ്റം ഭിന്നിക്കുമ്പോഴുണ്ടാകുന്ന സ്ഫോടത്തിലും ശക്തിയേറിയതാണ് മനുഷ്യനും മനുഷ്യനും തമ്മിലുള്ള ഭിന്നിപ്പുമൂലമുള്ള സ്ഫോടനം. മനുഷ്യബന്ധത്തിലുള്ള ഈ വിള്ളൽ രാജ്യത്തിന്റെ സ്വാതന്ത്ര്യത്തെ നഷ്ടപ്പെടുത്തിക്കളയുമോ എന്നു ഭയപ്പെട്ടാൽ അതിൽ തെറ്റു പറയാനാവില്ല.**

**ഓ**ഗസ്റ്റ് 15 - ഇന്ത്യയുടെ രാഷ്ട്രീയസ്വാതന്ത്ര്യത്തിലേക്കുള്ള പ്രവേശനം. പരിശുദ്ധ അമ്മയുടെ സ്വർഗ്ഗീയസ്വാതന്ത്ര്യത്തിലേക്കുള്ള പ്രവേശനം. എല്ലാ വർഷവും ഇതു രണ്ടും നമ്മൾ ആഘോഷിക്കുന്നു. മറ്റൊരാളിലോ ശക്തിയിലോ ആശ്രയിക്കാതിരിക്കുകയും മറ്റൊരാളുടെ കീഴിൽ അല്ലാതിരിക്കുകയുമെന്നുള്ളതാണ് പലപ്പോഴും സ്വാതന്ത്ര്യംകൊണ്ടുദ്ദേശിക്കുന്നത്. എന്നാൽ, ഇതു തത്ത്വത്തിലോ പ്രയോഗത്തിലോ ശരിയല്ലെന്നു കാണാൻ വിഷമമില്ല. സ്വന്തം മനസ്സാക്ഷിയനുസരിച്ചുള്ള തിരഞ്ഞെടുപ്പിനും അതനുസരിച്ചു ജീവിക്കുന്നതിനുമുള്ള അവകാശമെന്നും സ്വാതന്ത്ര്യത്തിനൊരർത്ഥം കൊടുക്കാം. എന്നാൽ, നിയമത്തിന്റെ നിയന്ത്രണത്തിനു വിധേയമല്ലാത്ത ജീവിതം അരാജകത്വത്തിലാണ്.

സ്വാതന്ത്ര്യം സന്തോഷം നൽകുന്നുവെന്നു കരുതപ്പെടുന്നു. എന്നാൽ, ഭൗതികജീവിതത്തിലെ സ്വാതന്ത്ര്യത്തിൽനിന്നുള്ള അനുഭവവും ആത്മീയജീവിതത്തിലെ സ്വാതന്ത്ര്യത്തിൽനിന്നുള്ള അനുഭവവും വ്യത്യസ്തമാണ്. ആദ്യത്തെതിനെ സന്തോഷമെന്നും രണ്ടാമത്തെതിനെ ആനന്ദമെന്നും പറയാം. ഇവ രണ്ടും ബന്ധങ്ങളിലൂടെയാണു വളരുന്നത്. ആദം ഏകനായിരുന്നപ്പോൾ മ്ലാനവദനനായിട്ടാണല്ലോ കാണപ്പെട്ടത്. ആ വിഷമത്തിൽനിന്നു സ്വതന്ത്രനാകാനാണ് ദൈവം അവനു ഹവ്വയെ കൊടുത്തത്. ആ സ്വാതന്ത്ര്യം അവനു സന്തോഷം നൽകി. താമസിയാതെ അവന്റെയും അവളുടെയും ദൈവവുമായുള്ള ബന്ധത്തിൽ വിള്ളൽ വീണു. ദൈവത്തിന്റെയടുത്ത് അവർക്കുള്ള സ്വാതന്ത്ര്യം നഷ്ടപ്പെട്ടതായി നാം പഴയനിയമത്തിൽ വായിക്കുന്നു. ദൈവത്തിൽനിന്ന് അവർ ഒഴിഞ്ഞുമാറി. അവരുടെ ആനന്ദം നഷ്ടപ്പെട്ടു. ഇതിനർത്ഥം മനുഷ്യനും മനുഷ്യനും തമ്മിലുള്ള സ്വാതന്ത്ര്യത്തോടുകൂടിയ ബന്ധം സന്തോഷവും, മനുഷ്യനും ദൈവവുമായുള്ള ബന്ധം ആനന്ദവും പ്രദാനം ചെയ്യുന്നു എന്നുതന്നെ. ഇവ രണ്ടും ബന്ധങ്ങളിലൂടെ വേണം നേടാനും വളരാനും.

വെല്ലുവിളികളെ നേരിടാനും പ്രതിസന്ധികളെ തരണം ചെയ്യാനുമുള്ള കഴിവ് സ്വാതന്ത്ര്യത്തിന്റെ നിലനില്പിനത്യാവശ്യംതന്നെ. ആത്മീയത മതാന്ധതയ്ക്കു വഴിമാറിക്കൊടുത്തുകൊണ്ടിരിക്കുന്ന ഒരു കാലഘട്ടത്തിലൂടെയാണു നാം കടന്നുപോകുന്നത്. ശത്രുക്കളെക്കാളധികമാണ് മിത്രങ്ങളുടെ വേഷമണിഞ്ഞു വരുന്ന ശത്രുക്കൾ. തെളിഞ്ഞിരിക്കുന്ന ശത്രുവിനെ ഭയപ്പെടേണ്ടതില്ല; എന്നാൽ, ഒളിഞ്ഞിരിക്കുന്ന ശത്രു അപകടകാരിയാണ്. എന്നുവച്ചാൽ, കപടമതേതരത്വവാദികളെ നമ്മൾ കൂടുതൽ ജാഗ്രതയോടെ നോക്കിക്കാണണം. അവരെ തിരിച്ചറിയാൻ വിഷമം വന്നേക്കും എന്നുള്ളതാണു കാരണം. അവർ ഒരുക്കുന്ന ചതിക്കുഴിയിൽ വീഴാതെ വിവേകത്തോടെ അവരെ കൈകാര്യം ചെയ്യണം. ഈ കപടമതേതരത്വവാദികൾ രാഷ്ട്രീയത്തിൽ മാത്രമല്ല, സഭയിലും സമൂഹത്തിലും കാണപ്പെട്ടുതുടങ്ങി എന്നുള്ളതു ശ്രദ്ധേയമാണ്.

സ്വാതന്ത്ര്യത്തിന്റെ ദുർവിനിയോഗം ഇന്നു രാജ്യമെമ്പാടും പ്രകടമാണ്. ചിന്തിക്കാനുള്ള സ്വാതന്ത്ര്യംപോലും എടുത്തുകളയാൻ ശ്രമിക്കുന്ന ചില ശക്തികൾ നമ്മുടെ സ്വാതന്ത്ര്യത്തിനു ഭീഷണിയായി നില്ക്കുന്നു. മനുഷ്യനും മനുഷ്യനും, മതവും മതവും തമ്മിലുള്ള ബന്ധത്തിനു മാറ്റംവന്നുകഴിഞ്ഞു. ആറ്റം ഭിന്നിക്കുമ്പോഴുണ്ടാകുന്ന സ്ഫോടത്തിലും ശക്തിയേറിയതാണ് മനുഷ്യനും മനുഷ്യനും തമ്മിലുള്ള ഭിന്നിപ്പുമൂലമുള്ള സ്ഫോടനം. മനുഷ്യബന്ധത്തിലുള്ള ഈ വിള്ളൽ രാജ്യത്തിന്റെ സ്വാതന്ത്ര്യത്തെ നഷ്ടപ്പെടുത്തിക്കളയുമോ എന്നു ഭയപ്പെട്ടാൽ അതിൽ തെറ്റുപറയാനാവില്ല. ഇന്നു കോടതികളിൽ വരുന്ന കേസുകളിൽ മുഖ്യമായിട്ടുള്ളത് സാമ്പത്തികകുറ്റങ്ങളും ലൈംഗികാതിക്രമങ്ങളുമാണ്. രാജ്യത്തു നിലനില്ക്കുന്ന സാമ്പത്തികപ്രതിസന്ധിയെക്കാൾ ഭയാനകമാണ് ഈ സംസ്കാരം ഉണ്ടാക്കുന്ന പ്രതിസന്ധി. സഭയും ഇതിൽനിന്നു പൂർണമായും മോചനത്തിലാണെന്നു നമുക്കു പറയാനാവില്ല എന്ന സത്യം നമ്മൾ അംഗീകരിക്കണം.

രാജ്യത്തിനകത്തുനിന്നും പുറത്തുനിന്നും ഛിദ്രശക്തികൾ വെല്ലുവിളി ഉയർത്തുന്നതുപോലെതന്നെ സഭയ്ക്കുള്ളിൽനിന്നും പുറത്തുനിന്നും ചില ശക്തികൾ പ്രവർത്തിക്കുന്നുണ്ടെന്നുള്ള യാഥാർത്ഥ്യം നമ്മൾ മനസ്സിലാക്കണം. ഇവരുടെ കാപട്യത്തെ തിരിച്ചറിഞ്ഞ് വിവേകപൂർവ്വം പ്രതികരിക്കാനുള്ള ഉത്തരവാദിത്വം നമുക്കുണ്ട്. മറ്റുള്ളവർക്കവകാശപ്പെട്ട സ്വാതന്ത്ര്യം അംഗീകരിച്ചുകൊടുക്കുന്നതുവഴിയാണ് അവർക്കും നമുക്കും സ്വാതന്ത്ര്യം അനുഭവവേദ്യമാകുന്നത്. സ്വാതന്ത്ര്യം ഉറപ്പാക്കുന്ന ഒരു ജനാധിപത്യവ്യവസ്ഥിതിയുടെ വിജയം ഭയംകൂടാതെ ജീവിക്കാൻ ജനതയ്ക്കു സാധിക്കുന്നതിലൂടെ മാത്രമേ കൈവരിക്കാനാകൂ. എന്നാൽ, ഇന്നു ഭയവിഹ്വലരായിക്കഴിയുന്ന സമൂഹങ്ങൾ അനവധിയാണ് എന്നുള്ളതാണ് ദുഃഖസത്യം.

ക്രിസ്തു പ്രഘോഷിച്ചത് അടിച്ചമർത്തലിൽനിന്നുള്ള മോചനവും ഭയത്തിൽനിന്നുള്ള വിടുതലും സ്വാതന്ത്ര്യത്തിലേക്കുള്ള പ്രവേശനവുമാണ്. ദൈവവും മനുഷ്യനും തമ്മിലുള്ള ബന്ധത്തിൽ ഒരു പുതിയ കാഴ്ചപ്പാട് നമുക്കു നല്കി.

▶15

# യഥാർഥ സ്വാതന്ത്ര്യം അകലെയോ?




ഫാ. മാത്യു ചന്ദ്രൻകുന്നേൽ

**കൊ**വിഡ് പശ്ചാത്തലത്തിൽ ഈ വർഷത്തെ സ്വാതന്ത്ര്യദിനാഘോഷം ആചരണംമാത്രമാണ്. ആഘോഷങ്ങളോ സന്തോഷപ്രകടനങ്ങളോ ഇല്ല. മന്ത്രിമാരുടെയും രാഷ്ട്രീയനേതാക്കന്മാരുടെയും തീപ്പൊരിപ്രസംഗങ്ങളുണ്ടാവുകയില്ല. എല്ലാവരുടെയും മനസിൽ ഒരേയൊരു ചിന്ത മാത്രം; കൊറോണ വൈറസിൽനിന്നു സ്വാതന്ത്ര്യം. ബ്രിട്ടീഷുകാരിൽനിന്നു സ്വാതന്ത്ര്യപ്രാപ്തിക്കുവേണ്ടി ശ്രമിച്ചതിനെക്കാൾ എത്രയോ മടങ്ങു തീവ്രതയിലാണ് ഒരു രാജ്യം മുഴുവൻ കൊവിഡ് മഹാമാരിയിൽ നിന്നുള്ള മോചനത്തിനായി ശ്രമിക്കുന്നത്.

കൊറോണ മാറും. രാജ്യം മാറ്റമില്ലാതെ തുടരും. അതുകൊണ്ട് രാജ്യത്തിന്റെ ഭാവിയെക്കുറിച്ചു ചിന്തിക്കേണ്ടതുണ്ട്. ദേശീയ പ്രസ്ഥാനത്തിലെ നേതാക്കന്മാരെക്കുറിച്ച് അനുസ്മരിക്കുന്നത് അവരോട് ആദരവു പ്രകടിപ്പിക്കാനും അവരിൽനിന്നു പ്രചോദനം











ഉൾക്കൊണ്ട് രാജ്യസ്നേഹത്തിൽ വളരാനും സഹായിക്കും. അതുകൊണ്ടൊന്നും രാജ്യത്തിന്റെ ക്ഷേമം ഉറപ്പാക്കാനാവുകയില്ല.

ധൃതഗതിയിൽ വളരുന്ന സാമ്പത്തിക ശക്തിയാണ് നമ്മുടെ രാജ്യമെന്ന് ഭരണാധികാരികളും ധനമന്ത്രിമാരും ആവർത്തിച്ചു പറയുന്നുണ്ടെങ്കിലും ഭയപ്പെടുത്തുന്ന വിധത്തിൽ നിരാശാജനകമാണ് രാജ്യത്തിന്റെ സാമ്പത്തികസ്ഥിതി. ഉദ്യോഗസ്ഥരും പ്രവാസികളുമില്ലാത്ത കുടുംബങ്ങൾ കടുത്ത സാമ്പത്തികപ്രതിസന്ധിയിലാണ്. തൊഴിലില്ലായ്മ പെരുകിവരുന്നു. സാമ്പത്തികകുറ്റകൃത്യങ്ങൾ വർധിക്കുന്നു. തൊഴിലോ പണമോ ഇല്ലാത്ത ലക്ഷക്കണക്കിനു പ്രവാസികൾ നാട്ടിൽ തിരിച്ചെത്തുന്നു. കാർഷികമേഖലയുടെ നട്ടെല്ലൊടിഞ്ഞിരിക്കുന്നു. ഇടത്തരം ചെറുകിട വ്യാപാരമേഖല കിതച്ചു ശ്വാസം മുട്ടുന്നു. ഇന്ധനവില അനിയന്ത്രിതമായി ഉയരുന്നു. രാജ്യത്തിന്റെ പൊതുമേഖലാസ്ഥാപനങ്ങളുടെ ആസ്തി മൾട്ടി നാഷണൽ കമ്പനികൾക്കു വിൽക്കുന്നു. എല്ലാ മേഖലകളും കോർപ്പറേറ്റുകൾക്ക് യഥേഷ്ടം മേയാൻ വിട്ടുകൊടുത്ത് ഭരണകൂടം പാവപ്പെട്ടവരുടെ മുമ്പിൽ ചോദ്യചിഹ്നമായി നിൽക്കുന്നു.

ചൈന ലോകമാർക്കറ്റു പിടിച്ചു. ഇന്ത്യ ചൈനയുടെ മാർക്കറ്റായി. 'മെയ്ക്ക് ഇൻ ഇന്ത്യ' മുദ്രാവാക്യം മാത്രമായി അന്തരീക്ഷത്തിൽ മുഴങ്ങുന്നു. അതു തൊഴിലായി മാറിയില്ല. വരുമാനമായിത്തീർന്നില്ല. ശുചിമുറിക്കുവേണ്ടി ആയിരക്കണക്കിനു കോടികൾ ചെലവഴിച്ചുവെന്നു പറയുന്നു. അതിനെ വികസനമായി കാണാനാകുമോ? പാവപ്പെട്ടവർക്കു ശുചിമുറിയല്ല, സ്വന്തമായി ശുചിമുറിയും വീടും നിർമിക്കുന്നതിനുള്ള വരുമാനം കണ്ടെത്താൻ തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയാണു വേണ്ടത്.

സ്വാതന്ത്ര്യദിനം രാജ്യത്തെയും ഭരണാധികാരികളെയുംകുറിച്ചു ചിന്തിക്കാനുള്ള സമയം മാത്രമല്ല, പൗരന്മാരുടെ ഉത്തരവാദിത്വങ്ങളെക്കുറിച്ചു പരിശോധിക്കാനുള്ള അവസരംകൂടിയാണ്. അവകാശബോധവും അവകാശവാദവും ഏറെയുള്ള നാടാണ് നമ്മുടേത്. ഉത്തവാദിത്വബോധവും രാജ്യത്തോടുള്ള കടമയും നമുക്കു കുറവാണെന്ന ആക്ഷേപമുണ്ട്. വീടും പരിസരവും വൃത്തിയായി സൂക്ഷിക്കുന്ന നമുക്ക് പൊതുനിരത്തുകളും പുഴകളും വൃത്തിയായി സൂക്ഷിക്കാനുള്ള സാക്ഷരതയില്ല. തൊഴിലിന്റെ മാഹാത്മ്യത്തെക്കുറിച്ചും തൊഴിലാളിക്ഷാമത്തെക്കുറിച്ചും സംസാരിക്കുന്നവർ സ്വയംതൊഴിൽ ചെയ്യാൻ തയ്യാറാകുന്നില്ല.

കത്തോലിക്കാവിശ്വാസികൾക്ക് ഓഗസ്റ്റ് 15 പരിശുദ്ധ കന്യകാമറിയത്തിന്റെ സ്വർഗാരോപണത്തിരുനാൾകൂടിയാണ്. മനുഷ്യജീവിതത്തിന്റെ ഭൗതികപരിമിതിയിൽ ആയിരുന്നുകൊണ്ടുതന്നെ ആത്മശരീരങ്ങളോടെ സ്വർഗത്തിലേക്ക് എടുക്കപ്പെടുവാൻ തക്കവിധം സൃഷ്ടവസ്തുക്കളുടെ കെട്ടുപാടുകളിൽനിന്ന് കന്യകാമറിയം സ്വതന്ത്രയായിരുന്നു. യഥാർഥ സ്വാതന്ത്ര്യം ഭൗതികസ്വാതന്ത്ര്യമല്ല, ആത്മീയസ്വാതന്ത്ര്യമാണെന്ന സന്ദേശമാണ് സ്വർഗാരോപണം നൽകുന്നത്. ആളകലം കല്പിച്ച കൊവിഡിനു മനുഷ്യനെ ദൈവത്തിൽനിന്നകറ്റാനാവുകയില്ലെന്നു തിരിച്ചറിയുന്നതിലാണ് വിശ്വാസത്തിന്റെ പൊരുൾ. □

**യഥാർഥ സ്വാതന്ത്ര്യം ഭൗതികസ്വാതന്ത്ര്യമല്ല, ആത്മീയസ്വാതന്ത്ര്യമാണെന്ന സന്ദേശമാണ് സ്വർഗാരോപണം നൽകുന്നത്. ആളകലം കല്പിച്ച കൊവിഡിനു മനുഷ്യനെ ദൈവത്തിൽനിന്നകറ്റാനാവുകയില്ലെന്നു തിരിച്ചറിയുന്നതിലാണ് വിശ്വാസത്തിന്റെ പൊരുൾ.**

# ലൗദാത്തോ സീ

## ഹരിതപാഠം 31




മാർ ജേക്കബ് മുരിക്കൻ

2015 ജൂൺ 18-ാം തീയതി ഫ്രാൻസീസ് മാർപാപ്പാ ഔദ്യോഗികമായി പ്രസിദ്ധീകരിച്ച ചാക്രികലേഖനമാണ് ലൗദാത്തോ സീ. 'നമ്മുടെ പൊതുഭവനമായ ഭൂമിയുടെ നന്മയ്ക്ക്' എന്നാണ് ഈ ചാക്രികലേഖനത്തിന്റെ ഉപശീർഷകം. നാം വരുംതലമുറയ്ക്കു കൈമാറാൻ പോകുന്നത് ഏതു തരത്തിലുള്ള ലോകമാണെന്ന ചോദ്യമാണ് ഈ ചാക്രികലേഖനത്തിന്റെ കേന്ദ്രബിന്ദു. പരിസ്ഥിതിയുമായി നേരിട്ടു ബന്ധപ്പെട്ട ആദ്യ ചാക്രികലേഖനമാണിത്. ആമുഖവും ആറ് അധ്യായങ്ങളും 246 ഖണ്ഡികകളും 172 അടിക്കുറിപ്പുകളും ഈ പ്രബോധനത്തിലുണ്ട്. വത്തിക്കാൻ കാര്യാലയത്തിൽ കർദ്ദിനാൾ പീറ്റർ ടർക്ക്സന്റെ നേതൃത്വത്തിലുള്ള, നീതിക്കും സമാധാനത്തിനുംവേണ്ടിയുള്ള പൊന്തിഫിക്കൽ കൗൺസിലാണ് ഈ ചാക്രികലേഖനം പുറപ്പെടുവിക്കുന്നതിൽ പരി. പിതാവിനെ സഹായിച്ചത്. ഫ്രാൻസീസ് പാപ്പായുടെ മുൻഗാമികളും ഇതേ ദിശയിൽ കാര്യമായി ചിന്തിച്ചവരായിരുന്നു. പ്രത്യേകിച്ച്, ജോൺ പോൾ രണ്ടാമൻ പ്രകൃതിസംരക്ഷണത്തെക്കുറിച്ചു തന്റെ പ്രബോധനങ്ങളിലൂടെ നിരന്തരം പഠിപ്പിച്ചിരുന്നു. പരി. ബനഡിക്ട് പതിനാറാമൻ പാപ്പാ അറിയപ്പെട്ടിരുന്നത് 'ഗ്രീൻ പോപ്പ്' എന്ന പേരിലാണ്.

ലൗദാത്തോ സീ എന്ന ചാക്രികലേഖനത്തിൽ കാലാവസ്ഥാവ്യതിയാനം, ജലദൗർലഭ്യം, വംശനാശം, മനുഷ്യജീവന്റെ ഗുണനിലവാരത്തകർച്ച, സാർവ്വത്രികമാകുന്ന അസമത്വം, പരിസ്ഥിതിസംരക്ഷണത്തിലുള്ള മനുഷ്യരുടെ കടമയും ഉത്തരവാദിത്വവും, പാരിസ്ഥിതികപ്രശ്നങ്ങളുടെ അടിസ്ഥാനകാരണങ്ങൾ, സമഗ്രജീവിതപരിസരം, പരിസ്ഥിതിയോടുള്ള സമീപനം, പരിസ്ഥിതിസംരക്ഷണത്തിലെ ആദ്ധ്യാത്മികതയും വിദ്യാഭ്യാസവും എന്നിങ്ങനെയുള്ള വിഷയങ്ങൾ ഉള്ളടക്കമായി ക്രമീകരിച്ചിരിക്കുന്നു.

പ്രകൃതിസ്നേഹത്തിന്റെ ആത്മാർത്ഥത തെളിയിക്കേണ്ടത് മനുഷ്യസ്നേഹത്തിലാണ്. പ്രകൃതിയോടൊപ്പം മനുഷ്യനെയും ചേർത്തുവയ്ക്കുന്നതാണ് 'ലൗദാത്തോ സീ.' പ്രകൃതിക്കുനേരേയുള്ള കൈയേറ്റം ജീവന്റെ നേരേയുള്ളതാണ്. പ്രകൃതിയുടെ സ്രഷ്ടാവായ ദൈവവും സൃഷ്ടികളായ എല്ലാ ജീവജാലങ്ങളും ചേർന്ന് ഐക്യത്തിൽ വർത്തിക്കുമ്പോഴാണ് പ്രകൃതി സമാധാനപരമാകുന്നത്. ഈ ഐക്യത്തിന്റെ നേതൃത്വം ഭൂമിയിൽ നിർവ്വഹിക്കുന്നതു മനുഷ്യനാണ്. ഈ ദിശയിൽ മനുഷ്യനുണ്ടാകുന്ന പരാജയം പ്രകൃതിയിൽ ജീവന്റെ നിലനില്പിനുതന്നെ ഭീഷണിയാകുന്നു.

ലോകത്തിലെ ഏറ്റവും മികച്ച സർവ്വകലാശാലകളിലൊന്നായ അമേരിക്കയിലെ മസാച്ചുസെറ്റ്സ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയിലെ ശാസ്ത്രജ്ഞന്മാരുടെ പഠനത്തിൽ കാലാവസ്ഥാവ്യതിയാനംമൂലം ഭാവികാലം അസഹ്യമായ ചൂടിന്റെയും ഭക്ഷ്യപ്രതിസന്ധിയുടെയും നാളുകളായിരിക്കുമെന്നു മുന്നറിയിപ്പു നൽകുന്നു. ഇന്ത്യ, ബംഗ്ലാദേശ്, പാക്കിസ്ഥാൻ എന്നീ രാജ്യങ്ങളിലെ 150 കോടി ജനങ്ങൾ ഈ ദുരിതം കഠിനമായി അനുഭവിക്കേണ്ടിവരും. ചൂടുകാറ്റായിരിക്കും ഈ ഉപഭൂഖണ്ഡം നേരിടാൻ പോകുന്ന വൻപ്രതിസന്ധി. കാർബൺപുറംതള്ളൽ കുറച്ചുകൊണ്ടുമാത്രമേ ചൂടുകാറ്റിനെ പ്രതിരോധിക്കാനാവൂ. സിന്ധു, ഗംഗ നദീതടങ്ങളിലെ ഫലപുഷ്ടിയുള്ള മേഖലകളായിരിക്കും ചൂടുകാറ്റിന്റെ ആഘാതം രൂക്ഷമായി നേരിടേണ്ടിവരുന്നത്. ആഗോളതാപനം ദുരന്തം വിതയ്ക്കുന്ന മേഖലകളിൽ ഒന്നാംസ്ഥാനം പേർഷ്യൻ ഉൾക്കടൽ മേഖലയ്ക്കും രണ്ടാം സ്ഥാനം ഇന്ത്യൻ ഉപഭൂഖണ്ഡത്തിനും മൂന്നാംസ്ഥാനം ചൈനയുടെ കിഴക്കൻ മേഖലയ്ക്കും ആയിരിക്കും. □



# ദേശീയ വിദ്യാഭ്യാസനയം 2020 പ്രതീക്ഷകളും വെല്ലുവിളികളും



ഡോ. റ്റി.സി. തങ്കച്ചൻ

ഒരു വ്യക്തി സന്തുഷ്ടനും കർമ്മകുശലനും ധർമ്മശാസ്ത്ര-നീതിബോധപ്രചോദിതനും കാര്യശേഷിയുള്ളവനുമായിത്തീരുന്നത്, അവനു വിദ്യാഭ്യാസത്തിലൂടെ ലഭിച്ച സംസ്കാരത്തിന്റെയും തിരിച്ചറിവിന്റെയും മൂല്യങ്ങളുടെയും നൈപുണികളുടെയും അടിസ്ഥാനത്തിലാണ്. ആയതിനാൽ, വിദ്യാഭ്യാസവും അതിനാധാരമായ നയങ്ങളും തത്ത്വങ്ങളുമെല്ലാം മനുഷ്യന്റെയും സമൂഹത്തിന്റെയും അനുബന്ധഘടകങ്ങളുടെയും സമഗ്രതയിൽ ഊന്നിയതായിരിക്കണം. കാലഘട്ടത്തിനു യോജിച്ചതും കാലത്തിനു മുൻപേ നടക്കാൻ പ്രേരിപ്പിക്കുന്നതും സുസ്ഥിരഭാവി ഉറപ്പുവരുത്തുന്നതുമായ തത്ത്വങ്ങളുടെ കാതലായ കരുതൽശേഖരമായിരിക്കണം പുതിയ നയങ്ങളിൽ നിന്നും ഉരുത്തിരിയുന്ന പാഠ്യപദ്ധതികളും പ്രവർത്തനങ്ങളും കാഴ്ചപ്പാടുകളും.

1985 ൽ ഇന്ത്യാഗവൺമെന്റ് 'വിദ്യാഭ്യാസത്തിന്റെ വെല്ലുവിളികൾ' എന്ന ഒരു സുപ്രധാനരേഖ പ്രസിദ്ധീകരിച്ചു. ഭാവിനയങ്ങളെക്കുറിച്ചു വിവിധ സമ്മേളനങ്ങളിലും സെമിനാറുകളിലും ഉയർന്നുവന്ന അഭിപ്രായങ്ങൾ ക്രോഡീകരിച്ച്, കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ കീഴിൽ ഒട്ടേറെ ചർച്ചകൾ നടത്തി 1986 ൽ ദേശീയ വിദ്യാഭ്യാസനയത്തിന്റെ കരട് രൂപപ്പെടുത്തി. 1986 മേയ് ആദ്യവാരം അതു പാർലമെന്റിൽ അവതരിപ്പിക്കുകയുണ്ടായി. 1986 മേയ് 8 ന് ലോകസഭയും മേയ് 13 ന് രാജ്യസഭയും അന്നത്തെ ദേശീയവിദ്യാഭ്യാസനയം അംഗീകരിച്ചു. ഇതിന്റെ പുനരവലോകനം 1990 ലും 1992 ലും നടത്തി പുതിയ പ്രവർത്തനപദ്ധതി തയ്യാറാക്കുകയും പരിഷ്കരിച്ച വിദ്യാഭ്യാസനയം പുറത്തിറക്കുകയും ചെയ്തു. പത്തുവർഷത്തിലൊരിക്കൽ വിദ്യാഭ്യാസനയം പരിഷ്കരിച്ചു പുറത്തിറക്കുകയും നടപ്പിലാക്കുകയും ചെയ്യേണ്ടതാണ്.

ഇപ്പോൾ നിലവിലുള്ള കേന്ദ്ര മാനവവിഭവശേഷി മന്ത്രാലയം 'വിദ്യാഭ്യാസമന്ത്രാലയം' എന്നാക്കി മാറ്റും. മന്ത്രാലയത്തിനു കീഴിലുള്ള കേന്ദ്രവിദ്യാഭ്യാസ ഉപദേശകസമിതി കൂടുതൽ ശക്തിപ്പെടുത്തും. വിദ്യാഭ്യാസദർശനം തയ്യാറാക്കുന്നതിനും ആളുകളിൽ എത്തിക്കുന്നതിനും വിലയിരുത്തുന്നതിനും പരിഷ്കരിക്കുന്നതിനും കൂടുതൽ ഊന്നൽ നൽകും. ജി ഡി പി യുടെ 6% തുക കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ സഹകരണത്തോടെ വിദ്യാഭ്യാസത്തിനായി മാറ്റിവയ്ക്കും. 1968 ലെയും 1986 ലെയും വിദ്യാഭ്യാസനയത്തിൽ വിദ്യാഭ്യാസത്തിനായി ജി ഡി പി യുടെ 6% മാറ്റിവയ്ക്കണമെന്ന നിർദ്ദേശമുണ്ടായിരുന്നു.

ഓൺലൈൻ, ഡിജിറ്റൽ വിദ്യാഭ്യാസത്തിനുള്ള ഒട്ടേറെ നിർദ്ദേശങ്ങൾ ഈ വിദ്യാഭ്യാസനയത്തിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. എല്ലാവർക്കും ഗുണനിലവാരമുള്ള വിദ്യാഭ്യാസം നൽകാൻ ഐ.സി.റ്റി. അധിഷ്ഠിതമായ വിദ്യാഭ്യാസത്തിന് ഊന്നൽ നൽകുന്നതിനായി, അധ്യാപകർക്കുള്ള പരിശീലനവും ഈ വിദ്യാഭ്യാസനയം പറഞ്ഞുവയ്ക്കുന്നുണ്ട്. ഓൺലൈൻ വിദ്യാഭ്യാസത്തിന്റെ പ്രായോഗികതയെക്കുറിച്ചുള്ള പഠനത്തിനായി NFTF, CIET, NIOS, IGNOU, IITs, NITs എന്നീ ഏജൻസികളെ ചുമതലപ്പെടുത്തി വിപുലമായ ഗവേഷണങ്ങൾ നടത്തും. നിലവിലുള്ള ഇ-ലേണിംഗ് സൗകര്യങ്ങളായ സ്വയം, ദിക്ഷ(SWAYAM, DIKSHA) എന്നിവ കൂടുതൽ ലളിതവും ക്രമീകൃതവുമാക്കി അധ്യാപകർക്കുള്ള പരിശീലനത്തോടുകൂടി അവതരിപ്പിക്കും. ഇതുകൂടാതെ സ്വയംപ്രഭ (SWAYAM PRABHA) അടക്കമുള്ള സൗകര്യങ്ങളിലൂടെ വെർച്വൽ ലാബുകൾകൂടി കുട്ടികൾക്കും അധ്യാപകർക്കുമായി സജ്ജീകരിക്കും. 21-ാം നൂറ്റാണ്ടിലെ നൈപുണികൾകൂടി വിലയിരുത്താവുന്ന രീതിയിൽ PARAKH, NTA, സ്കൂൾ ബോർഡുകൾ, മറ്റ് അംഗീകൃത ഏജൻസികൾ എന്നിവയിലൂടെ ഓൺലൈൻ പരീക്ഷകൾ നടത്തുന്നതിനുള്ള ക്രമീകരണങ്ങൾ ഉണ്ടാവും. സാങ്കേതികവിദ്യയിലധിഷ്ഠിതമായ വിദ്യാഭ്യാസത്തിനായി വിപുലമായ പദ്ധതികൾ ആവിഷ്കരിക്കുമ്പോൾ നമ്മുടെ ഗ്രാമീണ-പിന്നാക്കമേഖലകൾ അനുഭവിക്കുന്ന ഡിജിറ്റൽ ഡിവൈഡ് മറികടക്കാൻ നമുക്കാവുമോ എന്ന ആശങ്കയും നിലനിൽക്കുന്നുണ്ട്. നാഷണൽ എഡ്യൂക്കേഷണൽ ടെക്നോളജി ഫോറം(NETF) എന്ന പുതിയ സ്വയംഭരണസ്ഥാപനം കേന്ദ്ര-സംസ്ഥാന സർക്കാരുകൾക്ക് സാങ്കേതികവിദ്യാഭ്യാസകാര്യങ്ങളിൽ ഉപദേശം നൽകുമ്പോൾ രാഷ്ട്രീയനിയമനങ്ങളും പിൻവാതിൽ നിയമനങ്ങളും ഉണ്ടാകാതെ ഗുണനിലവാരവും ധാർമ്മികതയുമുള്ള വ്യക്തികളുടെ ഒരു കൂട്ടായ്മയായാൽ മാത്രമേ ഉദ്ദേശിച്ച ഗുണം വിദ്യാഭ്യാസമേഖലയിലുണ്ടാവൂ. വിദ്യാഭ്യാസനയത്തിൽ പ്രഖ്യാപിച്ചിരിക്കുന്ന ഹയർ എഡ്യൂക്കേഷൻ കൗൺസിൽ ഓഫ് ഇന്ത്യ (HECI), നാഷണൽ ഹയർ എഡ്യൂക്കേഷൻ റെഗുലേറ്ററി കൗൺസിൽ (NHERC), അക്രഡിറ്റേഷനായുള്ള നാഷണൽ അക്രഡിറ്റേഷൻ കൗൺസിൽ (NAC), വിദ്യാഭ്യാസസ്ഥാപനങ്ങൾക്കുള്ള ധനസഹായത്തിനുള്ള ഹയർ എഡ്യൂക്കേഷൻ ഗ്രാന്റ്സ് കൗൺസിൽ(HEGC), ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനുള്ള ജനറൽ എഡ്യൂക്കേഷൻ കൗൺസിൽ(GEC) എന്നിവയിലെല്ലാം മേൽസൂചിപ്പിച്ച ഗുണനിലവാരവും ധാർമ്മികതയുമുള്ളവർ നിയമിക്കപ്പെടാൻ ശ്രദ്ധിക്കേണ്ടതുണ്ട്. ഇവയ്ക്കെല്ലാം മുകളിലായി പ്രധാനമന്ത്രി അധ്യക്ഷനായ നാഷണൽ എഡ്യൂക്കേഷൻ കമ്മീഷൻ (NEC) വിഭാവനം ചെയ്തിരിക്കുന്നു. അല്ലെങ്കിൽ വിദ്യാഭ്യാസമേഖലയിൽ അരാജകത്വത്തിന് അതു വഴിതെളിക്കും. വിദ്യാഭ്യാസത്തിനായി ഇപ്പോൾ ലഭിച്ചുകൊണ്ടിരിക്കുന്ന ധനസഹായവും ഇതരസേവനങ്ങളും രാഷ്ട്രീയവത്കരിക്കപ്പെടാതെ സൂക്ഷിക്കുകയും വേണം.

വിദ്യാഭ്യാസത്തിന്റെ ഘടനയിൽ അടിമുടി പരിഷ്കാരമാണ് പുതിയ വിദ്യാഭ്യാസനയം മുന്നോട്ടുവയ്ക്കുന്നത്. നിലവിൽ നമ്മുടെ രാജ്യത്ത് 5+3+2+2 എന്ന ഘടനയാണ് പൊതുവായി സ്വീകരിച്ചിരിക്കുന്നത് (കേരളം പോലെയുള്ള ചില സംസ്ഥാനങ്ങളിൽ അത് 4+3+3+2 എന്നതാണ്) ഇതിൽനിന്നു മാറി 5+3+3+4 എന്ന പുതിയ ഘടനയാണ് ദേശീയവിദ്യാഭ്യാസനയത്തിൽ പറഞ്ഞിരിക്കുന്നത്. അതു വിവിധ ഘട്ടങ്ങളായി വിശദീകരിക്കട്ടെ.

**(I) ഫൗണ്ടേഷണൽ സ്റ്റേജ്**

പ്രീ പ്രൈമറി, അങ്കണവാടി ഉൾപ്പെടെ ഒന്ന്, രണ്ട് ക്ലാസുകൾകൂടി ഉൾപ്പെടുത്തി (3+2) മൂന്നുവയസ്സിൽ ആരംഭിച്ച് എട്ടു വയസ്സുവരെയുള്ള (3-6, 6-8) ഫൗണ്ടേഷണൽ സ്റ്റേജിൽ കളികളിലൂടെയുള്ള പഠനം, സഹകരണം, നല്ല പെരുമാറ്റം, മൂല്യങ്ങൾ, വ്യക്തിശുചിത്വം എന്നിവയ്ക്ക് ഊന്നൽ നൽകുന്നു. ഏർലി ചൈൽഡ്ഹുഡ് കെയർ ആന്റ് എഡ്യൂക്കേഷൻ(ECCE) നമ്മുടെ രാജ്യത്ത് കോടിക്കണക്കിനു കുട്ടികൾക്ക് ഇന്നും അപ്രാപ്യമാണ്. കുട്ടികളെ സംബന്ധിച്ച് ആറു വയസ്സിനുമുൻപ് അവർക്കു ലഭിക്കുന്ന പരിശീലനം, മാതൃകകൾ എന്നിവ വളരെ പ്രധാനപ്പെട്ടതാണ്. ഇന്ത്യൻ ഭരണഘടനയുടെ 45-ാം വകുപ്പ് (2002 ലെ 86-ാം ഭരണഘടനാ ഭേദഗതി) മേൽപ്പറഞ്ഞ ECCE ഊന്നിപ്പറയുന്നുണ്ട്. 8 വയസ്സുവരെയുള്ള കുട്ടികളുടെ വിദ്യാഭ്യാസത്തിനായുള്ള അധ്യാപന-പാഠ്യപദ്ധതി ചട്ടക്കൂട് NCERT രൂപപ്പെടുത്തും. ഈ കുട്ടികളുടെ വിദ്യാഭ്യാസത്തിനായി അങ്കണവാടികൾ ഉൾപ്പെടെ നിലവിലുള്ള കേന്ദ്രങ്ങളുടെ അടിസ്ഥാനസൗകര്യങ്ങൾ വർദ്ധിപ്പിക്കും! 3-6 വയസ്സുവരെയുള്ള കുട്ടികളുടെ വിദ്യാഭ്യാസം 2025 ൽ പൂർത്തീകരിക്കുമെന്നു പറയുന്നു.

**(II) പ്രിപ്പറേറ്ററി സ്റ്റേജ്**


മൂന്നു മുതൽ അഞ്ചുവരെ ക്ലാസുകളുൾപ്പെടുന്ന (8-11 വരെ) ഘട്ടത്തിൽ കുട്ടികൾ കളികളിൽനിന്നു മാറി പഠനത്തിലേക്കു കൂടുതൽ ശ്രദ്ധ കൊടുക്കുന്നു. പുസ്തകപരിചയം, വിവിധ വിഷയങ്ങൾ പരിചയപ്പെടുത്തൽ, വായന, എഴുത്ത്, സംസാരം, ഭാഷ, കല, ശാസ്ത്രം, കണക്ക്, കായികം എന്നിവയിലെല്ലാം പരിശീലനം ആരംഭിക്കുന്നു. എഴുതാനും വായിക്കാനും കണക്കുകൂട്ടാനുമുള്ള കഴിവ്, ആശയങ്ങൾ ഗ്രഹിക്കാനുള്ള കഴിവ് ഉൾപ്പെടെ ഫൗണ്ടേഷണൽ ലിറ്ററസി ആന്റ് ന്യൂമറസി 2025 ഓടുകൂടി എല്ലാ വിദ്യാലയങ്ങളിലും ഉറപ്പുവരുത്താൻ ഉദ്ദേശിക്കുന്നു. ഇതിനായി വിദ്യാഭ്യാസമന്ത്രാലയത്തിനു കീഴിലായി നാഷണൽ മിഷൻ ഓൺ ഫൗണ്ടേഷണൽ ലിറ്ററസി ആന്റ് ന്യൂമറോളജി സ്ഥാപിക്കും. സമയബന്ധിതമായി അധ്യാപക തസ്തികകളിൽ നിയമനം നടത്തണമെന്നും വിദ്യാഭ്യാസനയം വ്യക്തമാക്കുന്നു. പോഷകാഹാരം, ആരോഗ്യം, മാനസികാരോഗ്യം എന്നിവയ്ക്കു നൽകേണ്ട ഊന്നൽ കാലികപ്രസക്തമാണ്.

**(III) മിഡിൽ സ്റ്റേജ്**

ആറാംക്ലാസ് മുതൽ എട്ടാം ക്ലാസ് വരെ (11-14 വയസ്)യുള്ള ഘട്ടത്തിൽ ഓരോ വിഷയത്തിനും കൂടുതൽ പ്രാധാന്യം നൽകി അതതു വിഷയങ്ങളിൽ നിയമിക്കപ്പെടുന്ന അധ്യാപകർ പഠിപ്പിക്കുന്നു. വിഷയത്തിൽ കൂടുതൽ അവഗാഹം, ഭാഷാപഠനം (മാതൃഭാഷയും, ഇംഗ്ലീഷ്, ഹിന്ദി/ മറ്റ് ഇന്ത്യൻ ഭാഷകൾ) തൊഴിലധിഷ്ഠിതവിദ്യാഭ്യാസം എന്നിവയ്ക്കു കൂടുതൽ ഊന്നൽ നൽകുന്നു. സയൻസ്, കണക്ക്, സാമൂഹ്യശാസ്ത്രം, കല, മാനവികവിഷയങ്ങൾ എന്നിവ അനുഭവങ്ങളിലൂടെയുള്ള പഠനത്തിൽ കൂടുതൽ ശ്രദ്ധ നൽകി വിഷയവിദഗ്ധരായ അധ്യാപകർ കൈകാര്യം ചെയ്യുന്നു.

**(IV) സെക്കണ്ടറി സ്റ്റേജ്**

9 മുതൽ 12 വരെയുള്ള ക്ലാസുകൾ (14-18 വയസ്സ്) വിവിധ വിഷയങ്ങൾ കൂടുതൽ ആഴത്തിൽ പഠനവിധേയമാക്കുന്നു. ജീവിതലക്ഷ്യങ്ങൾ പൂർത്തീകരിക്കുന്നതിനുതകുന്നതും വിദ്യാർത്ഥികൾക്കു വിഷയങ്ങൾ തിരഞ്ഞെടുക്കുന്നതിനും കൂടുതൽ അയവുള്ളതുമായ പാഠ്യപദ്ധതിയാണ് ഇവിടെ വിഭാവനം ചെയ്യുന്നത്. പത്താംക്ലാസിനു ശേഷം തൊഴിലധിഷ്ഠിതകോഴ്സിനോ കൂടുതൽ വൈദഗ്ധ്യം വേണ്ട കോഴ്സിനോ ചേരാൻ അവസരമുണ്ട്. അല്ലാത്തവർ 12 ക്ലാസുവരെ തുടരുന്ന രീതിയാണ് ആവിഷ്കരിക്കുന്നത്. അങ്ങനെ 18 വയസ്സുവരെയുള്ള വിദ്യാഭ്യാസം നിർബന്ധിതവും സൗജന്യവുമാക്കാൻ ലക്ഷ്യംവയ്ക്കുന്നു. ഇപ്പോൾ 14 വയസ്സുവരെയുള്ള കുട്ടികൾക്കാണ് (8-ാം ക്ലാസ് വരെ) നിർബന്ധിതവും സൗജന്യവുമായ വിദ്യാഭ്യാസത്തിന് അർഹതയുള്ളത്. (വിദ്യാഭ്യാസ അവകാശനിയമം 2009 അനുസരിച്ച്) ഇപ്പോൾ നിലവിലുള്ള പ്ലസ് ടൂ/ ഹയർസെക്കണ്ടറി സംവിധാനം ഇല്ലാതാകും. 9-ാം ക്ലാസുമുതൽ പഠിപ്പിക്കുന്ന അധ്യാപകർക്ക് മാസ്റ്റർ ബിരുദവും അധ്യാപകപരിശീലന ഡിഗ്രിയും നിർബന്ധമാകും. കേരളത്തിൽ ഏറെ ചർച്ച ചെയ്യപ്പെട്ട ഖാദർ കമ്മിറ്റി റിപ്പോർട്ടിലും പ്ലസ് ടു നിർത്തലാക്കി 9 മുതൽ 12 വരെയുള്ള ക്ലാസുകൾ ഒറ്റ സ്റ്റേജായി പരിഗണിക്കുന്ന കാര്യം എടുത്തുപറഞ്ഞിരുന്നു. ഇതു വലിയ പ്രതിഷേധങ്ങൾക്കും വിമർശനങ്ങൾക്കും വിധേയമായതാണ്.



ശേഷം 10-ാം പേജിൽ

# കാനാൻദേശത്തേക്കു കണ്ണുതുറന്ന്






സഞ്ചാരം


ഫാ. ഫിലിപ്പ് ഞരളക്കാട്ട്

രണ്ടായിരാമാണ്ടിൽ ജോൺ പോൾ രണ്ടാമൻ മാർപാപ്പാ വിശുദ്ധനാടുകൾ സന്ദർശിക്കുവാൻ വന്നപ്പോൾ മൗണ്ട് നെബോയും സന്ദർശിക്കുകയുണ്ടായി. 2009ൽ ബെനഡിക്ട് പതിനാറാമൻ പാപ്പായും ഇവിടം സന്ദർശിച്ചു. മോശയുടെ സ്മാരകമായി നാട്ടിയിരിക്കുന്ന മാർബിൾശില 2000 ൽ സ്ഥാപിച്ചതാണെന്ന് ഞങ്ങളുടെ ഗൈഡ് വിശദീകരിച്ചു. അവിടെനിന്ന് അല്പം മുന്നോട്ടു നീങ്ങിയാൽ മലയുടെ ഉച്ചിയായി. നെബോമലയുടെ മുകളിൽനിന്നുള്ള കാഴ്ച ചേതോഹരമാണ്. വാഗ്ദത്തഭൂമി മുഴുവൻ ഒറ്റനോട്ടത്തിൽ കാണാം. തൊട്ടുതാഴെ കാണുന്നത് മൊവാബ് സമതലമാണ്. മലമുകളിലും പാർശ്വങ്ങളിലും അങ്ങിങ്ങായി ചില മരങ്ങൾ വളരുന്നുണ്ട്. ദൂരേക്കു നോക്കുമ്പോൾ കാണുന്നത് ജറീക്കോ സമതലമാണ്. അതിനപ്പുറം നീല നിറത്തിൽ കാണുന്നത് ചാവുകടൽ, സ്നാപകയോഹന്നാൻ മാമ്മോദീസാ നൽകിയിരുന്ന ജോർദ്ദാൻ നദീതീരം, പിശാച് ഈശോയെ പരീക്ഷിച്ച പ്രലോഭനത്തിന്റെ മല. അകലെയായി ജറൂസലേം, ഒലിവുമല അങ്ങനെ വിശുദ്ധനാടുകൾ മുഴുവനും സമീപപ്രദേശങ്ങളും കാണാൻ സാധിക്കും. മലമുകളിൽ ഒരുഭാഗത്ത് ഒരു ഫലകം സ്ഥാപിച്ചിട്ടുണ്ട്. നെബോമലയിൽനിന്ന് വിശുദ്ധനാടുകളിലെ പ്രധാന സ്ഥലങ്ങളുടെ നേരേ ഓരോ വര കാണാം. ആ സ്ഥലത്തേക്കുള്ള ദൂരവും അതിൽ അടയാളപ്പെടുത്തിയിരിക്കുന്നു. ഉദാഹരണമായി, ജറുസലേം 46 കി.മീ., ജറീക്കോ 27 കി.മി., ബത്‌ലഹേം 50 കി.മീ, ഗലീലിക്കടൽ 106 കി.മീ.

മലമുകളിൽ നമ്മുടെ ശ്രദ്ധ പിടിച്ചുപറ്റുന്ന ഒരു കുരിശ് സ്ഥാപിച്ചിട്ടുണ്ട്. 'സെർപ്പന്റൈൻ കുരിശ്' എന്നാണ് ഈ കുരിശ് അറിയപ്പെടുന്നത്. മരുഭൂമിയിൽവച്ച് മോശ ഒരു വടിയിൽ ഉയർത്തിയ പിത്തളസർപ്പത്തെ അനുസ്മരിപ്പിക്കുന്ന ഒരു കലാരൂപമാണിത് (സംഖ്യ 21:4-9).

അതേസമയം ഇതു ക്രൂശിതനായ ഈശോയുടെ ഒരു പ്രതിരൂപവുംകൂടിയാണ്. സർപ്പദംശനമേറ്റ ഇസ്രയേൽക്കാർ പിത്തളസർപ്പത്തെ നോക്കിയപ്പോൾ സുഖംപ്രാപിച്ചു. ക്രൂശിതനായ ഈശോയെ നോക്കുന്നവനും പാപത്തിന്റെ മാരകമായ ദംശനമേറ്റാലും രക്ഷനേടാൻ കഴിയും എന്നാണ് ഈ കുരിശ് സൂചിപ്പിക്കുന്നത്. ഇറ്റാലിയൻ കലാകാരനായ ജിയോവാനി ഫന്റോണിയാണ് ഇതു നിർമ്മിച്ചത്. കുരിശിന് ഉദ്ദേശം മുപ്പത് അടി ഉയരം വരും. ഒറ്റനോട്ടത്തിൽ ഒരു സർപ്പം മുള്ളുകൾ നിറഞ്ഞ ഒരു വടിയിൽ ചുറ്റിയിരിക്കുന്നതുപോലെ തോന്നും. സൂക്ഷിച്ചുനോക്കിയാൽ മൂന്നാണികളിൽ കുരിശിൽ തൂങ്ങിമരിക്കുന്ന ഈശോയെ അതിൽ കാണാൻ സാധിക്കും.

മലയുടെ ഏറ്റവും ഉയർന്ന ഭാഗത്തായി ഒരു പുരാതന ദൈവാലയത്തിന്റെ അവശിഷ്ടങ്ങളുണ്ട്. അവ നശിച്ചുപോകാതെ കൂടാരസമാനമായ ഒരു മേൽക്കൂര കൊണ്ടു സംരക്ഷിച്ചിരിക്കുകയാണ്. നാലാം നൂറ്റാണ്ടിൽ പണിയപ്പെട്ട ബൈസന്റൈൻ ദൈവാലയത്തിന്റെ ഭാഗങ്ങളാണ് ഇവിടെയുള്ളത്. തൂണുകളുടെ ഭാഗങ്ങളും തറയിലെ മൊസെയ്ക്കുകളും കേടുകൂടാതെ നിലനില്ക്കുന്നു. ചെറിയ വർണ്ണക്കല്ലുകൾ ചേർത്തുവച്ച് തറയിലുറപ്പിച്ചാണ് മനോഹരമായ മൊസൈയിക് ചിത്രങ്ങൾ ഉണ്ടാക്കിയിരിക്കുന്നത്. എത്തേരിയ എന്ന തീർത്ഥാടക ക്രിസ്തുവർഷം 374 ൽ ഈ ദൈവാലയം കണ്ടതായി രേഖപ്പെടുത്തിയിട്ടുണ്ട്. അഞ്ചാം നൂറ്റാണ്ടിന്റെ അന്ത്യത്തിൽ ഈ പള്ളി കുറെക്കൂടി വലുതാക്കി പണിതു. തറയിലെ മൊസെയ്ക്കിൽ വേട്ടക്കാരനും വേട്ടമൃഗവും മുന്തിരിച്ചെടിയും മുന്തിരിക്കുലകളും പക്ഷികളും മൃഗങ്ങളും എല്ലാം മിഴിവോടെ ചിത്രീകരിക്കപ്പെട്ടിരിക്കുന്നു. മലമുകളിലായി വളരെ വലുതും വൃത്താകൃതിയിലുള്ളതുമായ ഒരു കല്ല് കാണാനുണ്ട്. പള്ളിയുടെ വാതിലായി ഉപയോഗിച്ചിരുന്ന കല്ലാണത്രേ ഇത്. ഒരു വണ്ടിച്ചക്രത്തിന്റെ ആകൃതിയിലുള്ള ഈ കല്ല് ഉരുട്ടിനീക്കിയാണ് പള്ളി തുറക്കുകയും അടയ്ക്കുകയും ചെയ്തിരുന്നത്. മുകളിൽ കാണുന്ന ദൈവാലയത്തിനുള്ളിൽ വിശുദ്ധകുർബാന അർപ്പിക്കുവാനുള്ള സൗകര്യമുണ്ട്.


സെർപ്പന്റൈൻ കുരിശ്

ക്രൈസ്തവപാരമ്പര്യമനുസരിച്ച് മോശ നെബോമലയിൽവച്ചാണു മരിച്ചത്. അദ്ദേഹത്തെ ആരു സംസ്കരിച്ചു എന്ന് നമുക്കറിഞ്ഞുകൂടാ. മാലാഖമാരാണ് അതു ചെയ്തതെന്നു പറയുന്നവരുമുണ്ട്. നെബോമല ജറമിയാ പ്രവാചകനുമായും ബന്ധപ്പെട്ടിരിക്കുന്നു. ഈ മലയിലാണത്രേ ജറമിയാ പ്രവാചകൻ വാഗ്ദാന പേടകവും കൂടാരവും ധൂപപീഠവും ഒളിച്ചുവച്ചത്. ഇസ്രായേൽജനത്തെ മുഴുവൻ ബാബിലോണിലെ അടിമത്തത്തിലേക്കു കൊണ്ടുപോയപ്പോൾ ജറമിയാ പ്രവാചകൻ അവ വിജാതീയരുടെ കൈകളിൽപെടാതിരിക്കുവാനും നിത്യമായി നഷ്ടപ്പെടാതിരിക്കുവാനുമായിട്ടാണ് ഈ മലയിൽകൊണ്ടുവന്ന് ഒളിച്ചുവച്ചത്. അതേപ്പറ്റിയുള്ള വിവരണം വിശുദ്ധ ബൈബിളിൽ കാണാം (2 മക്കബായർ 2:4-7). "ദൈവത്തിന്റെ അരുളപ്പാടനുസരിച്ച് കൂടാരവും പേടകവും തന്റെ പിന്നാലെ കൊണ്ടുവരാൻ പ്രവാചകൻ കല്പിച്ചു. ദൈവം നൽകുന്ന അവകാശഭൂമി കാണുവാൻ മോശ കയറിയ മലയിലേക്ക് അവൻ പോയി. അവിടെ ജറമിയ ഒരു ഗുഹ കണ്ടു. കൂടാരവും പേടകവും ധൂപപീഠവും അതിൽവച്ച് പ്രവേശനദ്വാരം അടച്ചു ഭദ്രമാക്കി. അനുയായികളിൽ ചിലർ അങ്ങോട്ടുള്ള വഴി അടയാളപ്പെടുത്താൻ മുതിർന്നെങ്കിലും വഴി കണ്ടുപിടിക്കാൻ കഴിഞ്ഞില്ല. ജറമിയ ഇതറിഞ്ഞ് ശകാരിച്ചുകൊണ്ടു പറഞ്ഞു: ദൈവം തന്റെ ജനത്തെ വീണ്ടും ഒരുമിച്ചുകൂട്ടുകയും അവരോടു കരുണ കാണിക്കുകയും ചെയ്യുന്നതുവരെ ഈ സ്ഥലം അജ്ഞാതമായിരിക്കും. അന്നു കർത്താവ് ഇതു വെളിപ്പെടുത്തും (2 മക്ക 2:4-7).

നെബോയിൽനിന്നു തിരിച്ചുപോകുവാനുള്ള സമയമായിരിക്കുന്നു. ഞങ്ങൾ ഒരിക്കൽക്കൂടി വിശാലമായ കാനാൻദേശത്തേക്കു ഞങ്ങളുടെ കണ്ണുകൾ തിരിച്ചു. ഇവിടെനിന്നുകൊണ്ട് കാനാൻദേശം കണ്ട് ആനന്ദാശ്രുക്കൾ പൊഴിച്ച മോശയെപ്പറ്റിയായിരുന്നു ഞങ്ങളുടെ ചിന്ത. 40 ൽപരം വർഷം ഇസ്രായേൽ ജനത്തെ മരുഭൂമിയിലൂടെ നയിച്ച് കാനാൻദേശത്തിന്റെ അതിർത്തിവരെ എത്തിച്ച ജനനേതാവും പ്രവാചകനുമായിരുന്നല്ലോ മോശ. ദൈവത്തിനു നേരേയുള്ള അദ്ദേഹത്തിന്റെ മനോഭാവം എന്തായിരുന്നിരിക്കാം. അകമഴിഞ്ഞ നന്ദിയോ ആഴമായ സ്നേഹമോ നേരിയ പരിഭവമോ... നമുക്കറിഞ്ഞുകൂടാ. മോശയെപ്പറ്റി വിശുദ്ധ ബൈബിളിൽ കാണുന്ന ഒരു വാചകമുണ്ട്: "കർത്താവു മുഖാമുഖം സംസാരിച്ച മോശയെപ്പോലെ മറ്റൊരു പ്രവാചകൻ ഇസ്രായേലിൽ ഉണ്ടായിട്ടില്ല. കർത്താവിനാൽ നിയുക്തനായി ഈജിപ്തിൽ ഫറവോയ്ക്കും ദാസന്മാർക്കും രാജ്യത്തിനുമുഴുവനും എതിരായി അവൻ പ്രവർത്തിച്ച അടയാളങ്ങളിലും അദ്ഭുതങ്ങളിലും ഇസ്രായേൽജനത്തിനു മുമ്പിൽ പ്രകടമാക്കിയ മഹത്തും ഭയാനകവുമായ പ്രവൃത്തികളിലും മോശ അതുല്യനാണ് (നിയമാവർത്തനം 34:10-12).

*തുടരും*

കവിത

തെരേസ പീറ്റർ

## ഭാരതാംബ നീണാൾ ജയജയ

സ്വതന്ത്രഭാരതം നമുക്കു ജന്മമേകും ഭാരതം
ജയ! ജയ! നീണാൾ ജയ! ശാന്തി തൻ കൊടിക്കീഴിൽ
മുക്തിതൻ സുഖം നുകർന്നയെത്രയെത്രയാണ്ടുകൾ
കഴിച്ചു ധന്യഭൂവിതിൽ ഭാരതതനയർ നാം.
സ്വതന്ത്രശാന്തി കൈവരിച്ചു നിർഭയം വസിക്കുവാൻ
എണ്ണമറ്റ ജീവിതങ്ങൾ ബലികഴിച്ചു ഭാരതം
അഹിംസതൻ പതാകയേന്തി സഹനസത്യപാതയിൽ
സുധീരരായ് പോരാടിയ ധന്യരേ, നമോവാകം.
ഭാരതം പതാകനാട്ടി സ്വതന്ത്രഗീതം പാടവേ,
അശാന്തിതന്നിരുളകത്തിലുൾത്തടങ്ങൾ തേങ്ങുന്നു.
'ഭാരത പതാക' പാറിയോതിടുന്ന മന്ത്രണം
ധന്യരാഷ്ട്രശില്പികൾ കൊളുത്തിവച്ച മൂല്യങ്ങൾ
"സമൃദ്ധി-ശാന്തി-സ്നേഹകരുണ-കാന്തിയിൽ അഹിംസതൻ
പാതയിൽ വിളങ്ങിടേണം ഭാരതാംബ നാൾക്കുനാൾ"
ഭാരതപതാകയെന്നുമോതിടുന്നീ മന്ത്രണം
നെഞ്ചിലേറ്റി കർമ്മപൂർത്തി നേടുവാനശക്തർ നാം.
ശാന്തിയിൽ രമിക്കുവാൻ, സാഭിമാനമോർക്കുവാൻ
നിർഭയം വസിക്കുവാൻ സ്വതന്ത്രമണ്ണിലാകുമോ?
വർഗ്ഗസമരഭീതികൾ-രാഷ്ട്രതന്ത്രവൈരികൾ
പട്ടിണി വിലാപങ്ങൾ പെരുകിടുന്നു ഭാരതേ.
ഭാരതാംബ തേങ്ങിടുന്നു 'കലിയുഗ'ത്തിലാണു നാം
അതൃപ്തരായി ജനതയിന്നുഴറിടുന്ന നാളുകൾ
പ്രബുദ്ധത-സമത്വശാന്തിയെന്നുറക്കെപ്പാടവേ
പ്രാകൃതം മൃഗീയത-മ്ലേച്ഛത പെരുകുന്നു.
ഇന്നിതാ 'കൊറോണ'യെന്ന വ്യാധിതൻ പിടിയിലായ്
ലോകമാകെ ദുഃഖച്ചുഴിയിലാണ്ടിടുന്ന കാലവും
ഒന്നേമുക്കാൽക്കോടിയോളം രോഗികളായ് പാടിടെ
ഹന്ത! കഷ്ടം എത്ര ദുഃഖം ഭൂമിദേവി തേങ്ങുന്നു.
സ്വതന്ത്രഭാരതത്തിലും കൊറോണയിന്നു താണ്ഡവ
മാടിയാടി ജീവിതം ശോകസാന്ദ്രമെവിടെയും
സ്വതന്ത്രഭാരതം വളർച്ചതൻ പടവതേറവേ
പുത്തനാശയമിഴിവതിൽപ്പിടിച്ചുയരവേ
കേവലമൊരണുവിൻ ശക്തിയാലെയൊക്കെയുമിതാ
ജീവിതത്തിൻ താളം തെറ്റി വളർച്ചയെ ഹനിക്കുമോ?
ഭീതിവേണ്ട സുപ്രഭാതം അകലെയല്ല തിട്ടമായ്
ഇക്കൊടും ഇരുളറുത്തു മാനവൻ വളർന്നിടും
അതിനുവേണ്ട 'മറുമരുന്നു' കണ്ടിടും നം പ്രതിഭയാൽ
മനവും തനുവും ഒത്തു നാം കരുത്തരായ്ക്കുതിച്ചിടും
ഇക്കലിയുഗത്തിൻ തേങ്ങൽ മാറ്റുവാൻ ശ്രമിച്ചിടാം
ആത്മവെട്ടമിഴിവിലായ് ജയിച്ചിടും സുനിശ്ചയം
സ്വതന്ത്രഭാരതം നമുക്കു ജന്മമേകും അമ്മയായ്
ജയ; ജയ; നീണാൾ ജയ; ശാന്തിതൻ കൊടിക്കീഴിൽ...

ദീപനാളം

ചീഫ് എഡിറ്റർ : റവ. ഫാ. കുര്യൻ തടത്തിൽ
അസോസിയേറ്റ് എഡിറ്റർ : റവ. ഫാ. ജോസഫ് തെരുവിൽ


**യേശു കർത്താവാണ് എന്ന് അധരംകൊണ്ട് ഏറ്റുപറയുകയും ദൈവം അവനെ മരിച്ചവരിൽനിന്ന് ഉയിർപ്പിച്ചു എന്നു ഹൃദയത്തിൽ വിശ്വസിക്കുകയും ചെയ്താൽ നീ രക്ഷ പ്രാപിക്കും.** റോമ 10:9

**എഡിറ്റോറിയൽ**

# ആരോഗ്യപ്രവർത്തകരെ അവഗണിക്കരുത്

കൊവിഡ് രോഗവ്യാപനം അതിരൂക്ഷമായ സാഹചര്യത്തിൽ സംസ്ഥാനത്ത് പ്രതിരോധയജ്ഞത്തിൽ പോലീസിനു കൂടുതൽ അധികാരവും ചുമതലയും നല്കിയിരിക്കുന്ന സർക്കാർ തീരുമാനം ചർച്ചകൾക്കും വിവാദങ്ങൾക്കും കാരണമായിരിക്കുന്നു. കൊവിഡ് രോഗികളുടെ സമ്പർക്കപ്പട്ടിക തയ്യാറാക്കുന്നതടക്കമുള്ള ചുമതലകളാണ് ആരോഗ്യപ്രവർത്തകരെ മറികടന്ന് പോലീസ് സേനയെ സർക്കാർ ഏല്പിച്ചിരിക്കുന്നത്. നിലവിൽ കൊവിഡ് പ്രതിരോധത്തിനു വേണ്ടത്ര പോലീസുദ്യോഗസ്ഥർ ഇല്ലാതിരിക്കെയാണ് സർക്കാരിന്റെ പുതിയ നിർദ്ദേശം.

മുതിർന്ന ഐ.പി.എസ്. ഉദ്യോഗസ്ഥർക്കാണ് ജില്ലകളുടെ ചുമതല. സമ്പർക്കപ്പട്ടികയിലുള്ളവരെ കണ്ടെത്താൻ എല്ലാ പോലീസ് സ്റ്റേഷനിലും ഒരു എസ്.ഐ. യുടെ നേതൃത്വത്തിൽ മൂന്നു പോലീസുകാരുണ്ടാവും. 24 മണിക്കൂറിനുള്ളിൽ ഇവരെ കണ്ടെത്തണമെന്നാണ് നിർദ്ദേശം. പ്രഥമ, ദ്വിതീയ സമ്പർക്കപ്പട്ടികയിലുള്ളവരുടെ വാസസ്ഥലങ്ങൾ ഉൾപ്പെടുന്ന മേഖലയാണ് ഇപ്പോൾ കണ്ടെയ്ൻമെന്റ് പ്രദേശങ്ങൾ. കണ്ടെയ്ൻമെന്റ് സോണിലടക്കം കർശനനിരീക്ഷണം, റോഡുകളുടെ പരിശോധന, സമരക്കാരെ നേരിടൽ ഇവയെല്ലാം പോലീസിനു തലവേദന തന്നെയാണ്. പോലീസുകാരിലും കൊവിഡ്ഭീതി വർദ്ധിക്കുന്ന സാഹചര്യമായതിനാൽ പ്രതിരോധപ്രവർത്തനങ്ങൾ എങ്ങനെ കാര്യക്ഷമമായി നടപ്പിലാക്കുമെന്ന ആശങ്കയിലാണ് ജില്ലാ പോലീസ് മേധാവികൾ.

കൊവിഡ് ആരോഗ്യപ്രശ്നമാണ്, ക്രമസമാധാനപ്രശ്നമല്ലെന്നു കാണിച്ച് പ്രതിപക്ഷ നേതാവ് മുഖ്യമന്ത്രിക്കു തുറന്ന കത്തെഴുതിയിരിക്കുന്നു. രോഗിയെ ആശുപത്രിയിലെത്തിക്കുന്നതും സമ്പർക്കപ്പട്ടിക തയ്യാറാക്കുന്നതും മറ്റും പോലീസിന്റെ പണിയല്ലെന്നാണ് അദ്ദേഹത്തിന്റെ വാദം.

കൊവിഡ്പ്രതിരോധച്ചുമതലകൾ പോലീസിനു കൈമാറിയതിനെതിരേ ആരോഗ്യമേഖലയിലെ വിവിധ സംഘടനകളും രംഗത്തെത്തി. ആരോഗ്യവിഷയത്തിൽ പരിശീലനമുള്ളവരാണ് സമ്പർക്കപ്പട്ടിക തയ്യാറാക്കുന്നതുൾപ്പെടെയുള്ള പ്രവർത്തനങ്ങൾ കൈകാര്യം ചെയ്യേണ്ടതെന്നും പോലീസിനതാവില്ലെന്നും ആയതിനാൽ പുതിയ സർക്കാർ നിർദ്ദേശം പുനരാലോചിക്കേണ്ടതാണെന്നുമാണ് ഇന്ത്യൻ മെഡിക്കൽ അസോസിയേഷൻ (ഐ.എം.എ.) സംസ്ഥാനനേതാക്കളുടെ അഭിപ്രായം. കണ്ടെയ്ൻമെന്റ് സോണുകളിൽ പോലീസ് കർശനനിയന്ത്രണമേർപ്പെടുത്തുമ്പോൾ ആരോഗ്യപ്രവർത്തകരെ അതു സാരമായി ബാധിക്കുമെന്നും ഡ്യൂട്ടിക്കു സ്വതന്ത്രമായി പോവാനാവാത്ത ഒട്ടേറെ സംഭവങ്ങൾ നിലവിലുണ്ടെന്നും അതിനിടയിൽ പിഴയൊടുക്കേണ്ടികൂടി വരുമ്പോൾ മനോവീര്യം തകർന്നുപോകുന്നെന്നും ഐ.എം.എ. നിരീക്ഷിക്കുന്നു.

സമ്പർക്കപ്പട്ടിക തയ്യാറാക്കുന്നതിൽനിന്ന് ഹെൽത്ത് ഇൻസ്പെക്ടർമാരെ മാറ്റിയത് കൊവിഡ് പ്രതിരോധപ്രവർത്തനങ്ങൾക്കു തിരിച്ചടിയാകുമെന്ന് കേരള ഹെൽത്ത് ഇൻസ്പെക്ടേഴ്സ് യൂണിയനും ആശങ്ക പ്രകടിപ്പിച്ചു. 4700 ഹെൽത്ത് ഇൻസ്പെക്ടർമാർ തയ്യാറാക്കിക്കൊണ്ടിരുന്ന സമ്പർക്കപ്പട്ടിക കേരള പോലീസിന് കൃത്യമായും കാര്യക്ഷമമായും ചെയ്യാനാവില്ലെന്നും ആരോഗ്യമേഖലയിലെ ജീവനക്കാരെ ഒഴിവാക്കിക്കൊണ്ടുള്ള പ്രതിരോധപ്രവർത്തനങ്ങളിൽനിന്നു സർക്കാർ പിന്മാറണമെന്നുമാണ് യൂണിയന്റെ ആവശ്യം.

അതിനിടയിൽ, സംസ്ഥാന പോലീസ് സേനയിലെ തൊണ്ണൂറു ശതമാനം പോലീസുകാരെയും പ്രതിരോധത്തിനു നിയോഗിച്ചെന്ന് ഡിജിപി പ്രഖ്യാപിക്കുമ്പോഴും, കൊവിഡ് ഡ്യൂട്ടിയില്ലാതെ മന്ത്രിമന്ദിരങ്ങളിലും ഐ.പി.എസ്. ഉദ്യോഗസ്ഥരുടെ മാളികകളിലും ആയിരത്തോളം വരുന്ന പോലീസുകാർ മഴയും വെയിലും കൊള്ളാതിരിക്കുന്നത് സേനയ്ക്കുള്ളിൽ അതൃപ്തിക്കു കാരണമായിട്ടുണ്ട്.

കൊവിഡിനെ നേരിടാൻ സംസ്ഥാനസർക്കാർ പോലീസ് സേനയെ വിന്യസിച്ചിരിക്കുന്നതു ശ്രീലങ്കയിൽ വിജയിച്ച മാതൃകയിലാണെന്നതു പുതിയ വർത്തമാനം. ശ്രീലങ്ക നാലു മാസം മുമ്പുതന്നെ മിലിട്ടറി ഇന്റലിജൻസിനെ പ്രതിരോധത്തിനു രംഗത്തിറക്കിയിരുന്നു. രോഗവ്യാപനം നിയന്ത്രിക്കാൻ ശ്രീലങ്കയ്ക്കു കഴിഞ്ഞുവെന്നുള്ളത് യാഥാർത്ഥ്യം തന്നെയാണ്.

ആരോഗ്യപ്രവർത്തകരും പോലീസും സഹകരിച്ചുപോന്ന നാളിതുവരെയുള്ള പ്രതിരോധപ്രവർത്തനങ്ങൾക്കു കോട്ടം തട്ടാൻ പുതിയ സർക്കാർനയം കാരണമാകരുത്. നമ്മുടെ ഡോക്ടർമാരുടെയും നഴ്സുമാരുടെയും ഹെൽത്ത് ഇൻസ്പെക്ടർമാരുടെയും മറ്റും പ്രവർത്തനങ്ങളെ എത്രയാദരിച്ചാലും മതിയാവില്ലെന്നു പലവുരു പറയുക മാത്രമല്ല, പ്രസ്തുത ദൗത്യം തുടരാൻ അവരെ അനുവദിക്കുകയും വേണം. പോലീസിന്റെ ശരീരഭാഷയ്ക്കും കർമ്മശേഷിക്കുമപ്പുറം മനുഷ്യജീവനെ ആദരവോടെ ശുശ്രൂഷിക്കാനും, കരുതലും കാവലുമൊരുക്കാനും നമ്മുടെ ആരോഗ്യപ്രവർത്തകർക്കാകുമെന്നതിൽ രണ്ടു പക്ഷമില്ല. □


## ന്യൂജനറേഷൻ ആഡ്–ഓൺ കോഴ്സുകളുമായി സെന്റ് ആന്റണീസ് കോളജ് പെരുവന്താനം



*റവ. ഡോ. ആന്റണി നിരപ്പേൽ*
( ഡയറക്ടർ, സെന്റ് ആന്റണീസ് ഗ്രൂപ്പ് ഓഫ് കോളജസ് )

മൂന്നു പതിറ്റാണ്ടുകളായി പ്രവർത്തിച്ചുവരുന്ന സെന്റ് ആന്റണീസ് ഗ്രൂപ്പ് ഓഫ് കോളജുകളിൽ എം.ജി.യൂണിവേഴ്സിറ്റിയോട് അഫിലിയേറ്റ് ചെയ്ത് കേരളഗവൺമെന്റ് അംഗീകാരത്തോടെ പ്രവർത്തിച്ചുവരുന്ന പെരുവന്താനം സെന്റ് ആന്റണീസ് കോളജിൽ കേന്ദ്രഗവ. അംഗീകാരമുള്ള ലോജിസ്റ്റിക് മാനേജ്മെന്റ്, ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, ഓഫീസ് ഓട്ടോമേഷൻ ആൻഡ് റ്റാലി, ക്ലൗഡ് കമ്പ്യൂട്ടിംഗ്, ഫിലിം സ്റ്റഡീസ്, ഇന്റീരിയൽഡെക്കറേഷൻ ആൻഡ് ഡിസൈനിംഗ്, സപ്ലൈചെയിൻ മാനേജ്മെന്റ്, സൈബർ സെക്യൂരിറ്റി, ജി.എസ്.ടി, ടൂറിസം അഡ്മിനിസ്ട്രേഷൻ, എയർലൈൻ ഫിനാൻഷ്യൽ അക്കൗണ്ടിംഗ്, റിടെയ്ൽ മാനേജ്മെന്റ്, ലോജിസ്റ്റിക് ആൻഡ് സപ്ലൈചെയിൻ മാനേജ്മെന്റ്, ഏവിയേഷൻ ആൻഡ് ട്രാവൽ ടൂറിസം, ഫിനാൻഷ്യൽ മാനേജ്മെന്റ് തുടങ്ങിയ ആഡ് ഓൺ കോഴ്സുകൾ, പരമ്പരാഗതകോഴ്സുകളായ ബി.കോം. ഫിനാൻസ് ആൻഡ് ടാക്സേഷൻ, ബി.കോം. കമ്പ്യൂട്ടർ, ബി.കോം കോ-ഓപ്പറേഷൻ, ബി.ബി.എ, ബി.സി.എ, ബി.എ. ഇംഗ്ലീഷ്, ബി.എഫ്.റ്റി, എം.കോം കോഴ്സുകൾക്കൊപ്പം നടത്തുന്നു.

ആറു പതിറ്റാണ്ടായി വിദ്യാഭ്യാസരംഗത്തു പ്രവർത്തിച്ചുവരുന്ന റവ. ഡോ. ആന്റണി നിരപ്പേൽ ഡയറക്ടറായി നേതൃത്വം നൽകുന്നു. കോളജ് ബസ് സൗകര്യവും ഹോസ്റ്റൽസൗകര്യവും ഉണ്ട്. സുന്ദരവും വശ്യമനോഹരവുമായ കാമ്പസിൽ കുട്ടികൾക്കു പഠിക്കാനാവശ്യമായ ശാസ്ത്രീയമായ ടീച്ചിംഗ്-ലേണിംഗ് രീതികൾ അവലംബിച്ചുവരുന്നു. ഇതിനോടകം യൂണിവേഴ്സിറ്റി തലത്തിൽ നിരവധി റാങ്ക് നേട്ടങ്ങൾ കൈവരിക്കാനായി.

ഇന്ത്യയിലെ നമ്പർ വൺ സിവിൽ സർവ്വീസ് കോച്ചിംഗ് സെന്ററായ എ.എൽ.എസ്. ന്യൂഡൽഹിയുമായി സഹകരിച്ച് സെന്റ് ആന്റണീസ് ഗ്രൂപ്പ് ഓഫ് കോളജുകളുടെ പുതിയ സംരംഭമായ സാൻ അന്റോണിയോ ഓൾ ഇൻഡ്യ സിവിൽ സർവ്വീസ് അക്കാദമി പൊൻകുന്നത്ത് ഐ.എ.എസ്., ഐ.പി.എസ്, ഐ.ആർ.എസ്., ഐ.എഫ്.എസ്. തുടങ്ങിയ സിവിൽ സർവ്വീസ് കോഴ്സുകളുടെ പരിശീലനം നൽകുന്നു. വിശദവിവരങ്ങൾക്കും അഡ്മിഷനും ബന്ധപ്പെടുക: 9562581191, 9745008703

*Advt*


## പാലാ സിവിൽ സർവ്വീസ് ഇൻസ്റ്റിറ്റ്യൂട്ടിന് അഭിമാനവിജയം

കഴിഞ്ഞദിവസം പ്രസിദ്ധീകരിച്ച സിവിൽ സർവ്വീസ് പരീക്ഷാഫലം പാലാ സിവിൽ സർവ്വീസ് ഇൻസ്റ്റിറ്റ്യൂട്ടിനു തിളക്കമാർന്ന വിജയം സമ്മാനിച്ചിരിക്കുന്നു. ഇന്ത്യൻ സിവിൽ സർവ്വീസിന്റെ ഉന്നത ഉദ്യോഗസ്ഥതലങ്ങളിലേക്ക് 15 ഉദ്യോഗാർത്ഥികളെ കൈപിടിച്ചുയർത്തുവാൻ ഇൻസ്റ്റിറ്റ്യൂട്ടിനു കഴിഞ്ഞത് ചിട്ടയായ ക്ലാസ്സുകളുടെയും മികച്ച ഉത്തരരചനാപരിശീലനത്തിന്റെയും ഇന്റർവ്യൂ കോച്ചിംഗിന്റെയും ഫലമായാണ്. വീണാ എസ്. സുധൻ (AIR-124), റുമൈസാ ഫാത്തിമ ആർ.വി. (AIR-185), ഉത്തര മേരി റെജി (AIR-217), മാത്യൂസ് മാത്യൂ (AIR-233), അനു ജോഷി (AIR-264), നിഥിൻ രാജ് പി. (AIR-319), അർജ്ജുൻ സി. (AIR-349), ആഷിക് അലി ഐ. (AIR-367), ഷഹീൻ സി. (AIR-396), ഷിയാസ് കെ.എം. (AIR-422), അരുൺ കെ. പവിത്രൻ (AIR-561), നിതിൻ കെ. (AIR-565), ജോൺ ജോർജ്ജ് ഡിക്കോത്തോ (AIR-614), രാഹുൽ ആർ. (AIR-803) എന്നിവരാണ് വിജയികൾ.

വിജയികളെ മാർ ജോസഫ് പെരുന്തോട്ടം, മാർ ജോസഫ് കല്ലറങ്ങാട്ട്, മാർ ജോസ് പുളിക്കൽ, ഇൻസ്റ്റിറ്റ്യൂട്ട് മാനേജർ ഫാ. ഫിലിപ്പ് ഞരളക്കാട്ട്, ഡയറക്ടറും ഡീനുമായ ഡോ. സിറിയക് തോമസ്, പ്രിൻസിപ്പൽ ഡോ. ജോസഫ് വെട്ടിക്കൻ എന്നിവർ അഭിനന്ദിച്ചു.

## ലോഗോസ് ക്വിസ് ഡിസംബർ എട്ടിന്

### രജിസ്ട്രേഷൻ ഓഗസ്റ്റ് 31 വരെ

കൊച്ചി: കേരള കാത്തലിക് ബൈബിൾ സൊസൈറ്റി സംഘടിപ്പിക്കുന്ന ഈ വർഷത്തെ ലോഗോസ് ക്വിസ് കൊവിഡ് 19 ന്റെ പശ്ചാത്തലത്തിൽ ഡിസംബർ 27 നു നടത്തും. ഓഗസ്റ്റ് 31 വരെ രജിസ്ട്രേഷൻ നടത്താമെന്ന് കെസിബിസി ബൈബിൾ കമ്മീഷൻ സെക്രട്ടറി ഫാ. ജോൺസൺ പുതുശേരി അറിയിച്ചു.

പ്രതികൂലസാഹചര്യങ്ങൾ തുടരുന്ന സ്ഥലങ്ങളിൽ ഇളവനുവദിക്കും. കേരളത്തിലും പുറത്തുമുള്ള 40 രൂപതകളിലെ ആറു ലക്ഷത്തോളം പേർ പങ്കെടുക്കുന്ന ലോഗോസ് പരീക്ഷ മലയാളത്തിനു പുറമേ തമിഴ്, കന്നഡ, ഇംഗ്ലീഷ് ഭാഷകളിലും നടത്തും. വിദേശരാജ്യങ്ങളിലുള്ളവർക്ക് ഓൺലൈൻ പരീക്ഷയ്ക്കും സൗകര്യമുണ്ട്. സെപ്റ്റംബർ 27 നു നടത്താനാണു നേരത്തേ നിശ്ചയിച്ചിരുന്നത്.

കഥയും കാര്യവും — സത്യൻ താന്നിപ്പുഴ

# പുഞ്ചിരി കൊടുത്താൽ പുഞ്ചിരി കിട്ടും

ഏലിയാമ്മ അധ്യാപികയാണ്. മകന് ഒരു വയസ്സുള്ളപ്പോൾ ഭർത്താവ് മരിച്ചു. മകൻ ഏലിയാസിനെ ഏലിയാമ്മ ഓമനിച്ചു ലാളിച്ചു വളർത്തി പഠിപ്പിച്ചു. സഹായത്തിന് അമ്മയുണ്ടായിരുന്നു. അതുകൊണ്ട് ബാല്യത്തിൽ ഏലിയാസിനെ അമ്മയെ ഏല്പിച്ചിട്ടു ജോലിക്കുപോകാൻ ബുദ്ധിമുട്ടുണ്ടായില്ല.

ഏലിയാസ് പഠിക്കാൻ മിടുക്കനായിരുന്നു. കോളജ് വിദ്യാഭ്യാസം കഴിഞ്ഞ് പി എസ് സി ടെസ്റ്റെഴുതി ജോലി കിട്ടി. വയനാട്ടിലാണ് നിയമനം ലഭിച്ചത്. അവിടെ ജോലി ചെയ്തിരുന്നപ്പോൾ ഒരു പെൺകുട്ടിയുമായി സ്നേഹബന്ധത്തിലായി. ആ പെൺകുട്ടിയെ വിവാഹം കഴിക്കാൻ ആഗ്രഹിച്ചു. വിവരം അമ്മയെ അറിയിച്ചു. അമ്മ വന്ന് കുട്ടിയെ കണ്ടു. വീട്ടുകാരുമായി സംസാരിച്ചു. അവർക്കും അഭിപ്രായവ്യത്യാസമുണ്ടായില്ല. ചെലവുകുറച്ച് ആർഭാടമില്ലാതെ ലളിതമായി കാലടിപ്പള്ളിയിൽ വച്ച് വിവാഹം നടത്തി.

വിവാഹശേഷം വീട്ടിൽ അമ്മയോടൊപ്പം റോസക്കുട്ടിയെ ആക്കി ഏലിയാസ് വയനാട്ടിലേക്കു ജോലിക്കുപോയി. കാലടിയിൽ താമസിച്ചിരുന്നപ്പോൾ അയൽക്കാരന്റെ വിവാഹത്തിനു ക്ഷണിച്ചു. അങ്കമാലി അഡ്ലക്സ് ഇന്റർനാഷണൽ കൺവെൻഷൻ സെൻട്രലിലായിരുന്നു വിവാഹം.

അമ്മ മകനെ വിവാഹക്ഷണത്തിന്റെ വിവരമറിയിച്ചു. ആദ്യമായി ഇരുവരും ഒരുമിച്ചു വിവാഹച്ചടങ്ങിൽ പങ്കെടുക്കുന്നതു നല്ലതാണെന്ന് അമ്മ മകനോടു പറഞ്ഞു. ഏലിയാസ് വന്നു. റോസക്കുട്ടിയും ഏലിയാസും ഒരുമിച്ചു വിവാഹത്തിനു പോയി.

വിവാഹം കഴിഞ്ഞ് വീട്ടിൽ വന്നപ്പോൾ അമ്മ മകളോടു ചോദിച്ചു: "എങ്ങനെ ഉണ്ടായിരുന്നു വിവാഹപരിപാടികളെല്ലാം? എല്ലാവരുമായി പരിചയപ്പെട്ടില്ലേ?"

"ശാപ്പാടെല്ലാം അടിപൊളിയായിരുന്നു. ബിരിയാണി, മട്ടൻ ചിക്കൻ, മത്സ്യം എല്ലാമുണ്ടായിരുന്നു. ആരുമായും പരിചയപ്പെട്ടില്ല. ആരും എന്നോടു മിണ്ടാൻപോലും വന്നില്ല. ചിലരെല്ലാം എന്റെ കുറ്റം പറയാൻ വന്നു. എല്ലാവരുടെയും മുഖത്ത് ദേഷ്യവും വെറുപ്പും മാത്രം."

ഏലിയാമ്മ മകളെ സമാധാനിപ്പിച്ചു: "മോള് എല്ലാവരുമായി പരിചയപ്പെടുന്നതല്ലേ ഉള്ളൂ. കാലക്രമേണ എല്ലാം ഇഷ്ടപ്പെടും. കാത്തിരിക്കൂ."

പിറ്റേ ആഴ്ച വേറൊരു കല്യാണത്തിനു പോയി. പോകാൻ കാലത്ത് അമ്മ മകളെ വിളിച്ചു പറഞ്ഞു: "മോള് ഇന്നു കാണുന്നവരോടെല്ലാം സ്നേഹമായി സംസാരിച്ച് വിശേഷങ്ങൾ ചോദിക്കണം. ഇങ്ങോട്ടു ചോദിക്കാൻ കാത്തിരിക്കേണ്ട. അങ്ങോട്ടു കയറി ചോദിക്കുക."

മകൾ സമ്മതിച്ചു. എല്ലാരുമൊരുമിച്ചു വിവാഹത്തിനുപോയി. തിരിച്ചുവന്നപ്പോൾ അമ്മ ചോദിച്ചു: "ഇന്ന് എങ്ങനെ ഉണ്ടായിരുന്നു?"

"അമ്മേ അന്ന് ഒരുപാടു പേരെ പരിചയപ്പെട്ടു. ഞാൻ മറിയക്കുട്ടിയമ്മായിയെ കണ്ടപ്പോൾ ചിരിച്ചുകൊണ്ട് അടുത്തുചെന്ന് വിശേഷങ്ങൾ ചോദിച്ചു. അമ്മായി അവിടെ വന്നിരുന്ന ബന്ധുക്കളെ എല്ലാം പരിചയപ്പെടുത്തിത്തന്നു. എല്ലാവരുമായി സംസാരിച്ചു. എല്ലാവരോടും ഞാൻ ചിരിച്ചുകൊണ്ടു വർത്തമാനം പറഞ്ഞു. എല്ലാവർക്കും എന്നെ ഇഷ്ടമായി. എന്തൊരു നല്ല മനുഷ്യരാ അമ്മേ അവരെല്ലാം. എന്നോട് എന്തു സ്നേഹമായെന്നോ അവർക്കെല്ലാം. എന്തൊരു നല്ല ആളുകളാണ് അമ്മേ അവരെല്ലാം. എത്ര നല്ല ആളുകള് നമ്മുടെ ചുറ്റും. ഈ നാട്ടിൽ വരാനും ഈ നല്ല ആളുകളുമായി പരിചയപ്പെടാനും കഴിഞ്ഞത് എന്റെ ഭാഗ്യം." റോസക്കുട്ടി പറഞ്ഞു.

"മോളേ, കഴിഞ്ഞയാഴ്ച കല്യാണത്തിനുപോയപ്പോൾ കണ്ടതും ഇന്നു കണ്ടതും ഒരേ ആളുകളെത്തന്നെയാണ്. മറ്റുള്ളവർക്ക് ഒരു പുഞ്ചിരി കൊടുക്കുമ്പോഴാണ് നമുക്ക് ഒരു പുഞ്ചിരി തിരിച്ചു കിട്ടുക. അപ്പോൾ ഈ ലോകജീവിതം മനോഹരമായി നമുക്ക് അനുഭവപ്പെടും." അമ്മ പറഞ്ഞു.

# പാലാ സെന്റ് തോമസ് കോളജ് ഏഴുപതിന്റെ നിറവിൽ



പാലാ: മുന്നൂറ്റിയെട്ടുവിദ്യാർത്ഥികൾ അരുണാപുരത്തെ കോളജിൽ ചേരുമ്പോൾ അതൊരു ചെറിയ തുടക്കമായിരുന്നു. എഴുപതു വർഷത്തിനപ്പുറം മീനച്ചിലാറിന്റെ കരയിൽ അറുപതോളം ഏക്കർ സ്ഥലത്ത് വലിയൊരു വടവൃക്ഷമായി കോളജ് വളർന്നു നിൽക്കുന്നു - പാലാ സെന്റ് തോമസ് കോളജ്. 1950 ഓഗസ്റ്റ് ഏഴിന് ഉദ്ഘാടനം ചെയ്ത സെന്റ് തോമസ് കോളജ് എഴുപതാം പിറന്നാൾ പിന്നിടുന്നു.

പാലായിൽ കോളജ് പിറന്നതും പാലാ രൂപതയ്ക്ക് പുതിയ മെത്രാനെ ലഭിച്ചതും ഒരേ ദിവസമാണ്. സെന്റ് തോമസ് കോളജിന്റെ ഉദ്ഘാടനത്തിനു ശേഷമാണ് വത്തിക്കാനിൽനിന്ന്, ബിഷപ് മാർ സെബാസ്റ്റ്യൻ വയലിലിനെ പാലാ രൂപതയുടെ പ്രഥമമെത്രാനായി നിയോഗിച്ചുകൊണ്ടുള്ള അറിയിപ്പ് എത്തിയത്. അന്ന് കോളജ് നിർമ്മാണ ക്കമ്മിറ്റിയുടെ പ്രസിഡന്റായിരുന്നു മാണിക്കുട്ടിയച്ചനെന്ന് അറിയപ്പെട്ടിരുന്ന ഫാദർ ഇമ്മാനുവൽ സെബാസ്റ്റ്യൻ (ബിഷപ് വയലിൽ).

സുപ്രീം കോടതി മുൻ ചീഫ് ജസ്റ്റീസ് കെ.ജി. ബാലകൃഷ്ണൻ, മുൻ ജഡ്ജി സിറിയക് ജോസഫ്, മുൻ ചീഫ് സെക്രട്ടറിമാരായ കെ.ജെ. മാത്യു, ടോം ജോസ്, അഡീഷണൽ ചീഫ് സെക്രട്ടറി ടി.കെ. ജോസ്. എം.ജി. സർവ്വകലാശാല മുൻ വൈസ് ചാൻസലർമാരായ ഡോ. സിറിയക് തോമസ്, ഡോ. ബാബു സെബാസ്റ്റ്യൻ, ഗ്രേറ്റ് ബ്രിട്ടൻ രൂപത ബിഷപ് മാർ ജോസഫ് സ്രാമ്പിക്കൽ, കേന്ദ്ര പ്ലാനിങ് കമ്മീഷൻ മുൻ ഡയറക്ടർ കുര്യൻ മണ്ണനാൽ തുടങ്ങി മറ്റു മേഖലകളിലും പ്രമുഖരുടെ നിര നീളുന്നു.

പ്രിൻസിപ്പലായിരുന്ന ഫാ.മാത്യു മലേപ്പറമ്പിൽ നടത്തിയ പോരാട്ടമാണ് കേരളത്തിൽ കാമ്പസ് രാഷ്ട്രീയം നിരോധിച്ച ഹൈക്കോടതി വിധിയിലേക്കു നയിച്ചത്. എം.ജി സർവ്വകലാശാലയിലാണ് കോളജ് അഫിലിയേറ്റു ചെയ്തിരിക്കുന്നത്. നാഷണൽ അസസ്മെന്റ് അക്രഡിറ്റേഷൻ കൗൺസിലിൽ (നാക്) 'എ' ഗ്രേഡും കോളജിനുണ്ട്. പ്രധാനപ്പെട്ട എല്ലാ കോഴ്സുകളും ഇന്നു കോളജിലുണ്ട്. പതിനൊന്നും ഗവേഷണവിഭാഗങ്ങളും കോളജിലുണ്ട്.

ബിഷപ് മാർ ജോസഫ് കല്ലറങ്ങാട്ട് രക്ഷാധികാരിയും മാർ ജേക്കബ് മുരിക്കൻ മാനേജരും ഫാ.ഡോ.ജെയിംസ് ജോൺ മംഗലത്ത് പ്രിൻസിപ്പലും ഡോ. സണ്ണി കുര്യാക്കോസ് വൈസ് പ്രിൻസിപ്പലും ഫാ. മാത്യു കാവനാടിമലയിൽ ബർസാറുമായി പ്രവർത്തിക്കുന്നു.

# 'ചെപ്പിലൊതുങ്ങാത്ത ഓർമകൾ' പ്രകാശനം ചെയ്തു



*ദീപനാളം മാനേജിംഗ് എഡിറ്റർ, ശാസ്ത്രപഥം എഡിറ്റർ, മതബോധന പാഠാവലികളുടെ എഡിറ്റർ എന്നീ നിലകളിൽ പ്രവർത്തിച്ച ഫാ. ജെയിംസ് കൈപ്പൻപ്ലാക്കലിന്റെ പത്താം ചരമവാർഷികദിനാചരണത്തോടനുബന്ധിച്ച് സ്മൃതിസമിതി തയ്യാറാക്കിയ* **'ചെപ്പിലൊതുങ്ങാത്ത ഓർമകൾ'** *എന്ന സ്മരണികയുടെ പ്രകാശനം പാലാ രൂപതാദ്ധ്യക്ഷൻ മാർ ജോസഫ് കല്ലറങ്ങാട്ട് രൂപത പാസ്റ്ററൽ കൗൺസിൽ ചെയർമാൻ ഡോ. സിറിയക് തോമസിന് പ്രഥമ കോപ്പി നൽകി നിർവഹിക്കുന്നു. മാർ ജോസഫ് പള്ളിക്കാപറമ്പിൽ, മോൺ. ജോസഫ് മലേപ്പറമ്പിൽ, ഡോ. തോമസ് മൂലയിൽ, ഫാ. ബർക്കുമാൻസ് കുന്നുംപുറം, ഡോ. കുര്യൻ മറ്റം, ജോസ് വട്ടപ്പലം, ജോണി തോമസ് മണിമല, ജോർജ് കൂനാനിക്കൽ, നരിവേലി മത്തായിക്കത്തനാർ, ജോയി മുത്തോലി, ഡോ. അലക്സ് ജോർജ് കാവുകാട്ട് തുടങ്ങിയവർ സമീപം.*

# 'നമുക്കും മീൻ വളർത്താം'
## മത്സ്യഗ്രാമം പദ്ധതി ഉദ്ഘാടനം ചെയ്തു



*പാലാ രൂപതയുടെ കർഷകവർഷാചരണത്തിന്റെ ഭാഗമായി നടപ്പിലാക്കുന്ന* **'നമുക്കും മീൻ വളർത്താം'** *മത്സ്യഗ്രാമം പദ്ധതിയുടെ ഉദ്ഘാടനം ബിഷപ്സ് ഹൗസിൽ നിർമ്മിച്ച കുളങ്ങളിൽ മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിച്ചുകൊണ്ട് പാലാ രൂപതാധ്യക്ഷൻ മാർ ജോസഫ് കല്ലറങ്ങാട്ട്, സഹായമെത്രാൻ മാർ ജേക്കബ് മുരിക്കൻ, മുൻ അധ്യക്ഷൻ മാർ ജോസഫ് പള്ളിക്കാപറമ്പിൽ എന്നിവർ ചേർന്നു നിർവഹിക്കുന്നു.*

# രാമായണവും ഇന്ത്യൻ സംസ്കാരവും






ഡോ. കുര്യാസ് കുമ്പളക്കുഴി

ഇത് കർക്കിടകമാസം. തോരാമഴയുടെ നാളുകൾ. പഞ്ഞക്കർക്കിടകമെന്നു പഴമൊഴി.

ഇതിനൊരു മറുവശംകൂടിയുണ്ട്. കർക്കിടകം രാമായണമാസമാണ്. രാമകഥയുടെ നിരന്തരാലാപനംകൊണ്ട് ഹൈന്ദവസഹോദരങ്ങളുടെ ഭവനങ്ങളാകെ പവിത്രമാകുന്ന കാലം.

ഹൈന്ദവഗൃഹങ്ങളിൽ രാമായണം വായിക്കുന്ന പാരമ്പര്യം കേരളത്തിൽ വർഷങ്ങൾക്കു മുമ്പേയുണ്ട്. എന്നാൽ, സംഘടിതരൂപത്തിൽ രാമായണമാസം ആചരിക്കാൻ തുടങ്ങിയത് 1982 ൽ മാത്രമാണ്.

ആ വർഷം എറണാകുളത്തു ചേർന്ന വിശാലഹിന്ദുസമ്മേളനമാണ് ഇക്കാര്യം ചർച്ച ചെയ്തത്. ചിന്മയാനന്ദസ്വാമികൾ, ഡോ. കരൺസിംഗ് തുടങ്ങിയവർ സമ്മേളനത്തിൽ പങ്കെടുത്തിരുന്നു. അവിടെ നടന്ന ചർച്ചകളുടെ തുടർച്ചയായി ജൂൺ ആറിന് എറണാകുളം ദക്ഷിണഭാരതഹിന്ദിപ്രചാരസഭാഹാളിൽ ചേർന്ന വിശാലഹിന്ദുസമ്മേളന നിർവ്വാഹകസമിതിയാണ് കർക്കിടകമാസം രാമായണമാസമായി ആചരിക്കാൻ തീരുമാനിച്ചത്.

മാർക്സിസ്റ്റുപാർട്ടിയും അവരുടെ സാംസ്കാരികപ്രസ്ഥാനമായ പുരോഗമനകലാസാഹിത്യസംഘവും ഇതിനെതിരേ പരസ്യമായി രംഗത്തുവന്നു. 1930 കൾ മുതൽ രാമായണവും മഹാഭാരതവും ചുട്ടെരിക്കണം എന്നു നിലവിളിച്ചിരുന്ന ചില സാംസ്കാരികനായകരും രാഷ്ട്രീയബുദ്ധിജീവികളും കേരളത്തിലുണ്ടായിരുന്നു. അതു വീണ്ടും പല വേദികളിൽനിന്നുയർന്നു.

രാമായണ മഹാഭാരതങ്ങൾ കേരളജനതയുടെ പുരോഗതി തടസ്സപ്പെടുത്തുന്ന വീക്ഷണഗതിയാണു സാധാരണക്കാരുടെ മനസ്സിൽ ഉണർത്തിവിടുന്നതെന്നും അവയിൽ ആവിഷ്കരിക്കപ്പെട്ടിട്ടുള്ള മതപരമായ വേലിക്കെട്ടുകളെ തകർത്തു മുന്നേറിയാലേ കേരളജനതയ്ക്കു സ്വയം പരിഷ്കരിക്കാനും സാഹിത്യവും സംസ്കാരവും വികസിപ്പിച്ചെടുക്കാനും കഴിയുകയുള്ളൂ എന്നുമായിരുന്നു മാർക്സിസ്റ്റാചാര്യൻ ഇ.എം.എസിന്റെ നിലപാട്.

ഇതൊന്നും വകവയ്ക്കാതെ ഹിന്ദുമതവിശ്വാസികൾ രാമായണമാസാചരണവുമായി മുന്നോട്ടു തന്നെ പോയി. കുറെക്കഴിഞ്ഞപ്പോൾ ഇ.എം.എസ്. നിലപാടു തിരുത്തി. രാമായണംപോലെയുള്ള ക്ലാസിക് കൃതികൾ ഇന്ത്യൻ ജനതയുടെ പൊതുസ്വത്താണെന്നും ഒരു കാര്യവിചാരവുമില്ലാതെ മാർക്സിസ്റ്റുവിമർശകർ അത്തരം കൃതികളെ വിമർശിക്കുന്നതു പ്രാകൃതകമ്യൂണിസമാണെന്നും അദ്ദേഹം സിദ്ധാന്തിച്ചു! അതോടെ എതിർപ്പുകൾ പതുക്കെപ്പതുക്കെ കെട്ടടങ്ങി.

1930 കളിൽ ഇടതുപക്ഷചിന്താഗതി ശക്തിപ്പെട്ടുതുടങ്ങിയതോടെ കേരളത്തിൽ മതവിരുദ്ധതയും നാസ്തികതയും കൂടുതൽ പ്രചാരം നേടി. വിദ്യാസമ്പന്നരായ ചെറുപ്പക്കാരിൽ നല്ലൊരു പങ്ക് യൗവനത്തിളപ്പിൽ ഈ പ്രവണതയുടെ വക്താക്കളും പ്രയോക്താക്കളുമായി മാറി. ഭാരതീയ ഇതിഹാസങ്ങളായ മഹാഭാരതവും രാമായണവും മറിച്ചുനോക്കുകപോലും ചെയ്യാതെ അവയ്ക്കെതിരേ ആക്ഷേപം ചൊരിയുന്നതു പുരോഗമനത്തിന്റെയും ബൗദ്ധികജീവിതത്തിന്റെയും അടയാളങ്ങളാണെന്ന് അവർ തെറ്റിദ്ധരിച്ചു. അതിനെതിരേ നിലപാടെടുക്കുന്നവരെ യാഥാസ്ഥിതികരെന്നും പുരോഗമനവിരുദ്ധരെന്നും മുദ്രയടിച്ചു.

ഒരു ജാതി, ഒരു മതം, ഒരു ദൈവം മനുഷ്യന് എന്ന് ശ്രീനാരായണഗുരു കേരളത്തിനു സമ്മാനിച്ച മഹാവാക്യത്തെ ജാതി വേണ്ട, മതം വേണ്ടാ, ദൈവം വേണ്ട മനുഷ്യന് എന്നവർ വികലമാക്കി വിളിച്ചുകൂവി നടന്നു. ഈ ആത്മവിനാശകപ്രവണതയ്ക്ക് ഒരു പ്രത്യൗഷധമെന്ന നിലയിൽ കൂടിയാണ് രാമായണമാസാചരണം നിലവിൽ വന്നത്. ആദ്യകാലത്തെ എതിർപ്പുകാരുടെ പിന്മുറക്കാരൊക്കെ ഇന്ന് ഈ വിശുദ്ധീകരണപ്രക്രിയയുടെ പങ്കാളികളാണെന്നത് കൗതുകകരം മാത്രമല്ല, ആശ്വാസകരം കൂടിയാണ്.

എന്താണ് രാമായണത്തിന്റെ പ്രസക്തി? അതു പ്രാചീനമായ ഒരു ഇതിഹാസം മാത്രമല്ല. ഒരു രാഷ്ട്രത്തിന്റെയും ജനതയുടെയും സാംസ്കാരികമഹത്ത്വത്തിന്റെ ആകരവും പ്രതീകവും കൂടിയാണത്. ആർഷസംസ്കാരത്തിന്റെ വേരുകൾ ആ ഇതിഹാസകഥയിലാണു കണ്ടെത്തേണ്ടത്. ഇന്ത്യൻ ജനതയുടെ ജീവിതവീക്ഷണത്തെയും മൂല്യബോധത്തെയും രൂപപ്പെടുത്തുകയും ശക്തിപ്പെടുത്തുകയും ചെയ്തുകൊണ്ട് രാമായണമെന്ന സാംസ്കാരികഗംഗാപ്രവാഹം ആയിരത്താണ്ടുകളായി ഈ മണ്ണിൽ ഒഴുകി പടർന്നുപോരുന്നു. ഇന്നും അതു തുടർന്നുകൊണ്ടേയിരിക്കുന്നു.

ശ്രീരാമൻ എന്ന ആദർശപുരുഷന്റെ ജീവിതകഥയാണ് രാമായണം. രാമന്റെ അയനം രാമായണം. അയനം സഞ്ചാരമാർഗ്ഗം. ഉത്തമപുരുഷനും മാതൃകാരാജാവുമാണ് രാമൻ. അദ്ദേഹത്തിന്റെ ജീവിതം ഓരോ ഭാരതീയനും മാതൃക. രാജാക്കന്മാരിൽ ഏറ്റവും മഹാൻ രാമൻ (നരപേഷു രാമഃ) എന്നൊരു പ്രശസ്തി ഭാരതത്തിൽ പണ്ടുമുതലേ പ്രചാരത്തിലുണ്ട്.

മാതൃകാരാജാവു മാത്രമല്ല രാമൻ. അദ്ദേഹം മാതൃകാ ഭർത്താവും പുത്രനും സഹോദരനും കൂടിയാണ്. അദ്ദേഹത്തെപ്പോലെയേ ഒരാൾക്കു നല്ല ഭർത്താവായിരിക്കാൻ കഴിയൂ. അച്ഛനെ അനുസരിക്കുന്ന പുത്രനായിരിക്കാനാവൂ. സഹോദരങ്ങളെ സ്നേഹിക്കുന്ന സഹോദരനായിരിക്കാൻ കഴിയൂ. അതുപോലെ തന്നെ സീതയും ലക്ഷ്മണനും ഭരതനും ശത്രുഘ്നനുമൊക്കെ. കൈകേയിയും കൗസല്യയും സുമിത്രയും മാതൃകാമാതാക്കൾ. ദശരഥൻ മാതൃകാപിതാവും.




ശ്രീരാമൻ എന്നും സത്യത്തിന്റെ പക്ഷത്താണ്. പിതാവിന്റെ വാക്കുപാലിക്കാൻ രാജ്യം സഹോദരനു വിട്ടുകൊടുത്തു. പതിന്നാലു വർഷത്തെ വനവാസം സ്വീകരിച്ചു. അധർമ്മത്തിന്റെ മൂർത്തിമദ്ഭാവമായ രാവണനെ സംഹരിച്ചു. സീതയെ വീണ്ടെടുത്തു. പക്ഷേ, മറ്റൊരു നിർണായകഘട്ടത്തിൽ ജനാഭിപ്രായം മാനിച്ചുകൊണ്ട് സീതയെ പരിത്യജിച്ചു. ശിഷ്ടജീവിതം മുഴുവൻ ധർമ്മപത്നിയെ ഹൃദയത്തിൽ പ്രതിഷ്ഠിച്ചുകൊണ്ടു വിഭാര്യനായിക്കഴിഞ്ഞു. യജ്ഞപൂർത്തിക്കു ഭാര്യാസാന്നിധ്യം അനിവാര്യമാണെന്നുവന്നപ്പോൾ മറ്റൊരു സ്ത്രീയെ സ്വീകരിക്കാതെ സീതയുടെ കാഞ്ചനപ്രതിമയുണ്ടാക്കി പകരം വച്ചു!

ഒന്നാലോചിച്ചാൽ കോസലരാജ്യാധിപതിയായ ശ്രീരാമന്റെ ജീവിതം ഒരു നീണ്ട സ്വയംപീഡനത്തിന്റെ കഥയാണ്. അദ്ദേഹം എന്നും മറ്റുള്ളവരുടെ ഇഷ്ടം മാനിച്ചു. സ്വന്തം ഇഷ്ടങ്ങൾ പരിത്യജിച്ചു. നിരന്തരദുഃഖങ്ങളുടെ ഉലയിൽ നീറിത്തെളിഞ്ഞ ഒരു പവിത്രജീവിതമായിരുന്നു ശ്രീരാമന്റേത്. അതുകൊണ്ടാണ് ആ ജീവിതകഥ എന്നും എല്ലാവർക്കും ആത്മവിശുദ്ധീകരണത്തിനുള്ള ഉപാധിയായി പരിണമിച്ചത്.

എന്നാണ് ശ്രീരാമനും സീതയുമൊക്കെ ജീവിച്ചിരുന്നത്? ത്രേതായുഗത്തിൽ എന്നാണു മറുപടി. അതൊക്കെ കടങ്കഥപോലെയുള്ള കാലഗണന. പക്ഷേ, ഒന്നു തീർത്തു പറയാം: എന്നെങ്കിലും അങ്ങനെയൊരു മഹാരാജാവ് ഇവിടെ ജീവിക്കുകയും ജനരക്ഷ നിർവഹിക്കുകയും ചെയ്തിട്ടുണ്ട്. രാമായണകാവ്യകാരന്മാരുടെ ആഖ്യാനമനുസരിച്ച് അദ്ദേഹം ജീവിച്ചിരുന്നത് അയോധ്യയിലാണ്. കോസലരാജ്യത്തിന്റെ തലസ്ഥാനനഗരം. അയോധ്യയെ ചുറ്റിയൊഴുകുന്ന സരയൂനദിയിലാണദ്ദേഹം സമാധിയടഞ്ഞത്.

രാമായണം ആദികാവ്യം എന്നറിയപ്പെടുന്നു. അതെഴുതിയ വാല്മീകി മഹർഷി ആദികവിയും. വാല്മീകിയുടെ ജീവിതകാലം ബി.സി. മൂന്നാം നൂറ്റാണ്ടാണെന്നു ഗവേഷകന്മാർ പറയുന്നു. ബി.സി.ആറാം നൂറ്റാണ്ടുമുതലേ രാമകഥ പ്രചാരത്തിലുണ്ടായിരുന്നത്രേ. അതൊരു സമഗ്ര ഇതിഹാസരചനയായി രൂപപ്പെടുത്തിയത് വാല്മീകിയാണ്. അതുവരെ അതൊക്കെ ഒരുകൂട്ടം കഥകൾ മാത്രമായിരുന്നു.

ശ്രദ്ധേയമായ ഒരു വസ്തുതയുണ്ട്. വാല്മീകിരാമായണത്തിൽ ശ്രീരാമൻ തുടങ്ങിയ കഥാപാത്രങ്ങളൊന്നും അവതാരപുരുഷന്മാരല്ല. അത്തരമൊരു മാറ്റം വരുന്നത് അദ്ധ്യാത്മരാമായണം മുതലാണെന്നു കരുതപ്പെടുന്നു. എ.ഡി. എട്ടാം നൂറ്റാണ്ടിലാണ് അദ്ധ്യാത്മരാമായണത്തിന്റെ രചനയെന്നാണു പൊതുധാരണ. അതല്ല, പതിന്നാലാം നൂറ്റാണ്ടിലാണെന്നും വാദമുണ്ട്. അതെന്തായാലും അദ്ധ്യാത്മരാമായണത്തോടെ രാമായണകഥ ജനമനസ്സുകളിൽ കുറെക്കൂടി ആഴത്തിൽ പതിഞ്ഞു. രാമഭക്തിയും ശ്രീരാമാരാധനയും



ഫാ. കമിൽ ബുൽക്കെ

പ്രചാരത്തിലായി. വാല്മീകി പകർന്നുനല്കിയ രാജനീതിക്കും മാനവസാഹോദര്യത്തിനും കൂടുതൽ ദാർഢ്യം ലഭിച്ചു.

1982 ലാണ് രാമായണമാസാചരണത്തിനു തുടക്കമായത് എന്നു പറഞ്ഞല്ലോ. ആ വർഷത്തിനു മറ്റൊരു യാദൃച്ഛികതകൂടിയുണ്ട്. രാമായണത്തെക്കുറിച്ചുള്ള എക്കാലത്തെയും വിശിഷ്ടമായ പഠനഗ്രന്ഥം രാമകഥയുടെ ഉത്പത്തിയും വികാസവും തയ്യാറാക്കിയ ഫാദർ കമിൽ ബുൽക്കെ നിര്യാതനായതും ആ വർഷമാണ്, ഓഗസ്റ്റ് 17 ന്.

ഫാദർ കമിൽ ബുൽക്കെ (1909–1982)യുടെ ജനനം ബൽജിയത്തിലാണ്. സിവിൽ എഞ്ചിനീയറിംഗിൽ ലുറെയിൽ സർവകലാശാലയിൽനിന്നു ബിരുദം നേടിയശേഷം ഈശോസഭയിൽ ചേർന്ന അദ്ദേഹം 1935 ൽ ഇന്ത്യയിലെത്തി. 1941 ൽ വൈദികനായി. ഇന്ത്യയുടെ സംസ്കാരവും സാഹിത്യവും അദ്ദേഹത്തെ ആശ്ചര്യഭരിതനാക്കി. മഹത്തായ ഈ സംസ്കാരപാരമ്പര്യം വിസ്മരിച്ച് അഭ്യസ്തവിദ്യർപോലും ഇംഗ്ലീഷ് സംസ്കാരത്തിനു പിന്നാലെ പോകുന്നത് അദ്ദേഹത്തിനു ശോചനീയമായി ത്തോന്നി.

ഹിന്ദിഭാഷ ഔദ്യോഗികമായി പഠിച്ചു യോഗ്യത നേടിയ അദ്ദേഹം 1949 ൽ റാഞ്ചി സെന്റ് സേവ്യേഴ്സ് കോളജിൽ ഹിന്ദി വിഭാഗം മേധാവിയായി ഔദ്യോഗികജീവിതത്തിൽ പ്രവേശിച്ചു. 'രാമകഥ ഉദ്ഭവവും വികാസവും' എന്ന വിഷയത്തിൽ അലഹബാദ് സർവകലാശാലയിൽനിന്നു ഡോക്ടറേറ്റു നേടി. അത്ര വിഷയത്തിൽത്തന്നെ വിപുലമായ ഗവേഷണപഠനം നടത്തി ഡി.ഫിൽ കരസ്ഥമാക്കി. 1951 ൽ ഇന്ത്യൻ പൗരത്വം സ്വീകരിച്ചു. ബൈബിൾ ഹിന്ദിയിലേക്കു വിവർത്തനം ചെയ്തു. സുവിശേഷങ്ങളെ ആധാരമാക്കി 'മുക്തിദാതാ' എന്ന പേരിൽ യേശുവിന്റെ ജീവിതകഥ തയ്യാറാക്കി. നാല്പതിനായിരത്തിലധികം വാക്കുകളുള്ള ഇംഗ്ലീഷ് – ഹിന്ദി – നിഘണ്ടുവും പ്രസിദ്ധീകരിച്ചു. ഇന്ന് ഹിന്ദി മേഖലയിൽ വ്യാപകമായി ഉപയോഗിക്കപ്പെടുന്നത് ഈ നിഘണ്ടുവാണ്.

രാമകഥയുടെ മഹാപ്രപഞ്ചത്തിലേക്ക് അദ്ദേഹം കടന്നുചെല്ലുന്നത് തുളസീദാസിന്റെ 'രാമചരിതമാനസ'ത്തിലൂടെയാണ്. യേശുവിന്റെ പ്രബോധനങ്ങളും രാമചരിതമാനസത്തിലെ നൈതികമൂല്യങ്ങളും താരതമ്യം ചെയ്യുന്ന ഒരു പഠനവും ബുൽക്കെയുടേതായിട്ടുണ്ട്.

ഇന്ത്യൻ ഭാഷകളിലും ചില ഏഷ്യൻ ഭാഷകളിലും പ്രചാരത്തിലുള്ള രാമകഥാപാഠങ്ങൾ മുഴുവൻ ശേഖരിച്ചു താരതമ്യം ചെയ്തു തയ്യാറാക്കിയ രാമകഥാപഠനം ഇതിഹാസമാനമുള്ള മഹത്തായ ഗവേഷണഗ്രന്ഥമാണ്. നാളിതുവരെ ഒരു ഇന്ത്യൻ പണ്ഡിതനും എത്തിച്ചേരാൻ കഴിയാത്ത മേഖലകളിലൂടെ ഈ ഈശോസഭാവൈദികൻ നടത്തിയ സാഹസികമായ അന്വേഷണയജ്ഞം ഇന്ത്യൻ ഭാഷകളിലും ഇംഗ്ലീഷിലും ഉണ്ടായ എക്കാലത്തെയും മഹത്തായ രാമായണപഠനത്തിനു രൂപം നല്കി.

ഈ സംഭാവനയുടെ അടിസ്ഥാനത്തിൽ ഇന്ത്യാഗവണ്മെന്റ് 1974 ൽ പത്മഭൂഷൺ നല്കി ആദരിച്ചു. രാമായണത്തിന്റെ മഹത്ത്വം ഫാദർ കമിൽ ബുൽക്കെയെപ്പോലെ മറ്റാരും ഇത്ര സമഗ്രമായി ഉൾക്കൊള്ളുകയും ആവിഷ്കരിക്കുകയും ചെയ്തിട്ടില്ല.

■

## പ്രളയദുരന്തവും മുല്ലപ്പെരിയാറും

# അധികാരികൾ ഉറങ്ങുകയാണോ?



തോമസ് കുഴിഞ്ഞാലിൽ

**ക**ഴിഞ്ഞ രണ്ടു കൊല്ലങ്ങളിലെ കാലവർഷക്കാലത്ത് നമ്മുടെ സംസ്ഥാനം നേരിട്ട ജലപ്രളയങ്ങൾ സൃഷ്ടിച്ച മുറിപ്പാടുകൾ പൂർണമായും ഉണങ്ങുംമുമ്പ് ഈ വർഷത്തെ മഴക്കാലവും ആസന്നമായിരിക്കുന്നു. 1924 ലെ (കൊല്ലവർഷം 1099) പ്രളയത്തിനു സമാനമോ അതിലുമധികം അളവിലോ കുതിച്ചെത്തിയ പ്രളയജലം നൂറുകണക്കിനാളുകളുടെ ജീവനും വസ്തുവകകളും കവർന്നെടുത്തുകൊണ്ടു കടന്നുപോയി. വൃക്ഷങ്ങളെയും പാറക്കൂട്ടങ്ങളെയും കടപുഴക്കിയെറിഞ്ഞു കലിതുള്ളിയെത്തിയ ജലപ്രവാഹം പ്രതിരോധിക്കേണ്ട അണക്കെട്ടുകളും നിറഞ്ഞൊഴുകിയത് ദുരന്തം ഇരട്ടിപ്പിക്കുകയായിരുന്നു. ഇത്തരം വിപത്തുകൾ ആവർത്തിക്കാതിരിക്കാനുള്ള മുൻകരുതലുകളുടെ ഭാഗമായി സംസ്ഥാനദുരന്തനിവാരണസേനയുടെ രൂപീകരണമുൾപ്പെടെ സർക്കാർ സ്വീകരിച്ച നടപടികൾ പ്രശംസനീയവുമാണ്.

എന്നാൽ, മേൽസൂചിപ്പിച്ച രണ്ടു പ്രളയങ്ങളും പ്രത്യേകിച്ച് 2018 ലേത് ഒഴിവാക്കാമായിരുന്നില്ലേയെന്നു വാദിക്കുന്നവരുണ്ട്. പ്രളയകാലത്ത് സംസ്ഥാനത്തെ അണക്കെട്ടുകളിലെ ജലനിരപ്പ് നിശ്ചയിക്കുന്നതിലും കൈകാര്യം ചെയ്യുന്നതിലും ഉത്തരവാദപ്പെട്ടവർ കാട്ടിയ അനവധാനതയാണ് ദുരന്തത്തിന്റെ ആക്കം വർധിപ്പിച്ചതെന്ന് വിമർശകർ വാദിക്കുന്നു. സംസ്ഥാനത്തെ വിവിധ അണക്കെട്ടുകളിലെ അധികജലം ഒരേസമയം തുറന്നുവിട്ടതാണ് ഈ സ്ഥിതിവിശേഷത്തിനു കാരണമായതെന്ന അമിക്കസ് ക്യൂറി അഡ്വ. ജേക്കബ് പി. അലക്സ് ഹൈക്കോടതിയിൽ സമർപ്പിച്ച റിപ്പോർട്ടിന്റെ പിൻബലമാണ് വിമർശകർക്കുള്ളത്.

വൈദ്യുതോത്പാദനത്തിനും ജലസേചനത്തിനും മാത്രമല്ല, പ്രളയത്തോത് നിയന്ത്രിക്കുന്നതിനുംവേണ്ടിക്കൂടിയാണ് അണക്കെട്ടുകൾ പ്രയോജനപ്പെടുത്തേണ്ടതെന്നു ബന്ധപ്പെട്ട വകുപ്പിലെ ഉദ്യോഗസ്ഥർ അറിഞ്ഞിരിക്കേണ്ടതല്ലേ? എന്നാൽ, സംസ്ഥാനത്തെ 79 അണക്കെട്ടുകളിൽ ഒന്നുപോലും പ്രളയജലം തടഞ്ഞുനിർത്തുന്നതിന് ഉപയുക്തമായിരുന്നില്ല. കാരണം, അണക്കെട്ടുകളോടനുബന്ധിച്ചുള്ള എല്ലാ ജലാശയങ്ങളും നിറഞ്ഞുനില്ക്കുന്ന അവസ്ഥയിലായിരുന്നു. കാലാവസ്ഥ മുൻകൂട്ടി പ്രവചിക്കുന്നവരും മഴവെള്ളം അളന്നു തിട്ടപ്പെടുത്തുന്നവരും യഥാസമയം മുന്നറിയിപ്പുകൾ നൽകേണ്ടതും ബന്ധപ്പെട്ട വകുപ്പുതലവന്മാരെ നിജസ്ഥിതി ബോധ്യപ്പെടുത്തേണ്ടതുമായിരുന്നില്ലേ? വൈദ്യുതോത്പാദനത്തിലൂടെ കോടികൾ സമ്പാദിക്കാമെന്ന വ്യാമോഹത്തിൽ ജലാശയങ്ങൾ പരമാവധി നിറച്ചുനിർത്താൻ അധികാരികൾ കാട്ടിയ വ്യഗ്രതയാണ് വലിയ വിപത്തിനു കാരണമായതെന്ന് അമിക്കസ് ക്യൂറിയുടെ റിപ്പോർട്ടിൽ വ്യക്തമായി രേഖപ്പെടുത്തിയിട്ടുണ്ട്.

ഈ മാസം സംസ്ഥാനത്തു പ്രതീക്ഷിക്കുന്ന മഴ കൂടുതൽ നാശം വിതച്ചേക്കാമെന്നാണു സമൂഹമാധ്യമങ്ങൾ വഴിയുള്ള പ്രചാരണം. കൂട്ടത്തിൽ, വളരെ പഴക്കംചെന്ന ഒരണക്കെട്ടു തകർന്ന് ലക്ഷക്കണക്കിനു മനുഷ്യരും മൃഗങ്ങളും ചത്തൊടുങ്ങുമെന്നും. 125 വർഷം പൂർത്തിയാക്കുന്ന മുല്ലപ്പെരിയാർ അണക്കെട്ടാകാം പ്രചാരകന്റെ മനസ്സിലുള്ളത്. കാരണം, ഒരു നൂറ്റാണ്ടിനപ്പുറം കാലപ്പഴക്കമുള്ള മറ്റൊരണക്കെട്ട് നമ്മുടെ രാജ്യത്ത് എവിടെയെങ്കിലും ഉണ്ടോയെന്നു സംശയമുണ്ട്. ചൈനയിലെ ബാങ്കിയാവോ, ഇന്ത്യയിലെതന്നെ ജസ്വന്ത്സാഗർ, മോർവി തുടങ്ങിയ അണക്കെട്ടുകൾ തകർന്നത് കാലപ്പഴക്കത്താൽ ബലക്ഷയം ബാധിച്ചായിരുന്നല്ലോ. 1895 ഒക്ടോബർ 10-ാം തീയതി മുതൽ പ്രവർത്തനസജ്ജമായിരുന്നെങ്കിലും തുടക്കംമുതൽ കണ്ടുതുടങ്ങിയ ചോർച്ചകൾ മുല്ലപ്പെരിയാർ അണക്കെട്ടിന്റെ ബലക്ഷയം തെളിയിക്കുന്നവയായിരുന്നു. 1922 മുതൽ പല ഘട്ടങ്ങളിലായി ചോർച്ചകളടയ്ക്കാനുള്ള പ്രവൃത്തികൾ നടത്തിയിട്ടുള്ളതിനു തെളിവുകളുണ്ട്. 1964 ലെ അറ്റകുറ്റപ്പണികൾക്ക് 500 ടൺ സിമിന്റ് ഉപയോഗിച്ചതായി തമിഴ്നാടു സർക്കാർ വെളിപ്പെടുത്തിയിരുന്നു. പിന്നീട്, ഒരു മീറ്ററിന് 12 ടൺ കോൺക്രീറ്റ് ചെലവു ചെയ്ത് 374 മീറ്റർ ക്യാപ്പിംഗ് നടത്തിയെന്നും, 102 ഉരുക്കുസിലിണ്ടറുകൾ10 അടി ആഴത്തിൽ അടിപ്പാറയിലേക്കു താഴ്ത്തി സിമിന്റിട്ട് ഉറപ്പിച്ചുവെന്നും അവർ പറഞ്ഞിട്ടുണ്ട്.

ബലക്ഷയം ബാധിച്ച, അണക്കെട്ടുകളുടെ ഈ മുത്തശ്ശിക്ക് ഈ പ്രവൃത്തികൾ എത്രമാത്രം പ്രയോജനപ്പെട്ടുവെന്ന് അന്വേഷിക്കാൻ സർക്കാരിനു ബാധ്യതയില്ലേ? കല്ലുകളെ ചേർത്തുവയ്ക്കാൻ ഉപയോഗിച്ച സുർക്കി മിശ്രിതത്തിന്റെ പകുതിയോളം തുടക്കംമുതലുള്ള ചോർച്ചകളിലൂടെ നഷ്ടപ്പെട്ടുവെന്നു തെളിഞ്ഞിട്ടുള്ളതാണ്. 176 അടി പൊക്കമുള്ള അണക്കെട്ടിന്റെ 100 അടി ഉയരത്തിലെത്തുമ്പോൾ രൂപപ്പെട്ടിട്ടുള്ള നെടുനീളത്തിൽ കാണുന്ന വിള്ളൽമൂലം അണക്കെട്ട് ജലഭാഗത്തേക്ക് ഒടിഞ്ഞുനില്ക്കുകയാണെന്ന് റിമോട്ട് ഓപ്പറേറ്റിംഗ് വെഹിക്കിൾ ഉപയോഗിച്ചുള്ള പരീക്ഷണത്തിൽ തെളിഞ്ഞതല്ലേ? മുകൾത്തട്ടിൽ ബോർഹോളുകളുണ്ടാക്കി ഉപകരണങ്ങൾ കടത്തിവിട്ടപ്പോൾ പൊള്ളയായ ഭാഗങ്ങളിലൂടെയാണ് അവ കടന്നുപോയതെന്ന് കണ്ടെത്തിയത് മറന്നുപോയോ? കാട്ടുകല്ലുകൾ അടുക്കിവച്ച ഒരു കൽക്കെട്ടു മാത്രമായി അവശേഷിക്കുന്ന ഈ അണക്കെട്ട് തകർന്നുവീണില്ലെങ്കിലേ അദ്ഭുതപ്പെടാനുള്ളൂ!

അപകടകരമായ നിലയിൽ സ്ഥിതിചെയ്യുന്ന മുല്ലപ്പെരിയാർ അണക്കെട്ടു തകർന്നാലുണ്ടാകാവുന്ന നഷ്ടത്തെക്കുറിച്ച് സർക്കാർ ചിന്തിക്കാത്തതെന്തേ? പെരിയാർ നദിയിലും അതിന്റെ പോഷകനദികളിലുമായി നിർമ്മിച്ചിട്ടുള്ള ഒരു ഡസനിലധികം അണക്കെട്ടുകളും നൂറുകണക്കിനു തടയണകളും തകർന്നാൽ ഒരു കടലോളം വരുന്ന വെള്ളമാണ് കുത്തിയൊഴുകി വരുക. 2018 ലെ മഴക്കാലത്ത് ഏതാനും ഷട്ടറുകൾ തുറന്നപ്പോഴുള്ള വെള്ളപ്പാച്ചിലായിരിക്കില്ല അണക്കെട്ടുകൾ ഒന്നടങ്കം തകരുമ്പോഴുള്ള ജലപ്രവാഹമെന്നും ഓർമ്മിക്കണം.

കാലഹരണപ്പെട്ട ഒരു കരാറിന്മേൽ പണിതുയർത്തിയതാണ് മുല്ലപ്പെരിയാർ ജലസേചനപദ്ധതി. ബ്രിട്ടീഷ്ഇന്ത്യയും തിരുവിതാംകൂർ നാട്ടുരാജ്യവുമായി ചേർന്ന് 29-10-1886 ൽ ഒപ്പുവച്ച 'പെരിയാർ ലീസ് എഗ്രിമെന്റ്' നമ്മുടെ രാജ്യം സ്വതന്ത്രമായതോടെ സ്വാഭാവികമായും റദ്ദായി. അതിനാൽത്തന്നെ, 1970 മേയ് 29-ാം തീയതി സി.അച്യുതമേനോൻ പുതുക്കി നൽകിയ കരാറിനും നിയമസാധുതയില്ലെന്നു തെളിയിക്കാനാകണം. ജലസേചനത്തിനു മാത്രമായി ഉപയോഗിക്കേണ്ട വെള്ളത്തിൽനിന്നു വൈദ്യുതിയുത്പാദിപ്പിക്കാൻ പുതുക്കിയ കരാറിലൂടെ അനുമതി നല്കിയതും ആദ്യകരാറിന്റെ ലംഘനമാണെന്നു വാദിക്കണം.

ബ്രിട്ടീഷ് ഭരണകാലത്തെ എല്ലാ ദീർഘകാലകരാറുകളും 99 വർഷങ്ങളിലേക്കുള്ളതായിരുന്നെങ്കിൽ പെരിയാർ ലീസ് എഗ്രിമെന്റിന്റെ കാലാവധി 999 വർഷങ്ങൾ! ആദ്യകാലാവധി തീരുന്ന എ.ഡി. 2885 ൽ രണ്ടു കക്ഷികളും ചേർന്ന് 999 വർഷങ്ങൾകൂടി കരാർ പുതുക്കിയിരിക്കണമെന്നും വ്യവസ്ഥ ചെയ്തിരിക്കുന്നു! സാമാന്യബുദ്ധിക്കുപോലും നിരക്കാത്ത ഇത്തരം ഒരു കരാർ നിലനില്ക്കുന്നതല്ലെന്നും പരമോന്നത കോടതിയെ ബോധ്യപ്പെടുത്താൻ കഴിയണം. ബ്രിട്ടീഷുകാരുടെ സമ്മർദ്ദത്തെ അതിജീവിച്ച് 24 വർഷത്തോളം കരാറിൽ ഏർപ്പെടാതെ വിട്ടുനിന്ന ശ്രീ വിശാഖം തിരുനാൾ മഹാരാജാവ് അദ്ദേഹത്തിന്റെ വിയോജനക്കുറിപ്പിൽ രേഖപ്പെടുത്തിയതിങ്ങനെ: “എന്റെ ഹൃദയരക്തത്തിൽ മുക്കിയാണ് ഈ കരാറിൽ ഏർപ്പെടാൻ ഞാൻ അനുവാദം നൽകുന്നത്.” വാർഷികപാട്ടത്തുകയായി 40,000 രൂപ വച്ചുനീട്ടിയപ്പോൾ തിരുവിതാംകൂറിനു നഷ്ടമായത് മുല്ലപ്പെരിയാറിലെയും പെരിയാറിലെയും സമൃദ്ധമായ വെള്ളവും 8,100 ഏക്കർ വനഭൂമിയുമായിരുന്നു.

അണക്കെട്ടുകളുടെ ശരാശരി ആയുസ്സ് 75 വർഷമാണെന്നു നിജപ്പെടുത്തിയിട്ടുള്ളപ്പോൾ 125 വർഷം പഴക്കമുള്ള മുല്ലപ്പെരിയാർ അണക്കെട്ട് നിലനിർത്തിയിരിക്കുന്നത് എന്തടിസ്ഥാനത്തിലാണ്? ഇത് 100 വർഷംകൂടി തകരാതെ നില്ക്കും എന്നു രേഖപ്പെടുത്തിയ ഉന്നതാധികാരസമിതിയംഗം റിട്ട. ജസ്റ്റീസ് കെ.ടി. തോമസിനെ പിന്തുണച്ച് സംസ്ഥാനമുഖ്യമന്ത്രി നടത്തിയിട്ടുള്ള പ്രസ്താവന സംസ്ഥാന താത്പര്യങ്ങൾക്കു നിരക്കുന്നതായിരുന്നോ? 'ഗൈഡ് ലൈൻസ് ഫോർ സേഫ്റ്റി ഓഫ് ഡാംസ്' നിഷ്കർഷിച്ചിട്ടുള്ള നിബന്ധനകൾ നടപ്പാക്കാൻ സർക്കാർ ബാധ്യസ്ഥരല്ലേ? അതിൻപ്രകാരം നിയോഗിക്കപ്പെടുന്ന ഒരു അന്താരാഷ്ട്രവിദഗ്ധസമിതി അണക്കെട്ടിന്റെ ബലക്ഷയത്തെക്കുറിച്ചു പഠിക്കണമെന്നും ഡാം ഡീ കമ്മീഷൻ ചെയ്യുന്ന തീയതി നിശ്ചയിക്കണമെന്നുമാവശ്യപ്പെട്ട് ആലുവ സ്വദേശിയായ അഡ്വ. റസൽ ജോയി സുപ്രീംകോടതിയിൽ സമർപ്പിച്ച ഹർജിയെ സർക്കാർ പിന്തുണയ്ക്കാതിരുന്നത് എന്തുകൊണ്ട്? അണക്കെട്ടു തകർന്നാൽ, ജനങ്ങളുടെ ജീവനും സ്വത്തിനും വസ്തുക്കൾക്കും ജീവജാലങ്ങൾക്കും സംസ്ഥാനത്തെ പ്രകൃതിക്കുതന്നെയും സംഭവിച്ചേക്കാവുന്ന സഹസ്രകോടികളുടെ നഷ്ടം തമിഴ്നാട് സർക്കാർ നൽകേണ്ടിവരും എന്നും റസൽ ജോയി വാദിച്ചു. അദ്ദേഹത്തിന്റെ വാദഗതികൾ സശ്രദ്ധം നിരീക്ഷിച്ച പരമോന്നതനീതിപീഠത്തിന്റെ ചോദ്യം ഇവിടെ ആവർത്തിക്കാൻ ആഗ്രഹിക്കുന്നു: “125 വർഷം പഴക്കമുള്ള, ബലക്ഷയം ബാധിച്ച ഈ അണക്കെട്ടിന്റെ അടിയിൽകിടന്ന് നിങ്ങൾ ഉറങ്ങുകയാണോ? കേന്ദ്ര-തമിഴ്നാട്-കേരളസർക്കാരുകൾ അവസരത്തിനൊത്ത് ഉയരാത്തത് എന്തുകൊണ്ട്?”



# കൈനീട്ടി സംസ്ഥാനങ്ങൾ കൈമലർത്തി കേന്ദ്രം



പ്രിൻസ്‌രാജ്

ഇന്ത്യ കൊറോണയുടെ പിടിയിലായിട്ട് ആറുമാസം പിന്നിട്ടിരിക്കുന്നു. അതിൽ ഭാഗികലോക്ഡൗണും സമ്പൂർണലോക്ഡൗണും പ്രാദേശികഅടച്ചുപൂട്ടലുമൊക്കയായി നാലു മാസത്തിലേറെയാണു കവർന്നത്. അതിനർത്ഥമാകട്ടെ, കഴിഞ്ഞ അരവർഷക്കാലയളവിന്റെ മുക്കാൽ പങ്കും രാജ്യത്തെ സാമ്പത്തികരംഗം സ്തംഭനാവസ്ഥയിലായിരുന്നുവെന്നും. ബാക്കിയുള്ള സമയമാകട്ടെ വൈറസ് ഭീതിമൂലം വലിയൊരു വിഭാഗം പഴയപടി ഷോപ്പിംഗ് നടത്താനോ പുറത്തിറങ്ങാൻപോലുമോ മടിച്ചു. രോഗപ്രതിരോധത്തിന്റെ ഭാഗമായി ചിന്തിക്കുമ്പോൾ അതു നല്ലതുതന്നെ. എന്നാൽ, അതിന്റെ ഫലമോ? പെട്ടിക്കടമുതൽ വൻകിട ഷോപ്പിംഗ് മാളുകൾവരെ 'അടച്ചിടുന്നതിനൊക്കുമേ തുറന്നിരിക്കിലും' എന്ന അവസ്ഥയിലുമായി. യാത്രാനിയന്ത്രണം ഉള്ളതിനാൽ ഇന്ധനവില്പനയിലും സാരമായ ഇടിവുണ്ടായി.

അവശ്യവസ്തുക്കൾ ഉൾപ്പെടെ ഒട്ടുമിക്കവയുടെയും വില്പന ഇടിഞ്ഞതിനാലും സംസ്ഥാനാന്തര ചരക്കുനീക്കം തടസ്സപ്പെട്ടതിനാലും വ്യവസായശാലകളും ഹോട്ടലുകളും റിസോർട്ടുകളും സിനിമാശാലകളുമുൾപ്പെടെ സർവ്വതും അടച്ചുപൂട്ടിയതിനാലും നികുതിവരുമാനത്തിൽ ഭീമമായ കുറവുണ്ടായി. അത് ആർക്കും മനസ്സിലാകുന്ന യാഥാർത്ഥ്യം. രാജ്യത്തിന്റെ സാമ്പത്തികരംഗത്തുണ്ടായ പ്രസ്തുത സ്തംഭനാവസ്ഥയുടെ പ്രത്യാഘാതങ്ങൾ പൂർണതോതിൽ പ്രത്യക്ഷമാകാനിരിക്കുന്നതേയുള്ളൂ എന്നതു മറ്റൊരു പരമാർത്ഥം. അതിന്റെ അനുരണനങ്ങൾ ഉയർന്നുവരാൻ തുടങ്ങി. അതിലൊന്നാണ് ജി.എസ്.ടി. നഷ്ടപരിഹാരം സംബന്ധിച്ചുള്ളത്.

വാല്യു ആഡഡ് ടാക്സ് എന്ന 'വാറ്റി'നു വിരാമംകുറിച്ച്, ഗുഡ്സ് ആൻഡ് സർവ്വീസ് ടാക്സ് എന്ന ജി.എസ്.ടി.യിലേക്കു രാജ്യത്തെ നികുതിസംവിധാനം മാറിയത് 2017 ജൂലൈ ഒന്നുമുതലാണല്ലോ. ആ നടപടിയിലൂടെ സംസ്ഥാനങ്ങളുടെ നികുതിവരുമാനത്തിൽ ഉണ്ടായേക്കാവുന്ന കുറവ് കേന്ദ്രം നികത്തുമെന്നായിരുന്നു തീരുമാനം. അതു സംബന്ധിച്ചു നിയമനിർമ്മാണവും നടത്തി. അതാണ് 'ജി.എസ്.ടി. കോംപെൻസേഷൻ ആക്ട്'. 2022 ഫെബ്രുവരിവരെയുള്ള അഞ്ചുവർഷക്കാലം ജി.എസ്.ടി. നഷ്ടപരിഹാരം നൽകും എന്നാണ് അതിൽപ്പറയുന്നത്. കാലതാമസം എന്ന സംസ്ഥാനങ്ങളുടെ ആക്ഷേപമൊഴിച്ചാൽ കഴിഞ്ഞ മൂന്നു വർഷമായി കാര്യമായ മറ്റു പരാതികളില്ലാതെ ഈ സംവിധാനം മുന്നോട്ടുപോവുകയായിരുന്നു. പക്ഷേ, കൊറോണ കാര്യങ്ങൾ തകിടംമറിച്ചു. കേന്ദ്രസർക്കാരിന്റെ കണക്കുകൂട്ടലുകൾ പാടേ പാളി.

നിയമനിർമ്മാണത്തിലൂടെ സംസ്ഥാനസർക്കാരുകൾക്ക് ഉറപ്പുനൽകിയ ജി.എസ്.ടി. നഷ്ടപരിഹാരപാക്കേജ് മുന്നോട്ടു കൊണ്ടുപോകാൻ കഴിയില്ലെന്ന നിലപാടിലാണ് അവർ. അതിനെതിരേ ബിജെപി ഇതരകക്ഷികൾ ഭരിക്കുന്ന സംസ്ഥാനങ്ങൾ പ്രത്യക്ഷമായിത്തന്നെ രംഗത്തുവന്നുകഴിഞ്ഞു. അതിൽ ഏറ്റവും രൂക്ഷമായി പ്രതികരിച്ചത് കേരളത്തിന്റെ ധനമന്ത്രി ഡോ. തോമസ് ഐസക്കായിരുന്നു. നിയമനിർമ്മാണംവഴി ഉറപ്പുനൽകിയ ജി.എസ്.ടി. നഷ്ടപരിഹാരത്തിൽനിന്ന് കേന്ദ്രസർക്കാർ പിന്മാറുന്ന പക്ഷം, സുപ്രീംകോടതിയെ സമീപിക്കുമെന്നായിരുന്നു അദ്ദേഹം പറഞ്ഞത്. ഇടതുസർക്കാരിൽനിന്ന് കേന്ദ്രസർക്കാരിനെതിരായി ഉണ്ടായ ഏറ്റവും ശക്തമായ പ്രതികരണമായി അതിനെ വിലയിരുത്താം.




ജി.എസ്.ടി. നഷ്ടപരിഹാരം ലഭിക്കുന്നതിൽ ഉണ്ടാവുന്ന കാലതാമസംപോലും സംസ്ഥാനത്തിന്റെ സാമ്പത്തികസ്ഥിതിയെ സാരമായി ബാധിക്കുന്നുണ്ട്. അപ്പോൾ അത് നിർത്തലാക്കപ്പെടുന്നു എന്ന സ്ഥിതിവിശേഷം ആലോചിക്കാൻപോലും കഴിഞ്ഞെന്നുവരില്ല, സംസ്ഥാനസർക്കാരിന്. ആ യാഥാർത്ഥ്യം മുൻനിർത്തിയുള്ളതായിരുന്നു തോമസ് ഐസക്കിന്റെ വൈകാരികപ്രതികരണമെന്നു വ്യക്തം. ബീഹാർ, പഞ്ചാബ്, മഹാരാഷ്ട്ര തുടങ്ങിയ സംസ്ഥാനസർക്കാരുകളും കേന്ദ്രസർക്കാരിന്റെ കൈമലർത്തലിനെതിരേ രംഗത്തുവന്നു. ജി.എസ്.ടി. നടപ്പാക്കിയതിലൂടെ നികുതിവരുമാനത്തിൽ 45 ശതമാനത്തിന്റെ കുറവാണു സംസ്ഥാനത്തിനുണ്ടായതെന്ന് പഞ്ചാബ് ധനമന്ത്രി പറയുന്നു. നഷ്ടപരിഹാരം നിലയ്ക്കുന്നപക്ഷം സർക്കാർ ജീവനക്കാരുടെ ശമ്പളംപോലും മുടങ്ങുമത്രേ.

പ്രത്യേക സെസ് ചുമത്തി സ്വരൂപിക്കുന്ന ഫണ്ടിൽനിന്നുമാണ് കേന്ദ്രസർക്കാർ സംസ്ഥാനങ്ങൾക്ക് ജി.എസ്.ടി. നഷ്ടപരിഹാരം നൽകിവരുന്നത്. സെസ് പര്യാപ്തമാകുന്നില്ലെങ്കിൽ ബദലായി പലവിധ മാർഗ്ഗങ്ങൾ സംസ്ഥാനസർക്കാരുകൾ മുന്നോട്ടുവച്ചുകഴിഞ്ഞു. അതിലൊന്നാണ് കൂടുതൽ ഉത്പന്നങ്ങളെയും സേവനങ്ങളെയും പരമാവധി ജി.എസ്.ടി. സ്ലാബായ 28 ശതമാനത്തിലേക്ക് ഉയർത്തുകയെന്നത്. അതിസമ്പന്നർ മാത്രം ഉപയോഗപ്പെടുത്തുന്ന ഒട്ടേറെ ഉത്പന്നങ്ങളും സേവനങ്ങളും ഇപ്പോഴും താഴ്ന്ന സ്ലാബിലാണുള്ളത്. നഷ്ടപരിഹാരകാലാവധി അഞ്ചുവർഷത്തിൽനിന്ന് ദീർഘിപ്പിക്കും എന്നതാണു മറ്റൊരു നിർദ്ദേശം. ആ നിർദ്ദേശമാകട്ടെ പരിഗണിക്കാനേ കഴിയില്ലെന്നു ധനകാര്യ കമ്മീഷൻ വ്യക്തമാക്കുകയുണ്ടായി. അതിനിടെ അറ്റോർണി ജനറലിന്റെ ഒരു ഉപദേശവുമെത്തി. നഷ്ടപരിഹാരം നൽകുന്നതിനു സെസ് മതിയാവുന്നില്ലെങ്കിൽ വിപണിയിൽനിന്നു വായ്പയെടുക്കുന്നതിനെക്കുറിച്ച് ജി.എസ്.ടി. കൗൺസിലിന് ആലോചിക്കാവുന്നതേയുള്ളൂ എന്നായിരുന്നു ആ ഉപദേശം. ഭാവിയിൽ ജി.എസ്.ടി. നഷ്ടപരിഹാരഫണ്ടുകിട്ടുമ്പോൾ അതിൽനിന്നു വായ്പ തിരിച്ചടയ്ക്കാമത്രേ. എന്നാൽ, ഭൂരിപക്ഷം സംസ്ഥാനങ്ങളും അത് അംഗീകരിക്കില്ല. കൊറോണ സ്ഥിതിവിശേഷം എന്ന് അവസാനിക്കുമെന്നോ നികുതിവരുമാനം എന്നു പഴയപോലെ ആകുമെന്നോ ഒരു രൂപവുമില്ല. അതുതന്നെ കാരണം.

പ്രശ്നം സാമ്പത്തികമായതുകൊണ്ട് ബിജെപി സംസ്ഥാനസർക്കാരുകൾക്കും കേന്ദ്രനിലപാടിൽ അമർഷം ഉണ്ടെന്നതു വസ്തുത. എന്നാൽ, രാഷ്ട്രീയപരമായ കാരണങ്ങളാൽ അവർ പരസ്യപ്രതികരണം നടത്തുന്നില്ല എന്നു മാത്രം. അടുത്ത ജി.എസ്.ടി. കൗൺസിൽ മീറ്റിങ്ങിൽ വാദപ്രതിവാദങ്ങൾ കനക്കും എന്നു സാരം. കഴിഞ്ഞ മാർച്ചിൽ 13806 കോടി രൂപ കേന്ദ്രസർക്കാർ സംസ്ഥാനങ്ങൾക്കു നഷ്ടപരിഹാരമായി നൽകുകയുണ്ടായി. അതിൽ കേരളത്തിന് 800 കോടി രൂപ ലഭിച്ചു. 2019-2020 സാമ്പത്തികവർഷം 8111 കോടി രൂപയാണ് ആകെ നമ്മുടെ സംസ്ഥാനത്തിനു കരഗതമായത്. ആ കാലയളവിൽ എല്ലാ സംസ്ഥാനങ്ങൾക്കുമായി കേന്ദ്രം വിതരണം ചെയ്തതാവട്ടെ 1.65 ലക്ഷം കോടി രൂപയും. കഴിഞ്ഞ സാമ്പത്തികവർഷവുമായി തട്ടിച്ചുനോക്കുമ്പോൾ അപരിഹാര്യമായ കുറവാണ് ഈ വർഷം ഉണ്ടായിരിക്കുന്നത്. 2019 ലെ ഏപ്രിൽ-ജൂൺ ത്രൈമാസത്തിൽ 3.14 ലക്ഷം കോടി ആയിരുന്നു ജി.എസ്.ടി. വരുമാനം. ഈ വർഷം അതേ കാലയളവിലാകട്ടെ വരുമാനം 1.85 ലക്ഷം കോടിയും. ഇടിവ് 40 ശതമാനത്തോളം. ഇതൊക്കെ വസ്തുതകൾതന്നെ. എന്നാൽ, സംസ്ഥാനങ്ങൾക്കും പ്രാരബ്ധങ്ങളുടെ വലിയ കെട്ടുമാറാപ്പുണ്ട്. അതിനാൽ ഉരലുചെന്ന് മദ്ദളത്തോടു പറയുംപോലെ കേന്ദ്ര-സംസ്ഥാനവാദപ്രതിവാദങ്ങൾ മുന്നേറിയിട്ട് എന്തു പ്രയോജനം? പ്രതിസന്ധി മറികടക്കാനുള്ള പോംവഴി കണ്ടെത്തുന്നതിനു ക്രിയാത്മകസമീപനവും ചിന്തയുമാണ് ആവശ്യം. □

---


**പാട്ടിന്റെ പാലാഴി – 62**

ളാക്കാട്ടൂർ പൊന്നപ്പൻ

**സംഗീതാചാര്യന്മാർ**

## ശ്യാമശാസ്ത്രി

സംഗീതത്രിമൂർത്തികളിൽ ഒരാളാണ് ശ്യാമശാസ്ത്രി. തിരുവാരൂരിൽ 1762-മാണ്ട് ജനനം. വെങ്കട സുബ്രഹ്മണ്യൻ എന്നാണ് യഥാർത്ഥ പേര്. ശ്യാമകൃഷ്ണൻ എന്ന ഓമനപ്പേര് ലോപിച്ച് ശ്യാമശാസ്ത്രിയായി. സംസ്കൃതം, തമിഴ്, തെലുങ്ക് എന്നീ ഭാഷകളിൽ പാണ്ഡിത്യം സമ്പാദിച്ചു. സംഗീതസ്വാമി എന്നൊരു പണ്ഡിതൻ ശ്യാമകൃഷ്ണന്റെ സംഗീതാഭിരുചി മനസ്സിലാക്കുകയും പ്രാഥമിക പാഠങ്ങൾ പഠിപ്പിക്കുകയും ചെയ്തു. സംഗീതസംബന്ധിയായ വളരെ കാര്യങ്ങൾ അദ്ദേഹത്തിൽനിന്നു മനസ്സിലാക്കി. സ്വാമികളുടെ നിർദ്ദേശാനുസരണം പച്ചിമിരിയം ആദിപ്പയ്യ എന്ന സംഗീതജ്ഞന്റെ ശിഷ്യത്വം സ്വീകരിച്ചു. സംഗീതമർമ്മജ്ഞനായ ആദിപ്പയ്യയിൽനിന്ന് ആലാപനത്തിലെ പല ദുരൂഹസംഗതികളും ശ്യാമശാസ്ത്രി ഹൃദിസ്ഥമാക്കി.



പിതാവിന്റെ മരണശേഷം കാഞ്ചീപുരം ക്ഷേത്രത്തിലെ പൂജാരിയായി. താമസിയാതെ ഗായകൻ, വാഗ്ഗേയകാരൻ എന്നീ നിലകളിൽ സുപ്രസിദ്ധനായി. വേണ്ടത്ര സ്വത്തും സുരക്ഷയും തഞ്ചാവൂർ രാജാവിൽനിന്നു ലഭിച്ചു. ത്യാഗരാജനെയും ദീക്ഷിതരെയും പോലെ ദാരിദ്ര്യവും സാമ്പത്തികവിഷമതകളും ശ്യാമശാസ്ത്രിക്കുണ്ടായില്ല. ആയതിനാൽ സംഗീതാധ്യാപനത്തിൽ വലിയ താത്പര്യം ശ്യാമശാസ്ത്രി കാട്ടിയില്ല. ശിഷ്യഗണങ്ങൾ ഉണ്ടെന്നല്ലാതെ ധാരാളംപേർ ഉണ്ടായിരുന്നില്ല. ശാസ്ത്രികളും ത്യാഗരാജസ്വാമികളും സ്നേഹിതരായിരുന്നു. സ്വന്തം കൃതികളെക്കുറിച്ച് അവർ പരസ്പരം ചർച്ചകൾ നടത്തുമായിരുന്നു. ഏറെ സൂക്ഷ്മമായും ഗൗരവത്തോടെയും ആലപിക്കേണ്ടതായ ശാസ്ത്രിയുടെ കൃതികൾ ശിഷ്യന്മാർ വേണ്ടത്ര ഗൗരവത്തോടെ പാടാത്തതു ശ്രദ്ധിച്ച ത്യാഗരാജൻ അവരെ ശകാരിച്ചതായി പറയപ്പെടുന്നു. വളരെ ഗഹനങ്ങളായതും രാഗഭാവം മുറ്റിനില്ക്കുന്നതുമാണ് അദ്ദേഹത്തിന്റെ കൃതികൾ. മുന്നൂറു കൃതികൾ മാത്രമേ അദ്ദേഹം രചിച്ചിട്ടുള്ളൂ. സാവേരി രാഗത്തിലുള്ള 'ജനനീനതജനപാലിനീ' ആയിരുന്നു അദ്ദേഹത്തിന്റെ ആദ്യകൃതി. സ്വരജതികൾ, വർണ്ണങ്ങൾ, കീർത്തനങ്ങൾ എന്നിവ രചനകളിൽപ്പെടുന്നു. മാഞ്ചി, കൽഗഡ, ചിന്താമണി എന്നീ അപൂർവ്വരാഗങ്ങൾ ആദ്യമായി പ്രയോഗിച്ചത് ശ്യാമശാസ്ത്രിയാണ്. ആനന്ദഭൈരവിരാഗവും മിശ്രചാപ്പ്താളവും അദ്ദേഹത്തിനു വലിയ ഹരമായിരുന്നു. 'മരിവേറെഗതി' 'ഓജഗദംബ' 'പാഹിശ്രീ' എന്നീ കൃതികൾ അതിനുദാഹരണമാണ്. മിക്കവാറും കൃതികളിൽ ചിട്ടസ്വരങ്ങൾ ഉണ്ടാകും. മധുരമീനാക്ഷിയെ സ്തുതിച്ചുകൊണ്ട് രചിച്ച 9 കീർത്തനങ്ങൾ നവരത്നമാലികകീർത്തനങ്ങൾ എന്ന പേരിലറിയപ്പെടുന്നു.

സ്വതവേ സമാധാനപ്രിയനും സാത്വികനുമായിരുന്നു ശാസ്ത്രികൾ. ഒരിക്കൽ അഹങ്കാരിയായ ബൊബ്ബിലി കേശവയ്യ എന്നൊരു സംഗീതജ്ഞൻ വിദ്വാന്മാരെ വെല്ലുവിളിച്ചുകൊണ്ട് തഞ്ചാവൂരിലേക്കു വന്നു. തഞ്ചാവൂർ ഭരിച്ചിരുന്ന ശരഭോജി രാജാവ് ശ്യാമശാസ്ത്രിയെ വിളിച്ചുവരുത്തി വിവരം പറഞ്ഞു. രാജസേവയിൽ ഇഷ്ടമില്ലെങ്കിലും ഒരഹങ്കാരിയുടെ ഗർവ്വം ശമിപ്പിക്കാൻ കിട്ടിയ അവസരം ഫലപ്രദമായി വിനിയോഗിച്ചു. ബൊബ്ബിലി പത്തി താഴ്ത്തി സ്ഥലംവിട്ടു. ഇതേ തരത്തിലുള്ള പല കഥകൾ ശാസ്ത്രിയെ സംബന്ധിച്ചുണ്ട്. സംഗീതത്തിനു വേണ്ടി മാത്രം അവസാനകാലം ഉഴിഞ്ഞുവച്ച അദ്ദേഹം 1827-മാണ്ട് ഇഹലോകവാസം വെടിഞ്ഞു. ■

# ദേശീയവിദ്യാഭ്യാസനയം
# പ്രതീക്ഷകളും വെല്ലുവിളികളും

3-ാം പേജ് തുടർച്ച

ഉന്നതവിദ്യാഭ്യാസരംഗത്ത് വലിയ മാറ്റങ്ങളാണ് പുതിയ വിദ്യാഭ്യാസനയം മുന്നോട്ടു വയ്ക്കുന്നത്. സർവ്വകലാശാലകളുടെയും കോളജുകൾ ഉൾപ്പെടെയുള്ള ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളുടെയും ഗുണനിലവാരത്തെ സംബന്ധിക്കുന്ന ധാരാളം പരാമർശങ്ങൾ വിവിധ കമ്മിറ്റികളും ഏജൻസികളും ചർച്ച ചെയ്തിട്ടുള്ളതാണ്. ഒരു ജനാധിപത്യരാജ്യമായ ഇന്ത്യയിൽ ഭരണഘടന വിഭാവനം ചെയ്യുന്ന മൂല്യങ്ങൾ ഏവരിലും വളരുന്ന തരത്തിൽ 21-ാം നൂറ്റാണ്ടിലെ നൈപുണികളും ആർജ്ജിക്കുന്ന ഒരു ഉന്നതവിദ്യാഭ്യാസസമ്പ്രദായമാണ് നമുക്കു വേണ്ടത്. ശാസ്ത്രം, സാമൂഹികശാസ്ത്രം, ഭാഷ, മാനവികവിഷയങ്ങൾ, കല, പ്രൊഫഷണൽ വിദ്യാഭ്യാസം, സാങ്കേതികവിദ്യാഭ്യാസം, തൊഴിലധിഷ്ഠിത വിദ്യാഭ്യാസം എന്നീ മേഖലകളെല്ലാം കൂടിച്ചേർന്ന ഉന്നതവിദ്യാഭ്യാസരംഗം കാലത്തിനനുസരിച്ചു മാറേണ്ടതും ആവശ്യമാണ്. കൂടുതൽ ധാർമ്മിക-സാമൂഹിക-ബൗദ്ധിക-ശാസ്ത്രീയമൂല്യങ്ങളുള്ള ഒരു തലമുറ ഉന്നതവിദ്യാഭ്യാസത്തിലൂടെ സൃഷ്ടിക്കപ്പെടണം. അതിലൂടെ തൊഴിലില്ലായ്മ അടക്കമുള്ള നമ്മുടെ സാമൂഹികപ്രശ്നങ്ങളെ ഫലപ്രദമായി നേരിടാനും കഴിയണം.

പുതിയ വിദ്യാഭ്യാസനയത്തിൽ മൂന്നുതരത്തിലുള്ള ഉന്നതവിദ്യാഭ്യാസസ്ഥാപനങ്ങളെക്കുറിച്ചാണ് പരാമർശിച്ചിരിക്കുന്നത്.

**(I) റിസർച്ച് ഇന്റൻസീവ് യൂണിവേഴ്സിറ്റികൾ**

അധ്യാപനത്തിനു പുറമേ ഗവേഷണത്തിനു കൂടുതൽ ഊന്നൽ നൽകുന്ന ഗുണനിലവാരമുള്ള സർവ്വകലാശാലകളാണ് ഈ വിഭാഗത്തിലുള്ളത്. 5000 നും 25000 നും അല്ലെങ്കിൽ അതിനു മുകളിലും വിദ്യാർത്ഥികൾ ചേരുന്ന സർവകലാശാലകളുടെ ഗണത്തിലേക്ക് 150-300 ഉന്നത വിദ്യാഭ്യാസസ്ഥാപനങ്ങൾ ഈ വരുന്ന രണ്ടു പതിറ്റാണ്ടുകൾക്കുള്ളിൽ സൃഷ്ടിക്കുക എന്ന ഉദ്യമം വിദ്യാഭ്യാസനയം മുന്നോട്ടുവയ്ക്കുന്നു. പിഎച്ച്.ഡി, മാസ്റ്റേഴ്സ്, പ്രൊഫഷണൽ കോഴ്സുകൾ എന്നിവ കൂടാതെ യു.ജി. കോഴ്സുകളും നൽകാൻ ഇത്തരം യൂണിവേഴ്സിറ്റികൾക്ക് അനുവാദമുണ്ടായിരിക്കും.

**(II) ടീച്ചിങ് യൂണിവേഴ്സിറ്റികൾ**

വിവിധ വിഷയങ്ങളിലുള്ള അധ്യാപനത്തിന് കൂടുതൽ ഊന്നൽ നൽകുന്ന ഇത്തരം സർവ്വകലാശാലകൾ യു.ജി. കോഴ്സുകൾ, മാസ്റ്റേഴ്സ്, ഡോക്ടറൽ, പ്രൊഫഷണൽ, വൊക്കേഷണൽ, സർട്ടിഫിക്കറ്റ്, ഡിപ്ലോമ കോഴ്സുകൾ എന്നിവയും നൽകാൻ അനുവാദമുള്ള സർവ്വകലാശാലകൾ ആയിരിക്കും. 2035 ഓടെ യൂണിവേഴ്സിറ്റികളിൽ അഫിലിയേറ്റ് ചെയ്ത് പ്രവർത്തിക്കുന്ന കോളജുകൾ ഉണ്ടായിരിക്കില്ല. യൂണിവേഴ്സിറ്റികൾ തന്നെ അവരുടെ കാമ്പസുകളിൽ കോഴ്സുകൾ നടത്തണം.

**(III) ഓട്ടോണമസ് ഡിഗ്രി ഗ്രാൻഡിങ് കോളജുകൾ**

ഡിഗ്രി, ഡിപ്ലോമ, സർട്ടിഫിക്കറ്റ് കോഴ്സുകൾ നടത്തുന്നവയാണ് ഇത്തരം സ്ഥാപനങ്ങൾ. പ്രൊഫഷണൽ കോഴ്സുകളും തൊഴിലധിഷ്ഠിതപരിശീലനക്കോഴ്സുകളും ഇത്തരം സ്ഥാപനങ്ങൾക്കു നടത്താം. 2025 ഓടെ ഏതെങ്കിലും സർവ്വകലാശാലയിൽ അഫിലിയേറ്റ് ചെയ്തിരിക്കുന്ന കോളജുകളുടെ എണ്ണം 300 ൽ കവിയാൻ പാടില്ല. അതായത്, ഘട്ടംഘട്ടമായി അഫിലിയേറ്റഡ് കോളജ് സംവിധാനം നിർത്തലാവുകയും 2035 ഓടെ ഈ സ്ഥാപനങ്ങളെല്ലാം സ്വയംഭരണ ഡിഗ്രി ഗ്രാൻഡിങ് കോളജുകളാവുകയും ചെയ്യും. 2040 ഓടെ മുഴുവൻ സ്ഥാപനങ്ങളും ബഹുവിഷയങ്ങൾ കൈകാര്യം ചെയ്യുന്ന സ്ഥാപനങ്ങളാകും.

നിലവിലുള്ള കല്പിത സർവ്വകലാശാലകൾ, അഫിലിയേറ്റിംഗ് യൂണിവേഴ്സിറ്റികൾ എന്നിവയെല്ലാം 'യൂണിവേഴ്സിറ്റികൾ' എന്ന പേരിലാകും. ടീച്ചിങ് യൂണിവേഴ്സിറ്റികൾ, റിസേർച്ച് ഇന്റൻസീവ് യൂണിവേഴ്സിറ്റികളാകാനും, ഓട്ടോണമസ് ഡിഗ്രി ഗ്രാൻഡിങ് കോളജുകൾ കാലക്രമേണ ടീച്ചിങ് യൂണിവേഴ്സിറ്റികൾ ആകാനും റിസർച്ച് ഇന്റൻസീവ് യൂണിവേഴ്സിറ്റികളാകാനും ശ്രമിക്കണം. അഞ്ചു വർഷത്തിനുള്ളിൽ എല്ലാ ജില്ലകൾക്കും മേൽപ്പറഞ്ഞ ഏതെങ്കിലും ഒരു ഉന്നതവിദ്യാഭ്യാസസ്ഥാപനമെങ്കിലുമുണ്ടായിരിക്കണം. ഉന്നതവിദ്യാഭ്യാസമേഖലയിലെ എൻറോൾമെന്റ് റേഷ്യോ 50% ഉയർത്തണം. ഓപ്പൺ ലേണിംഗ്, വിദൂരവിദ്യാഭ്യാസം എന്നിവയ്ക്കും പ്രാധാന്യം ഈ വിദ്യാഭ്യാസനയം എടുത്തുപറയുന്നുണ്ട്.

ഉന്നതവിദ്യാഭ്യാസരംഗത്ത് ലിബെറൽ ആർട്സ്, ബഹുവിഷയ കോഴ്സുകൾ, ഇന്റഗ്രേറ്റഡ് പ്രോഗ്രാമുകൾ എന്നിവയ്ക്കു പ്രാധാന്യം നൽകുന്നു. ഗവേഷണകാര്യങ്ങൾക്കു മാർഗ്ഗനിർദ്ദേശം നൽകുന്ന സ്വയംഭരണസംവിധാനമായ നാഷണൽ റിസർച്ച് ഫൗണ്ടേഷൻ (എൻ.ആർ.എഫ്.)രൂപീകരിക്കാനും ശാസ്ത്രം, സാങ്കേതികം, സാമൂഹ്യശാസ്ത്രം, കല, മാനവികവിഷയങ്ങൾ എന്നിങ്ങനെ തരംതിരിച്ച് എൻഎഎഫിന്റെ പ്രവർത്തനം കാര്യക്ഷമമാക്കാനും ഗവേഷണ സാമ്പത്തികസഹായം നൽകാനും പദ്ധതി രൂപീകരിക്കും.

അധ്യാപകവിദ്യാഭ്യാസരംഗത്ത് വളരെയധികം മാറ്റങ്ങളാണ് ഇന്ന് ഉദ്ദേശിക്കുന്നത്. 2030 ഓടെ നാലുവർഷത്തെ ഇന്റഗ്രേറ്റഡ് ബി.എഡ്. കോളജ് അധ്യാപകനിയമനത്തിനുള്ള യോഗ്യതയായി തീരും. നിലവിൽ പ്രത്യേക വിഷയങ്ങളിൽ ബിരുദമുള്ളവർക്ക് രണ്ടുവർഷ ബി.എഡ്. കോഴ്സിന് അർഹതയുണ്ട്. നാലുവർഷത്തെ മൾട്ടിഡിസിപ്ലിനറി ബിരുദമുള്ളവർക്കും ബിരുദാനന്തരബിരുദമുള്ളവർക്കും ഒരു വർഷ ബി.എഡ്. കോഴ്സ് പഠിക്കാം. ഭിന്നശേഷിക്കാരെ പഠിപ്പിക്കുന്ന അധ്യാപകർ, താഴ്ന്ന സ്റ്റേജിൽനിന്ന് ഉയർന്ന സ്റ്റേജിലേക്കു മാറുന്ന അധ്യാപകർ എന്നിവർക്ക് ഹ്രസ്വകാല അധ്യാപകപരിശീലനകോഴ്സ് ചെയ്യാം.

നിലവിലുള്ള രണ്ടുവർഷ ബി.എഡ്. കോഴ്സ് 2030 ഓടെ അവസാനിക്കും. അധ്യാപകർ ഓരോ വർഷവും 50 മണിക്കൂറെങ്കിലും പരിശീലനപരിപാടികളിൽ പങ്കെടുക്കണം. മികച്ച പ്രവർത്തനം കാഴ്ച വയ്ക്കുന്ന അധ്യാപകർക്ക് കൂടുതൽ ശമ്പളം എന്ന ആശയം പുതിയ നയത്തിലുണ്ട്. സ്ഥാനക്കയറ്റവും ശമ്പളഘടനയും മികവിന്റെയും ഗുണനിലവാരത്തിന്റെയും അടിസ്ഥാനത്തിലാക്കും. താത്കാലിക അധ്യാപകരുടെ നിയമനം കുറയ്ക്കും. സംസ്ഥാനസർക്കാരുകൾ അധ്യാപകരുടെ മികവിന്റെ മാനദണ്ഡങ്ങൾ തയ്യാറാക്കുകയും നടപ്പിലാക്കുകയും ചെയ്യണം.

ദേശീയ വിദ്യാഭ്യാസനയം രൂപീകരിക്കുന്നതിൽ മുഖ്യപങ്കുവഹിച്ച ഡോ. കെ. കസ്തൂരിരംഗൻ മുന്നോട്ടുവച്ച അഭിഗമ്യത (access), സമത(equity), തുല്യത(equality), പ്രാപ്തി (affordability), ഉത്തരവാദിത്വം (responsibility) എന്നിവ നിറവേറ്റാൻ, പ്രത്യേകിച്ചു ബഹുസംസ്കാരശൈലിയുള്ള നമ്മുടെ രാജ്യത്ത് ഏറെ വെല്ലുവിളികളുണ്ട്. സാമ്പത്തികമായ ഒരുക്കം പുതിയ വിദ്യാഭ്യാസപദ്ധതിക്കായി മാറ്റിവയ്ക്കേണ്ടതുണ്ട്. എയ്ഡഡ് അടക്കമുള്ള വിദ്യാഭ്യാസമേഖലയുടെ ഭാവി ചർച്ച ചെയ്യുകയും അനുഭാവപൂർവ്വം പ്രശ്നപരിഹാരം നടത്തുകയും വേണം. രാഷ്ട്രീയ-ജാതി-മത ചിന്തകൾക്കതീതമായി കെട്ടുറപ്പുള്ള, ഗുണനിലവാരമുള്ള വിദ്യാഭ്യാസം നൽകുന്ന ഏജൻസികളുടെ അഭിപ്രായങ്ങളും ആശയങ്ങളും ഗൗരവത്തോടെ കണക്കിലെടുക്കണം. കൂടുതൽ സ്വകാര്യവത്കരണം കുട്ടികളുടെയും മാതാപിതാക്കളുടെയും പ്രാപ്തിക്ക് അപ്പുറമാവരുത്. പൊതുവിദ്യാഭ്യാസം സംരക്ഷിക്കപ്പെടണം. വൈവിധ്യമാർന്ന വിദ്യാഭ്യാസസ്ഥാപനങ്ങളും അവയുടെ നടത്തിപ്പിലുള്ള ഭരണകൂടത്തിന്റെ അമിത ഇടപെടലുകളും സ്വകാര്യപങ്കാളിത്തത്തോടെ കൂടുതൽ സ്വകാര്യവത്കരണപ്രവണതകളും വരുത്തുന്ന പ്രത്യാഘാതങ്ങൾ ഗൗരവമായി ചർച്ച ചെയ്യുകയും പ്രശ്നപരിഹാരം കാണുകയും വേണം.

വളരെ വിശദമായ ചർച്ചകൾക്കും സംവാദങ്ങൾക്കും വിഷയമാവേണ്ടതാണ് പുതിയ വിദ്യാഭ്യാസനയം. ആശങ്കകളും ആകുലതകളും പരിഹരിക്കുന്നതോടൊപ്പം നല്ല നാളേക്കായി ഏവരും കൈപിടിച്ചു മുന്നേറുകയും വേണം. എഡ്യുക്കേഷൻ ഫോർ ഓൾ (ഇ എഫ് എ)എന്ന ലക്ഷ്യം പ്രാവർത്തികമാക്കുമ്പോൾ ഗുണനിലവാരമുള്ള വിദ്യാഭ്യാസം, നല്ല ആരോഗ്യം, പരിഗണന, മൂല്യാധിഷ്ഠിത വളർച്ച, ദേശീയത, മാനവികത, ആത്മീയത എന്നിവയെല്ലാം ഉൾച്ചേർന്ന് ശുഭമായ ഭാവി ഉണ്ടാകാൻ ഭരണകൂടമടക്കം ഏവരും ശ്രമിക്കേണ്ടതാണ്. ■

---

കവിത **ജോസ് പോളയ്ക്കൻ**

## അംബികേ സ്വസ്തി!

(കുട്ടനാടൻ പുഞ്ചയിലെ..... എന്ന മട്ട്)

ജന്മപാപപങ്കലേശമേശിടാതെ ജന്മമാർന്ന
കന്യാമേരീ, ധന്യേ,യമലോദ്ഭവ മാതേ.

താതനേറ്റം പ്രിയപുത്രീ, റൂഹാ തന്റെ മണവാട്ടീ,
വാനദൂതർ കൈവണങ്ങും സ്വർല്ലോകറാണീ.

മന്നിലവതാരം ചെയ്ത ത്രാണകനെയുദരത്തിൽ
സംവഹിച്ച പൂജിതമാം പേടകം നീയേ.

സൽക്കുടുംബജീവിതത്തിനുത്തമനിദർശനമായ്
മർത്ത്യലോകം വാഴ്ത്തീടും കുടുംബനാഥ നീ

കാന്തനാം യൗസേപ്പുമൊത്തു,നിത്യകന്യാവ്രതം കാത്തു,
ജാതമോദം വാസം ചെയ്ത ഭർത്തൃമതി നീ

ഏവരിലും പ്രീതിയുണർത്തീടുമാറു വത്സലനാം
യേശുവിനെ വളർത്തിയ പുണ്യതായ നീ

പുൽക്കുടിലിൽനിന്നുമവൻ കാൽവരിയിലെത്തുവോള-
മുൽക്കടദുഃഖങ്ങളുള്ളിലൊതുക്കിയോൾ നീ

ക്രൂശ താങ്ങിത്തളർന്നീടും പൊൻമകന്റെ ചാരേയണ-
ഞ്ഞാശിസ്സേകിയാത്മബലം പകർന്നവൾ നീ

പെറ്റ പൈതൽ വേദനയാൽ പിടഞ്ഞീടും നേരം ക്രൂശിൽ
പറ്റിനിന്നു മാതൃസ്നേഹം ചൊരിഞ്ഞവൾ നീ

രക്ഷണീയകർമ്മഭൂവിൽ പുത്രനോടു ചേർന്നു സഹ-
രക്ഷകയായ് വീരഗാഥ ചമച്ചവൾ നീ

മാനവർക്കു മാതാവായി സ്ഥാനമേകി ദൈവസൂനു-
വാദരിച്ച നാരീമണീമകുടവും നീ

കന്മഷവിഹീനേ, നിന്റെ തങ്കമേനിയഴുകാതെ,
ചിന്മയൻ നിനക്കു സ്വർഗ്ഗാരോപണമേകി

തുല്യമെഴാതുള്ളതല്ലോ വല്ലഭേ നിൻ മഹിമാവു,
പുണ്യപരിവേഷവുമവർണ്ണ്യമല്ലയോ!

ഏഴകൾക്കു മാതൃപരിരക്ഷയേകിയുന്നതത്തിൽ
വാഴുമേറ്റമൻപിയന്നോരംബികേ, സ്വസ്തി!

നിർവ്വിശങ്കമോടിയെത്തി സങ്കടങ്ങളുണർത്തീടാ-
നുർവ്വിയിൽ നീയല്ലോ ഞങ്ങൾക്കെന്നുമാലംബം

ഇന്നുമെന്നും മൃത്യുവന്നണഞ്ഞീടുന്ന നേരത്തും നീ
തന്നീടേണം നിന്മടിയിലഭയം മാതേ.

---




കൃഷ്ണ, കാവേരി, മഹാനദി, ഗോദാവരി, നർമദ, താപ്തി, ലൂണി എന്നിവയാണ് ഇന്ത്യയിലെ പ്രധാനപ്പെട്ട ഉപദ്വീപീയ നദികൾ. മഹാരാഷ്ട്രയിൽ സഹ്യപർവ്വതത്തിനടുത്തുള്ള മഹാബലേശ്വരിൽനിന്നാണ് കൃഷ്ണാനദിയുടെ ഉദ്ഭവം. ഏറ്റവും വലിയ രണ്ടാമത്തെ ഉപദ്വീപീയ നദിയാണിത്. മഹാരാഷ്ട്ര, കർണാടക, തെലുങ്കാന, ആന്ധ്രാപ്രദേശ് എന്നീ സംസ്ഥാനങ്ങളുടെ പ്രധാന ജലസ്രോതസ്. ഏകദേശം 1300 കി.മീറ്ററാണ് നീളം. പ്രശസ്തമായ നാഗാർജുന സാഗർ ഡാം ഈ നദിയിലാണു നിർമ്മിച്ചിട്ടുള്ളത്. ദൂതഗംഗ, പഞ്ചഗംഗ, വർണ, കൊയ്ന, മുസി, ഭീമ എന്നിവയാണ് പ്രധാന പോഷകനദികൾ.

ഇന്ത്യയിലെ സംസ്ഥാനങ്ങൾ തമ്മിലുള്ള നദീജലതർക്കങ്ങൾ പരിഹരിച്ചെടുക്കാൻ നിലവിൽ വന്ന നിയമമാണ് 1956 ലെ ഇന്റർസ്റ്റേറ്റ് റിവർ വാട്ടർ ഡിസ്പ്യൂട്ട്സ് ആക്ട്. അങ്ങനെ പരിഹരിക്കപ്പെടാത്ത തർക്കങ്ങളിലാണ് കേന്ദ്രസർക്കാർ ഇടപെടുക. അപ്പോൾ പ്രശ്നം പഠിക്കാൻ പ്രത്യേക ട്രിബ്യൂണൽ രൂപീകരിക്കുന്നു. മഹാരാഷ്ട്ര, കർണാടക, ആന്ധ്രാപ്രദേശ്, തെലുങ്കാന സംസ്ഥാനങ്ങൾ തമ്മിൽ കൃഷ്ണാനദിയിലെ ജലത്തെ സംബന്ധിച്ചു തർക്കം നടക്കാറുണ്ട്.



നോവൽ 20

# അഗസ്ത്യായനം

ഗിരീഷ് കെ. ശാന്തിപുരം

## ശിഥിലയാമങ്ങൾ

കരങ്ങൾ വീശി ആകാശത്തിന്റെ ഉയരങ്ങൾ കയറിവരികയാണ് സൂര്യൻ. മുറിക്കകത്ത് കുറുകെ വച്ചുകെട്ടിയ മുളയിൽ പിടിച്ചുനടക്കാൻ ശ്രമിക്കുകയായിരുന്ന കുഞ്ഞച്ചൻ. സഹായത്തിന് തേവർപറമ്പിൽ കുഞ്ഞാഗസ്തിയുടെ മകൻ കുഞ്ഞുമുണ്ട്.

ദീർഘനാളത്തെ ചികിത്സകൊണ്ട് കുഞ്ഞച്ചനു തനിയെ എഴുന്നേറ്റിരിക്കാനും നില്ക്കാനും സാധിക്കുമെന്നുവന്നപ്പോൾ തനിയെ നടക്കാൻ പറ്റുമോ എന്നറിയാനുള്ള ഒരു ശ്രമമായിരുന്നു മുളകെട്ടി നടത്തം.

പക്ഷേ, അതു പരാജയമായിരുന്നു. ഏറെ പരിശ്രമിച്ചെങ്കിലും കുഞ്ഞച്ചനു തനിയെ നടക്കാൻ സാധിച്ചില്ല. എങ്കിലും കട്ടിലിനരുകിൽ തനിയെ എഴുന്നേറ്റു നില്ക്കുവാൻ സാധിച്ചു.

“എത്രനാളായി ഒരു ദിവ്യബലി അർപ്പിച്ചിട്ട്...” കുഞ്ഞച്ചന്റെ മനസ്സ് പ്രക്ഷുബ്ധമായ കടൽപോലെ ഇളകി. പ്രാർത്ഥനയുടെയും ധ്യാനത്തിന്റെയും നിമിഷങ്ങളിൽ സ്വയം ലയിച്ചിരിക്കുമ്പോൾ അന്തർനേത്രങ്ങളിൽ പരക്കുന്ന ദിവ്യപ്രകാശത്തിൽ ഒരു ബലിപീഠം തെളിയുന്നു...

ആരോഗ്യം കുറച്ചൊക്കെ മെച്ചപ്പെട്ടപ്പോൾ കുർബാനയർപ്പിക്കാനുള്ള ആഗ്രഹം കുഞ്ഞച്ചൻ പ്രകടിപ്പിച്ചു. അഭിവന്ദ്യനായ വയലിൽ പിതാവിന്റെ നിർദ്ദേശപ്രകാരം കുഞ്ഞച്ചന്റെ മുറിയുടെ മുൻവശത്തെ ചെറിയ മുറിയിൽ ഒരു താത്കാലികബലിപീഠം രൂപീകൃതമായി. വളരെ അടുത്തായിരുന്നെങ്കിലും അവിടംവരെ നടന്നുപോകുവാൻ കുഞ്ഞച്ചനു കഴിയുമായിരുന്നില്ല. കട്ടിലിനരുകിലെ മേശമേൽപ്പിടിച്ച് എഴുന്നേറ്റുനില്ക്കുന്ന കുഞ്ഞച്ചനെ കപ്യാർ തിരുവസ്ത്രങ്ങളണിയിക്കും. പിന്നെ ഒരു കസേരയിലിരുത്തി രണ്ടുപേർ ചേർന്ന് അൾത്താരയ്ക്കടുത്തേക്ക് എടുത്തുകൊണ്ടുപോകും. അവിടെയിരുന്നുകൊണ്ട് കുഞ്ഞച്ചൻ ദിവ്യബലി അർപ്പിക്കും.

ദിവ്യബലി അർപ്പിക്കുമ്പോൾ കുഞ്ഞച്ചൻ അലൗകികമായ ഒരാനന്ദം അനുഭവിക്കുന്നു. ദൈവം കുഞ്ഞച്ചനുമുകളിൽ ആനന്ദത്തിന്റെ ഒരു മേഘം വിരിക്കുന്നു.

രഥത്തിന്റെ ചക്രങ്ങൾ കറങ്ങിക്കൊണ്ടിരിക്കും. പക്ഷേ, അച്ചുതണ്ട് കറങ്ങാറില്ല. കാറ്റിനൊപ്പം കാറ്റാടിയന്ത്രത്തിന്റെ ചിറകുകൾ ചലിക്കും. പക്ഷേ, കാറ്റാടിയന്ത്രം നീങ്ങുന്നില്ല. ഭൂമി അതിന്റെ ഭ്രമണപഥത്തിൽ ചുറ്റുന്നു. പക്ഷേ, അതിന്റെ കേന്ദ്രം ഉറച്ചിരിക്കുന്നു. അതുപോലെ കർത്താവിങ്കൽ കുഞ്ഞച്ചന്റെ മനസ്സും ഉറച്ചിരിക്കുന്നു.

എത്ര അവശനായിക്കിടക്കുമ്പോഴും കുഞ്ഞച്ചൻ സന്ദർശകരെ നിരാശരാക്കിയിരുന്നില്ല. എല്ലാവരെയും സ്നേഹത്തോടെ സ്വീകരിക്കും. തന്റെ ക്ഷേമമന്വേഷിച്ചുവരുന്ന ദളിത്മക്കളെയും മരുന്നു തേടിവരുന്ന രോഗികളെയും ഒരേപോലെ.

മരുന്നാവശ്യവുമായി വരുന്ന രോഗികൾക്ക് തന്റെ തളർച്ച ബാധിക്കാത്ത കൈകൊണ്ട് മരുന്ന് എടുത്തുകൊടുക്കും. അതിന്റെ ഉപയോഗക്രമം പിശറൻ കാറ്റുപോലുള്ള തന്റെ ശബ്ദംകൊണ്ടോ ആംഗ്യംകൊണ്ടോ പറഞ്ഞുകൊടുക്കും. അവർക്കതു മനസ്സിലായില്ലെങ്കിൽ തന്റെ ശുശ്രൂഷകരിൽ ആരെക്കൊണ്ടെങ്കിലും അതു മനസ്സിലാക്കിക്കൊടുക്കും.



തട്ടും തടവുമില്ലാതെ സമയം ഒഴുകിക്കൊണ്ടിരുന്നു. ഒരു പ്രളയംപോലെ കാലവും. സമയകാലങ്ങളുടെ ഇരുകരങ്ങൾക്കുമിടയിൽ മനുഷ്യജീവിതം കൈക്കുടന്നയിലെ നിലാവുപോലെ...

ആരോഗ്യം അല്പമൊന്നു മെച്ചപ്പെട്ടപ്പോഴാണ് കുഞ്ഞച്ചന്റെ കണ്ണിന് അസുഖം പിടിപെട്ടത്. ശസ്ത്രക്രിയ വേണ്ടിവന്നു. കോട്ടയത്തെ ഒരു പ്രൈവറ്റാശുപത്രിയിൽ അതു വിജയകരമായി പൂർത്തിയാക്കി. ഏതാനും ദിവസങ്ങൾക്കുശേഷം ആശുപത്രി വിട്ടു. പക്ഷേ, കുഞ്ഞച്ചന്റെ കാഴ്ച കുറയുകയാണു ചെയ്തത്.

വായിക്കാൻ നിവൃത്തിയില്ലാതെവന്നതോടെ കുഞ്ഞച്ചൻ വായിച്ചിരുന്ന കത്തോലിക്കാ പ്രസിദ്ധീകരണങ്ങൾ ദീപികപ്പത്രമൊഴിച്ച് മറ്റെല്ലാം നിറുത്തി. ‘ദീപിക’ രാവിലെ തന്നെ കാണാൻ വരുന്ന ആളിനെക്കൊണ്ട് വായിപ്പിച്ചുകേൾക്കും. വിശുദ്ധ കുർബാനയുടെ പ്രാർത്ഥനകൾ മനപ്പാഠമായിരുന്നതുകൊണ്ട് ബലിയർപ്പണം മുടങ്ങിയിരുന്നില്ല. അതുമാത്രമായിരുന്നു കുഞ്ഞച്ചന്റെ ആശ്വാസം.

തനിക്കിനി ഒരിക്കലും നടക്കാൻ കഴിയില്ലെന്ന് ഉറപ്പായതോടെ മുറിക്കു കുറുകെ കെട്ടിയിരുന്ന മുള അഴിച്ചുമാറ്റപ്പെട്ടു.

എങ്കിലും കുഞ്ഞച്ചൻ പ്രത്യാശ കൈവിട്ടില്ല. പ്രത്യാശ സൂര്യനെപ്പോലെയാണ്. സൂര്യനു നേരേ നടക്കുമ്പോൾ നമ്മുടെ ഭാരത്തിന്റെ നിഴൽ നമ്മുടെ പിന്നിലാകുന്നു. മാനുകൾ നീർത്തോടുകളിലേക്കു ചെല്ലുവാൻ കാംക്ഷിക്കുന്നതുപോലെ കുഞ്ഞച്ചൻ കർത്താവിനോടു ചേരുവാൻ കാംക്ഷിച്ചുകൊണ്ടിരിക്കുന്നു. ആകയാൽ തന്റെ ശരീരപീഡകളെ കുഞ്ഞച്ചൻ ദൈവത്തിന്റെ ഒരു തൂവൽതലോടൽപോലെ അനുഭവിച്ചു.

കുഞ്ഞച്ചൻ കണ്ണുകളിറുക്കിയടച്ചു കിടക്കുകയായിരുന്നു. അടഞ്ഞ കണ്ണുകൾക്കുള്ളിൽ ഇരുട്ടും ഹൃദയത്തിൽ ഓർമ്മകളുടെ പ്രകാശവുമായിരുന്നു. അതങ്ങനെയാണ്. പുറംകണ്ണ് അടഞ്ഞിരിക്കുമ്പോൾ അകംകണ്ണ് കൂടുതൽ പ്രകാശമാനമാകും. തെളിഞ്ഞതും എന്നാൽ, മഞ്ഞു പെയ്യുന്നതുപോലെ സ്നിഗ്ധവുമായ ഒരു പ്രകാശം.

അത് ഓർമ്മകളുടേതാണ്.

കുഞ്ഞച്ചനപ്പോൾ സ്വർഗ്ഗത്തിൽ മേരീപുത്രന്റെ വലതുഭാഗത്തിരുന്നു പുഞ്ചിരിതൂകുന്ന ഒരു മനുഷ്യനെ കാണുന്നു. അയാൾ ചോദിക്കുന്നു:

“എന്നെ ഓർമ്മയുണ്ടോ കുഞ്ഞച്ചന്...?”

കുഞ്ഞച്ചനപ്പോൾ ചിതലരിച്ചുതുടങ്ങിയ ഓർമ്മപ്പുസ്തകത്തിന്റെ ഏടുകൾ പരതുന്നു. ആദ്യകാഴ്ചയിൽത്തന്നെ ഒരു പരിചയം തോന്നിയിരുന്നു. ഒരു മഹായാനത്തിന്റെ ദശാസന്ധികളിലെവിടെയോവച്ച്... പക്ഷേ, അതെവിടെവച്ചാണ്...? എന്നാണ്...? കൃത്യമായി കുറിക്കാൻ കുഞ്ഞച്ചനു കഴിഞ്ഞില്ല. അയാൾ പറഞ്ഞു:

“ഞാനാണ് കുഞ്ഞച്ചാ, മാറാവ്യാധി പിടിപെട്ട് സ്കൂളിന്റെ താഴത്തെ നിലയിൽ...”

അപ്പോൾ, കുഞ്ഞച്ചന്റെ ഓർമ്മകൾക്ക് എകരംപൊട്ടുന്നു. രാമപുരം പള്ളിമൈതാനത്തിന്റെ വടക്കേ അതിരിൽ ഉണ്ടായിരുന്ന സ്കൂൾ കെട്ടിടത്തിന്റെ അടച്ചുറപ്പില്ലാത്ത താഴത്തെ നിലയിൽ മാറാവ്യാധി പിടിപെട്ട ഒരു ഭിക്ഷക്കാരൻ വന്നുകിടക്കുന്നു. എല്ലാവർക്കും അന്യനായ ഒരനാഥൻ. ദുർഗന്ധംകൊണ്ട് അയാളുടെ സമീപത്തേക്ക് അടുക്കുവാൻ കഴിയുമായിരുന്നില്ല.

ഒരു ക്രിസ്ത്യാനിയായിരുന്ന അയാൾ കുമ്പസാരിക്കുവാനുള്ള ആഗ്രഹം പ്രകടിപ്പിച്ച വിവരം ആരോ വികാരി പുത്തൻപുരയ്ക്കലച്ചനെ അറിയിച്ചു.

വികാരിയച്ചൻ വിഷമവൃത്തത്തിലായി. പകർച്ചവ്യാധി പിടിപെട്ട ആളാണ്. അയാളിലെ വ്രണങ്ങൾ പഴുത്ത് ദുർഗന്ധം വമിക്കുന്നു. തള്ളാനും കൊള്ളാനുമാകാതെ വികാരിയച്ചൻ വിഷമിക്കുന്നു.

അപ്പോഴാണ് കുഞ്ഞച്ചൻ കടന്നുവരുന്നത്. കുഞ്ഞച്ചൻ പറഞ്ഞു:

“സ്കൂളിന്റെ തട്ടിനടിയിൽ കിടക്കുന്ന രോഗിയെ ഞാൻ കുമ്പസാരിപ്പിച്ചു കുർബാന കൊടുക്കാം. വികാരിയച്ചൻ അനുവദിക്കണം.”

പുത്തൻപുരയ്ക്കലച്ചൻ അദ്ഭുതത്തോടെ കുഞ്ഞച്ചനെ നോക്കി. അഭിഷിക്തനെപ്പോലെ ഒരാൾ. മഹാമരുവുകൾക്കപ്പുറത്ത് യോർദ്ദാനിലെ നീലജലാശയത്തിൽ അല്പവസ്ത്രധാരിയായി നിൽക്കുന്നു. ആകാശം പിളരുകയും കേൾക്കുമാറാകുകയും ചെയ്യുന്നു. “ഇവൻ എന്റെ പ്രിയപുത്രൻ.”

പുത്തൻപുരയ്ക്കലച്ചൻ കുഞ്ഞച്ചന് അനുവാദം കൊടുത്തു.

കാലത്തിന്റെ അതിരുകളിൽ നിന്ന് സഭാപ്രസംഗിയുടെ വാക്കുകളുടെ മുഴക്കം കേൾക്കുന്നു.

“ആകാശത്തിനു കീഴിൽ സംഭവിക്കുന്നതൊക്കെയും ജ്ഞാനത്തോടെ ആരാഞ്ഞറിയേണ്ടതിന് ഞാൻ മനസ്സുവച്ചു. ഇത് ദൈവം മനുഷ്യർക്കു കഷ്ടപ്പെടുവാൻ കൊടുത്ത വലിയ കഷ്ടപ്പാടുതന്നെ.”

അയാളുടെ പ്രാണൻ കഷ്ടതകൊണ്ടു നിറഞ്ഞിരിക്കുന്നു എന്ന് കുഞ്ഞച്ചൻ കണ്ടു. അയാളുടെ ഹൃദയവും കരങ്ങളും ദുഃഖത്താൽ നിറഞ്ഞിരിക്കുന്നു. അയാളുടെ ജീവനും ആത്മാവും പാതാളത്തോട് അടുത്തിരിക്കുന്നു.

കടുത്ത ദുർഗന്ധത്തിനും ആർത്തു വട്ടംചുറ്റുന്ന ഈച്ചകൾക്കും മദ്ധ്യേ വിലാപങ്ങൾക്കും പശ്ചാത്താപത്തിനും നടുവിൽ കുഞ്ഞച്ചൻ അയാളുടെ കുമ്പസാരം കേട്ടു. കർത്താവിൽ പാപമോചനം നല്കി.

അതൊരു മാമ്മോദീസപോലെയായിരുന്നു; ഒരു രണ്ടാം ജ്ഞാനസ്നാനം. മരിച്ചവരുടെ കൂട്ടത്തിൽനിന്ന് ഉയിർത്തെഴുന്നേറ്റവനെപ്പോലെ അയാൾ ഹൃദയത്തിൽ വെടിപ്പുള്ളവനും പ്രകാശം നിറഞ്ഞവനുമായി.

സമുദ്രം രണ്ടായി പിളരുന്നതുപോലെ കുഞ്ഞച്ചന്റെ ഉപബോധമനസ്സിൽനിന്ന് ഒരു ദൂരക്കാഴ്ച പിളർന്നുപോകുന്നു.

കണ്ണുതുറക്കുമ്പോൾ കാണുന്നത് കുഴിക്കാടൻ വർക്കി ഉപദേശിയെയാണ്. ഉപദേശിയാണെങ്കിലും തന്റെ രോഗാവസ്ഥയിൽ എപ്പോഴും കൂടെയുള്ള ആൾ. അയാൾ ചോദിക്കുന്നു:

“അച്ചനൊന്ന് കുളിക്കേണ്ടേ...”

“നേരമെത്രയായി?” കുഞ്ഞച്ചൻ ചോദിച്ചു.

കുഞ്ഞച്ചന്റെ പക്കൽ സമയമാപിനികൾ ഒന്നുമില്ലായിരുന്നു. ഒരു ടൈംപീസുള്ളത് മേശപ്പുറത്ത് കള്ളപ്പെട്ടുകിടക്കുകയാണ്. ചാഞ്ഞുതുടങ്ങിയ വെയിൽ അളന്നുകുറിച്ച് ഉപദേശി പറഞ്ഞു:

*ശേഷം 13-ാം പേജിൽ*

# പഠനവഴിയിലെ ഓൺലൈൻ കടമ്പകൾ



ബിനോയ് കുഴിഞ്ഞാലിൽ

സ്കൂൾ വിദ്യാഭ്യാസത്തിനു പകരംവയ്ക്കാൻ ഓൺലൈൻ ക്ലാസിനു സാധിക്കുകയില്ല എന്നത് ഒരു വസ്തുതയാണ്. എങ്കിലും കൊവിഡ്-19 പടർന്നുപിടിച്ചുകൊണ്ടിരിക്കുന്ന ഈ സാഹചര്യത്തിൽ ഓൺലൈൻ ക്ലാസ് കേന്ദ്രീകരിച്ചു വിദ്യാഭ്യാസ പ്രക്രിയ മുന്നോട്ടുപോവുക എന്നതു മാത്രമേ നമ്മുടെ മുമ്പിൽ പ്രായോഗികമായിട്ടുള്ളൂ. ജൂണിൽ തുടങ്ങേണ്ടിയിരുന്ന സ്കൂളുകൾ രണ്ടു മാസം മുന്നോട്ടുപോയിട്ടും എന്നു തുടങ്ങാമെന്ന കാര്യത്തിൽ ഒരു വ്യക്തതയുമില്ലാത്ത ഈ സമയത്ത് ഓൺലൈൻ അധ്യാപനത്തിൽ ഏതു മാർഗമാണ് കൂടുതൽ ഫലപ്രദമെന്നു ഗൗരവപൂർവ്വം ചിന്തിക്കേണ്ടിയിരിക്കുന്നു. ഗവൺമെന്റ് എയ്ഡഡ് മേഖലയിലെ സ്കൂളുകൾ ഇപ്പോൾ പ്രധാനമായും വിക്ടേഴ്സ് ചാനൽവഴിയുള്ള ക്ലാസുകൾ കുട്ടികൾക്കു ലഭ്യമാക്കുന്നുണ്ട്. എന്നാൽ, ഇത് എത്ര കുട്ടികൾ സ്ഥിരമായി കാണുന്നു എന്നുറപ്പിക്കുന്നതിൽ അധ്യാപകർക്കു പരിമിതികളുണ്ട്. അത് മാതാപിതാക്കൾ നിർവഹിക്കേണ്ട ഉത്തരവാദിത്വമാണ്. കൂടാതെ, നിലവിലുള്ള സിലബസ് പ്രകാരമുള്ള പാഠ്യപദ്ധതികൾ മുഴുവൻ വിക്ടേഴ്സ് ചാനൽവഴി സമയബന്ധിതമായി പൂർത്തിയാക്കുക പ്രാ



യോഗികമാണെന്നു വിശ്വസിക്കാനും ബുദ്ധിമുട്ടുണ്ട്. ഓൺലൈൻ ക്ലാസുകൾ തുടങ്ങി ഏതാണ്ട് രണ്ടു മാസം പിന്നിടുന്ന ഈ സമയത്ത് ഓൺലൈൻ പഠനരംഗത്തു പ്രായോഗികതലത്തിൽ സംഭവിച്ചുകൊണ്ടിരിക്കുന്ന കാര്യങ്ങളും നേരിടുന്ന പ്രതിസന്ധികളുമാണ് ഇവിടെ വ്യക്തമാക്കുന്നത്.

നേരിട്ടുള്ള സ്കൂൾവിദ്യാഭ്യാസം പ്രായോഗികമല്ലാത്ത ഈ പ്രത്യേക സാഹചര്യത്തിൽ കുട്ടികളുമായുള്ള അധ്യാപകരുടെ നിരന്തര ആശയവിനിമയത്തിനു വളരെ പ്രാധാന്യമുണ്ട്. അതിന് അധ്യാപകർ സാധാരണമായി ഉപയോഗിക്കുന്നത് ക്ലാസ് വാട്സാപ്പ് ഗ്രൂപ്പുകളാണ്. വിക്ടേഴ്സ്ചാനലിൽ വരുന്ന ക്ലാസ്സുകളുടെ യൂട്യൂബ് ലിങ്ക്, അധ്യാപകർ സ്വന്തമായി എടുക്കുന്ന ക്ലാസ് വീഡിയോകൾ എന്നിവ ഈ ഗ്രൂപ്പുവഴി കുട്ടികൾക്കു ലഭ്യമാക്കുന്നുണ്ട്. അതുമൂലം കുട്ടികൾക്കു സാഹചര്യമനുസരിച്ച് അല്ലെങ്കിൽ ഇന്റർനെറ്റ് ലഭ്യത അനുസരിച്ച് ഈ വീഡിയോകൾ വീണ്ടും വീണ്ടും കാണുന്നതിനുള്ള അവസരം ഉണ്ടാകുന്നു. പാഠഭാഗവുമായി ബന്ധപ്പെട്ട വീഡിയോ എത്തിക്കുന്നതിനോടൊപ്പം ആ പാഠഭാഗവുമായി ബന്ധപ്പെട്ട സ്റ്റഡിനോട്ട്സ് സമയാസമയങ്ങളിൽ കുട്ടികളിൽ എത്തിച്ചെങ്കിൽ മാത്രമേ പഠനപ്രവർത്തനങ്ങൾ ഫലപ്രദമായി പൂർത്തിയാകുകയുള്ളൂ. ഇന്നിപ്പോൾ ബഹുഭൂരിപക്ഷം അധ്യാപകരും ക്ലാസ് വീഡിയോകളും പഠനക്കുറിപ്പുകളും കുട്ടികളിൽ എത്തിക്കുന്നത് ക്ലാസ് വാട്സ്ആപ്പ് ഗ്രൂപ്പുകൾവഴിയാണ്. എന്നാൽ, ഇതു മുന്നോട്ടു പ്രായോഗികമല്ലാതാകും, കാരണം, ഫോണിന്റെ സ്റ്റോറേജ് തീർന്നുകഴിയുമ്പോൾ മുൻപ് അയച്ച വീഡിയോകളും, സ്റ്റഡി മെറ്റീരിയലുകളും വിദ്യാർത്ഥികൾ ഡിലീറ്റ് ചെയ്യാൻ സാധ്യതയേറെയാണ്.

അതിലുപരിയായി നിരവധി സ്റ്റഡിമെറ്റീരിയലുകൾ വന്നു കഴിയുമ്പോൾ വേണ്ടതു കണ്ടുപിടിക്കുക എന്നത് പ്രായോഗികമായി ബുദ്ധിമുട്ടേറിയ കാര്യംതന്നെയാണ്. ഇതിന് ഒരു പരിധിവരെ പരിഹാരമാണ് അധ്യാപകർ ഗൂഗിൾ ക്ലാസ്റൂം തുടങ്ങുകയെന്നത്. ജി-മെയിൽ അക്കൗണ്ട് ഉള്ള എല്ലാവർക്കും തികച്ചും സൗജന്യമായി ഗൂഗിൾ നൽകുന്ന ഒരു സംവിധാനമാണ് ഗൂഗിൾ ക്ലാസ്റൂം. ഗൂഗിൾ ക്ലാസ് റൂം കുട്ടികൾക്ക് ഓൺലൈനായി ക്ലാസ് എടുക്കാനുള്ള ഒരു സംവിധാനമല്ല, മറിച്ച് ഗൂഗിൾ ക്ലാസ്റൂം വഴി കുട്ടികൾക്കു പൊതുവായ അറിയിപ്പുകൾ നൽകുവാനും സ്റ്റഡി മെറ്റീരിയലുകൾ, യൂട്യൂബ് ലിങ്ക്സ് തുടങ്ങിയവ അയച്ചുകൊടുക്കുവാനും സാധിക്കും. ഗൂഗിൾ ക്ലാസ്റൂമിൽ ഗൂഗിൾ ഫോം ഉപയോഗിച്ച് ഓൺലൈൻ ടെസ്റ്റ് പേപ്പർ നടത്തുവാനും അതുകൂടാതെ നൽകിയ അസൈൻമെന്റ് വിലയിരുത്തി ഗ്രേഡ് നൽകുവാനും സാധിക്കും. ക്ലാസ് വാട്സ്ആപ്പ് ഗ്രൂപ്പിൽനിന്നു വിഭിന്നമായി വിദ്യാർത്ഥികൾക്കു പൊതുവായും ഒരാൾക്കുതന്നെയും അസൈൻമെന്റ് നൽകുവാനും അറിയിപ്പു നൽകുവാനും ഗൂഗിൾ ക്ലാസ്സ് റൂമിൽ സാധിക്കും. കൂടാതെ, ഗൂഗിൾ ക്ലാസ്റൂം വഴി നൽകുന്ന പഠനസാമഗ്രികൾ എല്ലാം സ്റ്റോർ ചെയ്യപ്പെടുക ഫോൺ സ്റ്റോറേജിൽ അല്ല; മറിച്ച്, ഗൂഗിൾ ഡ്രൈവിലാണ്. ഓരോ ജി-മെയിൽ അക്കൗണ്ടിനോടൊപ്പം ഗൂഗിൾ ഏതാണ്ട് പതിനഞ്ച് GB സ്പെയ്സ് ഗൂഗിൾ ഡ്രൈവിൽ ഫ്രീയായി നൽകുന്നുണ്ട്. ഗൂഗിൾ ക്ലാസ് റൂംവഴി സ്റ്റഡി മെറ്റീരിയൽസ്, വീഡിയോ ഇവ നൽകുമ്പോൾ സബ്ജക്ട് തിരിച്ചും അധ്യായം തിരിച്ചും അടുക്കും ചിട്ടയുമായി വിദ്യാർത്ഥികൾക്കു നൽകുവാൻ സാധിക്കുമെന്നതും വളരെ പ്രാധാന്യമുള്ള ഒരു കാര്യമാണ്. അതുപോലെതന്നെ അധ്യാപകർ നേരത്തേ അയച്ചുകൊടുത്തിട്ടുള്ള സ്റ്റഡി മെറ്റീരിയലുകൾ തിരിച്ചെടുക്കുന്ന കാര്യത്തിലും കുട്ടികൾക്കു ബുദ്ധിമുട്ടില്ല. എല്ലാ സ്മാർട്ട് ഫോണുകളിലും, കമ്പ്യൂട്ടറിലും ഗൂഗിൾ ക്ലാസ്റൂം വളരെ ലളിതമായി തുടങ്ങാവുന്നതേയുള്ളൂ.

എത്ര നല്ല ക്ലാസ്സുകളുടെ വീഡിയോ അയച്ചു കൊടുത്താലും സ്റ്റഡി നോട്സ് കൊടുത്താലും വിദ്യാർഥികൾക്ക് തങ്ങളുടെ അധ്യാപകർ തങ്ങളെ ആ പാഠഭാഗങ്ങൾ പഠിപ്പിച്ചു എന്ന് മാനസികമായി ഒരു അംഗീകാരം കിട്ടണമെങ്കിൽ ഗുരുമുഖത്തുനിന്നുതന്നെ ആ പാഠഭാഗത്തെപ്പറ്റിയുള്ള ഒരു ചുരുങ്ങിയ വിവരമെങ്കിലും കേൾക്കേണ്ടതുണ്ട്. ക്ലാസ് മുറികളിൽ നേരിട്ടെത്തി വിദ്യാർഥികളുമായി സംവദിക്കുക സാധ്യമല്ലാത്ത ഈ സാഹചര്യത്തിൽ അതിനുള്ള ഒരു ബദൽ മാർഗമാണ് ഗൂഗിൾ മീറ്റ്, സൂം മീറ്റ്, ജിയോ മീറ്റ് തുടങ്ങിയ ഓൺലൈൻ പ്ലാറ്റ്ഫോം വഴിയുള്ള ക്ലാസുകൾ. ഓൺലൈൻ പ്ലാറ്റ്ഫോംവഴി അധ്യാപകർ കുട്ടികളുമായി സംവദിച്ചു പഠനപ്രക്രിയ ഏകോപിപ്പിച്ചെങ്കിൽ മാത്രമേ ഇപ്പോഴത്തെ ഓൺലൈൻ പഠനം ഫലപ്രാപ്തിയിൽ എത്തുകയുള്ളൂ. എന്നാൽ, ഇന്ന് വിദ്യാഭ്യാസമേഖല അഭിമുഖീകരിക്കുന്ന പ്രധാന പ്രതിസന്ധി എല്ലാ കുട്ടികൾക്കും ഓൺലൈൻ പഠനത്തിനുള്ള അടിസ്ഥാനസൗകര്യങ്ങളായ ഹൈ സ്പീഡ് ഇന്റർനെറ്റ് കണക്റ്റിവിറ്റി, സ്മാർട്ട്ഫോൺ എന്നിവ ഇല്ല എന്നുള്ളതാണ്. അതുകൊണ്ടുതന്നെ ഒരു ഓൺലൈൻ ക്ലാസ് നടത്തിയാൽ ശരാശരി 70% കുട്ടികൾ മാത്രമേ അതിൽ പങ്കെടുക്കുന്നുള്ളൂ. ഓൺലൈൻക്ലാസിൽ ലോഗിൻ ചെയ്യുന്ന കുട്ടികൾ തങ്ങളുടെ ക്യാമറയും മൈക്കും ഓഫ് ചെയ്താൽ പിന്നെ എന്താണു ചെയ്യുന്നതെന്ന് അധ്യാപകർക്ക് അറിയാനും സാധിക്കുകയില്ല.

**വിദ്യാർത്ഥികൾക്ക് അറിവു പകർന്നുകൊടുക്കാൻ ഓൺലൈൻക്ലാസുകളിൽകൂടി ഒരു പരിധിവരെ സാധിക്കുമെങ്കിലും സ്കൂൾ-കോളേജ് ജീവിതവും അതു നൽകുന്ന സൗഹൃദങ്ങളും ഒരിക്കലും ഓൺലൈൻ ക്ലാസുകൾക്കു നൽകാനാവില്ല. മനുഷ്യൻ ഒരു സാമൂഹികജീവിയാണ്. സമൂഹത്തിൽ എങ്ങനെ ജീവിക്കണം, പെരുമാറണം തുടങ്ങിയ മൂല്യങ്ങൾ കുട്ടികൾ സ്വായത്തമാക്കുന്നത് അധ്യാപകരിൽനിന്നും സഹപാഠികളിൽനിന്നുമൊക്കെയാണ്. വീടുകളിൽനിന്നു പുറത്തിറങ്ങാത്ത കുട്ടികൾ അവരുടെ അപാരമായ ഊർജ്ജം ഒരിടത്തും പങ്കുവയ്ക്കാതിരിക്കുന്നതും വലിയ പ്രശ്നങ്ങൾക്കു കാരണമാകാൻ സാധ്യതയുണ്ട്.**

രണ്ടും മൂന്നും വിദ്യാർത്ഥികൾ ഉള്ള ഒരു വീട്ടിൽ ഓരോരുത്തർക്കും രണ്ടുമൂന്നു മണിക്കൂർ ഓൺലൈൻ ക്ലാസ് ഉണ്ടെങ്കിൽ ഇന്റർനെറ്റ് ഡേറ്റ കൂടുതൽ ഉപയോഗിക്കേണ്ടിവരും. കുടുംബം പട്ടിണികൂടാതെ നടത്തിക്കൊണ്ടുപോകാൻ ബുദ്ധിമുട്ടുന്ന മാതാപിതാക്കളോട് കുട്ടികൾക്ക് ഇന്റർനെറ്റ് ചാർജ് ചെയ്തു കൊടുക്കണമെന്ന് ആവശ്യപ്പെടാൻ പ്രായോഗികബുദ്ധിമുട്ടുണ്ട്. അതിനാൽ, സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിദ്യാർത്ഥികളുടെ കുടുംബങ്ങൾക്ക് ഒരു നിശ്ചിത ഡേറ്റാ ഇന്റർനെറ്റ് സൗജന്യമായി അനുവദിക്കുന്ന സാമൂഹികപ്രാധാന്യമുള്ള നടപടി ഗവൺമെന്റ് പരമാവധി വേഗത്തിൽ നടപ്പിലാക്കേണ്ടതുണ്ട്. രണ്ടുവർഷം മുമ്പ് എല്ലാ ക്ലാസ്റൂമുകളും ഹൈടെക് ആക്കിയ ഗവൺമെന്റിന്റെ ദീർഘവീക്ഷണമുള്ള നടപടി ഇന്ന് ഓൺലൈൻ ക്ലാസ്സ് എടുക്കാൻ എല്ലാ അധ്യാപകരെയും പ്രാപ്തരാക്കിയതിൽ വലിയ പങ്കുവഹിച്ചിട്ടുണ്ട്. അതേപോലെ നഗരങ്ങളിൽ മാത്രമല്ല ഗ്രാമങ്ങളിലും ലാഭം മാത്രം നോക്കാതെ മൊബൈൽ റേഞ്ച് ഉറപ്പാക്കുന്ന കാര്യത്തിലും, തടസ്സം കൂടാതെ ഗുണമേന്മയുള്ള ഇന്റർനെറ്റ് സംവിധാനം നൽകുന്ന കാര്യത്തിലും മൊബൈൽ സേവനദാതാക്കൾ പ്രത്യേകം ശ്രദ്ധിക്കേണ്ടതുണ്ട്.

ഓൺലൈൻ പഠനം അഭിമുഖീകരിക്കുന്ന മറ്റൊരു പ്രതിസന്ധിയാണ് വിദ്യാർഥികൾ മൊബൈൽ ഫോൺ ദുരുപയോഗം ചെയ്യുന്നു എന്നത്. ഓൺലൈൻ ക്ലാസിന്റെ വരവോടെ മൊബൈലിന്റെ നിയന്ത്രണം കുട്ടികൾ ഏറ്റെടുത്തിരിക്കുകയാണല്ലോ. എക്സ്ക്ലൂസീവ് ആപ്പുകൾ ഉപയോഗിക്കുക, അതിലുപരിയായി മാതാപിതാക്കൾ കൂടുതൽ ജാഗരൂകരാകുക എന്നിവയൊക്കെയാണ് അതിനുള്ള പരിഹാരമാർഗ്ഗങ്ങൾ. വിദ്യാർത്ഥികൾക്ക് അറിവു പകർന്നുകൊടുക്കാൻ ഓൺലൈൻക്ലാസുകളിൽകൂടി ഒരു പരിധിവരെ സാധിക്കുമെങ്കിലും സ്കൂൾ-കോളേജ് ജീവിതവും അതു നൽകുന്ന സൗഹൃദങ്ങളും ഒരിക്കലും ഓൺലൈൻ ക്ലാസുകൾക്കു നൽകാനാവില്ല. മനുഷ്യൻ ഒരു സാമൂഹികജീവിയാണ്. സമൂഹത്തിൽ എങ്ങനെ ജീവിക്കണം, പെരുമാറണം തുടങ്ങിയ മൂല്യങ്ങൾ കുട്ടികൾ സ്വായത്തമാക്കുന്നത് അധ്യാപകരിൽനിന്നും സഹപാഠികളിൽനിന്നുമൊക്കെയാണ്. വീടുകളിൽനിന്നു പുറത്തിറങ്ങാത്ത കുട്ടികൾ അവരുടെ അപാരമായ ഊർജ്ജം ഒരിടത്തും പങ്കുവയ്ക്കാതിരിക്കുന്നതും വലിയ പ്രശ്നങ്ങൾക്കു കാരണമാകാൻ സാധ്യതയുണ്ട്.

**ചിരിപൊരി** — **ബാബു ആലപ്പുഴ**



11-ാം പേജ് തുടർച്ച

# അഗസ്ത്യായനം

"നാലുമണി കഴിഞ്ഞിട്ടുണ്ടാകും."

ഒന്ന് മേലു കഴുകുന്നതു നന്നായിരിക്കുമെന്ന് കുഞ്ഞച്ചനു തോന്നി. ഒരു തണുപ്പ്. മനസ്സിനും ശരീരത്തിനും. കുഞ്ഞച്ചൻ സമ്മതം മൂളി.

കുളിപ്പിക്കാനായി കുഞ്ഞച്ചനെ എടുത്തുകൊണ്ടുപോയി കസേരയിലിരുത്തുമ്പോൾ ഉപദേശി മറ്റൊരു കാര്യമോർക്കുന്നു. കുറച്ചുനാൾ മുൻപാണത്.

ഒരുദിവസം കുഞ്ഞച്ചനെ കുളിപ്പിക്കാനായി വസ്ത്രം മാറ്റുമ്പോൾ കുഞ്ഞച്ചന്റെ പുറം മുഴുവൻ പാകിയ കട്ടിൽകയറിന്റെ വടുക്കൾ. കുഞ്ഞച്ചന്റെ കിടക്കപ്പായ മുഴുവൻ കീറിപ്പോയിരുന്നു.

"നമുക്കൊരു പായ വാങ്ങിച്ചാലോ കുഞ്ഞച്ചാ..."

"അതിനു കാശെവിടുന്നാ. ഒണ്ടോന്നു നോക്കിക്കേ..."

ഉപദേശി കുഞ്ഞച്ചന്റെ കാശുപെട്ടി തുറന്നു നോക്കിയപ്പോൾ ഒരു പായയ്ക്കുള്ളതു പോയിട്ട് ഒരു കച്ചമുണ്ട് വാങ്ങാനുള്ളതു പോലുമില്ല.

"ഇത് തെകയത്തില്ല കുഞ്ഞച്ചാ."

"എന്നാ പിന്നെ വാങ്ങാം. കാശൊണ്ടാകട്ടെ."

ഉപദേശി മറുത്തൊന്നും പറഞ്ഞില്ല. പള്ളിക്കുതാഴെയുള്ള കടയിൽ നിന്ന് ഒരു പായ വാങ്ങി കട്ടിലിൽ വിരിച്ചു.

"കാശെവിടുന്നാ...?" കുഞ്ഞച്ചൻ ആകാംക്ഷപ്പെട്ടു.

"പിന്നെ കൊടുത്താ മതി."

"എന്റെ കൈയിൽ കാശ് വരുമ്പോ മറക്കാതെ കൊടുക്കണം."

"അങ്ങനെയാകട്ടെ." ഉപദേശി പറഞ്ഞു. ഉപദേശി മറ്റൊരു ഓർമ്മയിലേക്കു വഴുതി.

ഒരിക്കൽ കുഞ്ഞച്ചൻ ഇരുപത്താറു രൂപ ഇരുപത്തഞ്ചു പൈസ തന്റെ കൈയിൽ തന്നിട്ടു പറഞ്ഞു:

"ഇത് ആഗസ്തിനോസ് പുണ്യാളന്റെ പെട്ടിയിലിട്ടേക്ക്."

"കുഞ്ഞച്ചന്റെ കൈയില് കാശില്ലാത്തപ്പോ എന്തിനാ ഇത്രയും കാശ് നേർച്ചയിടുന്നത്..."

"അതേയ്, പള്ളിയുടെ തേങ്ങ അരച്ചുകൂട്ടാൻ ഞാനെടുക്കുന്നുണ്ട്. കാശ് കൊടുത്താ വാങ്ങിക്കുകേല. അതുകൊണ്ടാ പള്ളിയിലിട്ടേക്കാമെന്നു കരുതിയേ."

കുഞ്ഞച്ചനങ്ങനെയായിരുന്നു. മറ്റുള്ളവരുടേതൊന്നും കുഞ്ഞച്ചൻ ആഗ്രഹിച്ചില്ല. തനിക്കുള്ളതെല്ലാം മറ്റുള്ളവർക്കായി പങ്കുവച്ചിരുന്നുതാനും.

കുളിച്ചുവന്നപ്പോൾ കുഞ്ഞച്ചന് എന്തെന്നില്ലാത്ത ഒരു സുഖം തോന്നി. കുശിക്കാരൻ വന്ന് എന്താ കഴിക്കാൻ വേണ്ടതെന്നു ചോദിച്ചപ്പോൾ ഒന്നും വേണ്ടെന്ന് കുഞ്ഞച്ചൻ ആംഗ്യം കാട്ടി.

കുഞ്ഞച്ചൻ കണ്ണുകളടച്ചു കിടന്നു. കുഞ്ഞച്ചന്റെ മനസ്സപ്പോൾ ദൈവത്തോടു ചോദ്യങ്ങൾ ചോദിച്ചുകൊണ്ടിരുന്നു. തന്റെ നിയോഗങ്ങൾ ഭൂമിയിൽ എന്താണു ബാക്കിയുള്ളത്? ഒരു മനുഷ്യാത്മാവിനെ ഇങ്ങനെ അഗ്നിയിലിട്ട് ഉരുക്കുന്നതെന്തിന്? എന്നാണ് നിന്റെ ചിറകിൻ കീഴിൽ എനിക്ക് അഭയം കിട്ടുക? പറഞ്ഞറിയിക്കാൻ പറ്റാത്ത ഒരു ദുഃഖം, അതിരുകളില്ലാത്ത ഒരേകാന്തത ഞാൻ ഹൃദയത്തിലനുഭവിക്കുന്നു. എന്നാണ് നിന്റെ കരങ്ങളും ശബ്ദവും എന്നെത്തേടിവരിക...

"ഒഴുകുന്ന പുഴപോലെയാണ് കാലവും..."

കുഞ്ഞച്ചൻ കൂടുതൽ അവശനായിത്തീരുകയായിരുന്നു. ക്ഷീണം ഇരട്ടിച്ചു. രണ്ടു കാലുകളിലും നീരുവീർത്തു. കാഴ്ച നാമമാത്രമായി. ശബ്ദം നേർത്ത കാറ്റുപോലെയായി.

കുഞ്ഞച്ചനെ കൂടക്കൂടെ സന്ദർശിക്കുകയും ചികിത്സിക്കുകയും ചെയ്തിരുന്ന രാമപുരത്തെ ഡോക്ടർമാരുടെ നിർദ്ദേശപ്രകാരം കുഞ്ഞച്ചനെ ചക്കാമ്പുഴ ലോരത്തുഗിരി ആശുപത്രിയിലേക്കു മാറ്റി. പക്ഷേ, ഏതാനും ദിവസത്തെ ചികിത്സയ്ക്കുശേഷം കുഞ്ഞച്ചനെ രാമപുരത്തേക്കുതന്നെ കൊണ്ടുപോരുകയാണു ചെയ്തത്.

പക്ഷേ, അധികനാൾ പള്ളിമുറിയിൽ താമസിക്കുവാൻ സാഹചര്യങ്ങൾ കുഞ്ഞച്ചനെ അനുവദിച്ചിരുന്നില്ല. സദാനേരവും സഹായികളുടെ സാമീപ്യം വേണം. കൂടക്കൂടെ വസ്ത്രങ്ങൾ മാറ്റണം. കുറച്ചുമതിയെങ്കിലും ഭക്ഷണം ചൂടോടെ കൊടുക്കണം. രാത്രിയിൽ ആരെങ്കിലുമൊക്കെ ഉറക്കമിളിച്ചിരുന്നു ശുശ്രൂഷിക്കണം.

ഒട്ടും ഇഷ്ടമില്ലാതിരുന്നിട്ടും വികാരി പുഞ്ചാക്കുന്നേലച്ചന്റെ താത്പര്യപ്രകാരം കുഞ്ഞച്ചനെ തേവർപറമ്പിൽ തറവാട്ടിലേക്കു കൊണ്ടുപോന്നു.

തേവർപറമ്പിൽ തറവാട്ടിൽ വിശാലമായ ഒരു മുറിയാണ് കുഞ്ഞച്ചനുവേണ്ടി ഒരുക്കിയിരുന്നത്. സന്ദർശകരുടെ ആധിക്യമുള്ളപ്പോൾ അസൗകര്യമുണ്ടാകാതിരിക്കാൻവേണ്ടി മുറിയുടെ മധ്യത്തിൽ ഒരു വിരിയിട്ട് രണ്ടായിത്തിരിച്ചിരുന്നു.

കുഞ്ഞച്ചന്റെ മൂത്ത ജ്യേഷ്ഠൻ പരേതനായ മത്തായിയുടെ മകന്റെ ഭാര്യയും കുടുംബനാഥയുമായ മറിയക്കുട്ടിയും അവരുടെ മക്കളും കുഞ്ഞച്ചനുവേണ്ട എല്ലാ ശുശ്രൂഷകളും ചെയ്യാൻ സദാ സന്നദ്ധരായിരുന്നു. കുശിനിക്കാരനായ കൊച്ചേപ്പും കുഞ്ഞച്ചനുവേണ്ടി അവരോടൊപ്പമുണ്ടായിരുന്നു.

പള്ളിമുറിയിൽനിന്നു തേവർപറമ്പിലേക്ക് അടർത്തിമാറ്റപ്പെട്ടത് കുഞ്ഞച്ചന് അനല്പമായ സങ്കടമുണ്ടാക്കി. എങ്കിലും കുഞ്ഞച്ചൻ പ്രത്യാശയുള്ളവനായി ഭവിച്ചു. കുഞ്ഞച്ചന്റെ പ്രത്യാശ കാറ്റിൽ ഇളകുന്ന പുല്ലുപോലെയോ, തിരകൾ പരത്തുന്ന നുരപോലെയോ അഴിഞ്ഞുപോകുന്ന പുകപോലെയോ ആയിരുന്നില്ല. കർത്താവിൽ അത് ഉടയാത്ത ശിലപോലെയായിരുന്നു. അല്ലെങ്കിൽത്തന്നെ എന്ത്? നിത്യനായവന്റെ മുൻപിൽ ഒരു നാഴികമണിപോലെയല്ലയോ ജീവിതം.

പള്ളിമുറിയിൽനിന്ന് വീട്ടിലെത്തി കുറെ നാളത്തേക്കു ക്ഷീണവും രോഗവും കുറയുന്നതായി തോന്നിയെങ്കിലും ജീവിതം അവസാനിക്കാറായി എന്ന് കുഞ്ഞച്ചനു ബോധ്യമുണ്ടായിരുന്നു. ആയതിനാൽ ഏതു നിമിഷവും സ്വർഗ്ഗത്തിൽനിന്നുള്ള വിളി സ്വീകരിക്കുവാൻ കുഞ്ഞച്ചൻ സദാ സന്നദ്ധനായിരുന്നു.

അതുകൊണ്ടാണ് കുഞ്ഞച്ചൻ ജ്യേഷ്ഠത്തി മറിയക്കുട്ടിയെയും പി.റ്റി. അഗസ്റ്റിനെയും വിളിപ്പിച്ചത്. അവരുടെ പക്കൽ ഒരു അഞ്ഞൂറ് രൂപ ഏല്പിച്ചുകൊണ്ട് കുഞ്ഞച്ചൻ പറഞ്ഞു:

"ഇത് എന്റെ സംസ്കാരച്ചടങ്ങുകൾക്കായി ഞാൻ സൂക്ഷിച്ചിരുന്നതാണ്. മറ്റു സമ്പാദ്യങ്ങളൊന്നും എനിക്കില്ല. എന്റെ മരണശേഷം ശ്രാദ്ധാടിയന്തിരങ്ങൾ ഒന്നും നടത്തേണ്ടതില്ല. എനിക്കുവേണ്ടി ഹൃദയപൂർവ്വം പ്രാർത്ഥിച്ചാൽ മതി."

അതൊരു വല്ലാത്ത നിമിഷമായിരുന്നു. ഒരു മരണമൊഴിപോലെ അതു കേൾവിക്കാരിൽ വിങ്ങലുണ്ടാക്കി. സങ്കടവും പ്രാർത്ഥനയും ഉള്ളിലൊരുക്കി അവർ പറഞ്ഞു.

"എല്ലാം കുഞ്ഞച്ചന്റെ ഇഷ്ടംപോലെ..."

കുഞ്ഞച്ചൻ കുറച്ചുകാലം മുൻപ് ഒരു വിൽപത്രം എഴുതി വച്ചിരുന്നു. അതിന്റെരത്നച്ചുരുക്കം ഇപ്രകാരമായിരുന്നു:

"സ്ഥാവരജംഗമവസ്തുക്കളായി എനിക്കൊന്നുമില്ല. മുറിയിലെ ഉപകരണങ്ങളെല്ലാം ബ. കോലത്തച്ചന്മാരുടെ വകയാണ്. എന്റെ കൈയിൽനിന്ന് ഉപദേശിമാർക്കു ശമ്പളം കൊടുത്ത വകയിൽ നാനൂറ്റി അറുപത്തിനാലുരൂപ ആറണ മൂന്നു പൈസ എനിക്കു കിട്ടാനുണ്ട്. എനിക്ക് അഞ്ഞൂറു രൂപ തികയ്ക്കാൻ പറ്റാത്തപക്ഷം, എന്റെ മൂത്ത ജ്യേഷ്ഠന്റെ മകൻ ഔസേപ്പ് മത്തായി ബാക്കികൂടി പള്ളിയിൽ കൊടുത്ത് അഞ്ഞൂറു തികയ്ക്കണം. അതിന്റെ പലിശകൊണ്ട് ആണ്ടുതോറും എന്റെ മരണദിവസം പാട്ടുകുർബാനയും ഒപ്പീസും കഴിക്കണം.

"എന്റെ ശവസംസ്കാരം തികച്ചും അനാഡംബരമായിരിക്കണം. മൃതശരീരം വയ്ക്കുന്നതിനുള്ള പെട്ടി ഇരുപത്തഞ്ചുരൂപയിൽ കൂടുതൽ വിലയുള്ളതാകരുത്. ആയിരത്തിത്തൊള്ളായിരത്തി ഇരുപത്തിയാറുമുതൽ ഞാൻ അവശക്കത്തോലിക്കരുടെ കൂടെയാണ് കഴിഞ്ഞുപോന്നിരുന്നത്. അതുകൊണ്ട് എന്നെയും അവരോടൊപ്പം സംസ്കരിക്കണം. എന്റെ മരണം പത്രദ്വാരാ പ്രസിദ്ധപ്പെടുത്തേണ്ടതില്ല.

"സദ്യ നടത്തിയുള്ള ശ്രാദ്ധം കഴിക്കേണ്ടതില്ല. പകരം ചെറിയ ഒപ്പീസ് കഴിഞ്ഞ് ജ്യേഷ്ഠന്മാരുടെ പിൻതുടർച്ചക്കാരിൽ മൂത്തയാൾ തളികവച്ച് ശ്രാദ്ധത്തിന്റെ മന്ത്രാ കഴിച്ചാൽ മതി. അന്നേദിവസം കുടുംബാംഗങ്ങളും സൗകര്യപ്പെടുന്ന അവശക്കത്തോലിക്കരും കുമ്പസാരിച്ചു കുർബാന കൈക്കൊള്ളണം."

ചേട്ടത്തിയെയും അഗസ്റ്റിനെയും തന്റെ മരണാനന്തരകാര്യങ്ങളെല്ലാം ഭരമേല്പിച്ചപ്പോൾ തന്റെ മനസ്സിന്റെ ഭാരം കുറഞ്ഞതുപോലെ കുഞ്ഞച്ചനു തോന്നി. ഇപ്പോൾ ആശങ്കകളൊന്നുമില്ല. ഒരപ്പൂപ്പൻതാടിപോലെയാണ് ഹൃദയം. അതു സ്വർഗ്ഗത്തിലേക്കു പറക്കാൻ വെമ്പൽ കൂട്ടുന്നു.

രാവിലെ രാമപുരം പള്ളിയിൽനിന്ന് കൊച്ചച്ചൻ എഴുന്നള്ളിച്ചുകൊണ്ടുവന്ന ദിവ്യകാരുണ്യം സ്വീകരിച്ചതോടെ കുഞ്ഞച്ചന് അലൗകികമായ ഒരു ശാന്തത അനുഭവവേദ്യമാകുന്നു.

ത്രികാലങ്ങളുടെ അതിരുകളിൽ എവിടെനിന്നോ കുഞ്ഞച്ചൻ ശാന്തിയുടെ ഒരു സംഗീതം കേൾക്കുന്നു. ഒരു സ്വർഗ്ഗസംഗീതത്തിന്റെ മഞ്ഞുതുള്ളികൾ കുഞ്ഞച്ചനുമേൽ വർഷിക്കപ്പെടുന്നു.

*(തുടരും)*

# മഴക്കാലചർമ്മസംരക്ഷണം

## ആരോഗ്യവീഥി




ഡോ. അമൃത എലിസബത്ത് വർഗീസ്
*മാർ സ്ലീവാ മെഡിസിറ്റി, പാലാ*

മഴക്കാലം എല്ലാവരും ഇഷ്ടപ്പെടുന്നു. എന്നാൽ മഴക്കാലത്തോടൊപ്പംവരുന്ന നിരവധി രോഗങ്ങളുണ്ട്. അതിലൊന്നാണ് ചർമ്മരോഗങ്ങൾ. ചർമ്മരോഗങ്ങൾ വന്നാൽ ചികിത്സ കൂടിയേ തീരൂ. ചർമ്മസംരക്ഷണം വളരെ പ്രധാനമാണ്.

മഴക്കാലത്ത് ഏറ്റവുമധികം കാണുന്നത് വരണ്ട ചർമ്മമാണ്. തണുപ്പുകാലത്തു ചർമ്മത്തിലെ ഈർപ്പം കുറയുകയും ചർമ്മം വരണ്ടതാകുകയും ചെയ്യുന്നു. അപ്പോൾ ചൊറിച്ചിലുണ്ടാകുന്നു. അതിനാൽ ധാരാളം വെള്ളം കുടിക്കണം. ഉപയോഗിക്കുന്ന സോപ്പ് വീര്യം കുറഞ്ഞതാകാൻ ശ്രദ്ധിക്കുക. അതായത്, അധികം പതയുന്ന സോപ്പുകൾ ഉപയോഗിക്കാതിരിക്കുക. കുളി കഴിഞ്ഞാൽ നനവോടെ നല്ലൊരു മോയിസ്ചറൈസർ (Moisturizer) ഡോക്ടറുടെ നിർദ്ദേശത്തോടെ ഉപയോഗിക്കുക. ശരീരത്തിന് ഏറ്റവും നല്ല മോയിസ്ചറൈസർ വെള്ളംതന്നെ. മുഖക്കുരുവുള്ള ഒരാൾക്കാണ് വരണ്ട ചർമ്മമെങ്കിൽ അതിനനുയോജ്യമായ മോയിസ്ചറൈസർ ഇപ്പോൾ ലഭ്യമാണ്.

പ്രധാനപ്പെട്ട ഒരു കാര്യം സൺസ്ക്രീനാണ്. മഴക്കാലത്ത് എന്തിന് സൺസ്ക്രീൻ ഉപയോഗിക്കണം എന്നൊരു തെറ്റായ ധാരണ നമുക്കുണ്ട്. പുറത്തൊന്നും പോകുന്നില്ലല്ലോ. മഴക്കാലമാണെങ്കിലും അന്തരീക്ഷവായുവിലുള്ള ഓസോൺ പാളികളിലെ സുഷിരങ്ങളിൽക്കൂടി വരുന്ന അൾട്രാവയലറ്റ് രശ്മികൾ നമ്മുടെ ചർമ്മം കറുക്കുന്നതിനും ചർമ്മത്തിൽ ചുളിവുകൾ ഉണ്ടാക്കുന്നതിനും അസ്വസ്ഥത ഉണ്ടാക്കുന്നതിനും കാരണമാകുന്നു.


അതുപോലെതന്നെ കണ്ടുവരുന്ന ഒന്നാണ് ഫംഗൽ ഇൻഫക്ഷൻസ്. ഇവ പ്രധാനപ്പെട്ടതും ഒപ്പം ശ്രദ്ധിക്കേണ്ടതുമാണ്. മഴക്കാലത്ത് കൈകാലുകൾ വെള്ളവുമായി കൂടുതൽ സമ്പർക്കത്തിലായതുകൊണ്ട് നമ്മുടെ കൈകാൽവിരലുകൾക്കിടയിൽ അണുബാധയുണ്ടാകാൻ സാധ്യതയുണ്ട്. ഉദാഹരണം: വളംകടി. അതിനാൽ കൈകാൽവിരലുകൾ എപ്പോഴും ഈർപ്പരഹിതമായിരിക്കാൻ ശ്രദ്ധിക്കണം.



മഴക്കാലത്ത് മുടി കൂടുതൽ വരണ്ടതാകാൻ സാധ്യതയുണ്ട്. അതിനാൽ മുടി കഴുകുമ്പോൾ ഒരു മൈൽഡ് ഷാമ്പുവും ഒപ്പം കണ്ടീഷണറും ഉപയോഗിക്കുക. ഇതിൽ കണ്ടീഷണറാണ് പ്രധാനം. അതു മുടിയുടെ മൃദുലത നിലനിർത്തുന്നു. ഷാമ്പു തലയോട്ടിയിലെ അഴുക്കുകൾ മാത്രമാണു നീക്കം ചെയ്യുന്നത് എന്നോർക്കുക. എണ്ണ ഉപയോഗിക്കുന്നവരാണെങ്കിൽ കൂടിയത് പത്തുമിനിറ്റു മാത്രം എണ്ണമയം നിലനിർത്തിയാൽ ശേഷം ഷാമ്പു ഉപയോഗിച്ച് എണ്ണമയം നീക്കം ചെയ്യുക. കാരണം, താരൻ ഉണ്ടാക്കുന്ന ഫംഗസ്, ഓയിലി മീഡിയത്തിലാണു വളരുന്നത്.

ഇപ്പോൾ കൊവിഡ് കാലമാണല്ലോ. എല്ലാവരും നിർബന്ധമായും മാസ്ക് ഉപയോഗിക്കുന്നു. ചിലരിൽ മാസ്ക് വയ്ക്കുന്ന ഭാഗങ്ങളിൽ മുഖക്കുരുവും ചൊറിച്ചിലും അനുഭവപ്പെടുന്നു. അതിനാൽ മാസ്ക് ഉപയോഗിക്കുന്നതിനു മുമ്പും ശേഷവും ഒരു മൈൽഡ് ഫേസ്വാഷ് ഉപയോഗിച്ച് മുഖം വൃത്തിയാക്കുക.

കുറഞ്ഞത് ഇത്രയുംകാര്യങ്ങൾ ശ്രദ്ധിച്ചാൽ മഴക്കാലത്തും ചർമ്മരോഗങ്ങളെ ഭയപ്പെടേണ്ട.




**ഓഗസ്റ്റ് 16**
**കൈത്താക്കാലം**
**അഞ്ചാം ഞായർ**



ലേവ്യ 23,33 – 44
ഏശയ്യ 28,14 – 22
2 കോറി 12,14 – 21
ലൂക്കാ 16,19 – 31

ഡോ. സെബാസ്റ്റ്യൻ കുറ്റിയാനിക്കൽ

# സമസ്തവും മിശിഹാകേന്ദ്രീകൃതം



ഈജിപ്തിലെ അടിമത്തത്തിൽനിന്നു മോശയുടെ നേതൃത്വത്തിൽ വിമോചിപ്പിക്കപ്പെട്ട ഇസ്രായേൽജനം അവിടെനിന്നു സീനായ്മലയുടെ താഴ്‌വാരത്താണ് ആദ്യംതാവളമടിക്കുന്നത്. അവിടെ ജനം ദൈവത്തെ ആരാധിക്കുകയും ദൈവം ഇസ്രായേലുമായി ഉടമ്പടി ചെയ്യുകയും ഇസ്രായേൽ ദൈവത്തിന്റെ തിരഞ്ഞെടുക്കപ്പെട്ട ജനമാവുകയും ചെയ്തു. ആ ജനത്തിന്റെ കൂടെ വസിക്കുവാൻ ദൈവം ആഗ്രഹിക്കുകയും തന്റെ സാന്നിധ്യം അവരുടെ ഇടയിൽ ഉണ്ടായിരിക്കുന്നതിനു സാക്ഷ്യപേടകം നിർമിക്കുവാൻ ആവശ്യപ്പെടുകയും അവിടെ തന്റെ അദൃശ്യമായ സാന്നിധ്യം ദൃശ്യമായ അടയാളങ്ങളിലൂടെ നല്കുകയും ചെയ്യുന്നു. പുറപ്പാട് പുസ്തകത്തിനുശേഷമുള്ള ലേവ്യരുടെ പുസ്തകത്തിൽ പറയുന്നത്, ദൈവത്തിന്റെ ജനമായിത്തീർന്ന ഇസ്രായേൽജനം എപ്രകാരമാണ് ദൈവത്തോടുള്ള കടമകൾ നിവർത്തിക്കേണ്ടണ്ടത് എന്ന കാര്യമാണ്. എപ്രകാരം ദൈവത്തിന് ആരാധനയും ബലിയർപ്പണങ്ങളും നടത്തണമെന്നും ദൈവതിരുമുമ്പിലും സഹോദരങ്ങൾക്കിടയിലും എങ്ങനെ വിശുദ്ധിയോടെ ജീവിക്കണമെന്നുമെല്ലാം അതിൽ വിവരിക്കുന്നു. നിശ്ചിതസമയങ്ങളിൽ തിരുനാളുകൾ നടത്തണമെന്നും ദൈവം ചെയ്തിട്ടുള്ള അനുഗ്രഹങ്ങളെ അനുസ്മരിക്കണമെന്നും ദൈവത്തിനു നന്ദി പറയണമെന്നും സഹോദരങ്ങളുമായി സന്തോഷത്തോടെ ജീവിക്കണമെന്നും ഈ ഗ്രന്ഥത്തിൽ കാണാം.

ലേവ്യരുടെ പുസ്തകത്തിൽനിന്നു ശ്രവിച്ച വചനഭാഗത്ത് ഇസ്രായേൽജനം കൂടാരത്തിരുനാൾ ആചരിക്കേണ്ടത് എപ്രകാരമെന്ന് ഉൾച്ചേർത്തിരിക്കുന്നു. ഇസ്രായേൽജനം ഈജിപ്ത്തിൽനിന്നു പോന്ന് മരുഭൂമിയിലൂടെ യാത്ര ചെയ്യുന്നയവസരത്തിൽ കൂടാരങ്ങളിൽ താമസിച്ചിരുന്നതിനെ അനുസ്മരിച്ചുകൊണ്ടാണ് കൂടാരത്തിരുനാൾ ആചരിച്ചിരുന്നത്. തിരുനാളാചരണത്തിന്റെ പ്രധാന ഘടകം വിശുദ്ധ സമ്മേളനങ്ങളും ബലിയർപ്പണങ്ങളുമായിരുന്നു. തിരുനാൾദിവസങ്ങൾ സന്തോഷിച്ചാനന്ദിക്കുന്നതിനുള്ള അവസരംകൂടിയായിരുന്നു. വിളവെടുപ്പുകാലം കഴിഞ്ഞ് ഏഴു ദിവസം നീളുന്നതായിരുന്നു കൂടാരത്തിരുനാൾ. കൃഷിയുടെ വിളവെടുപ്പു കഴിയുമ്പോൾ ദൈവത്തിനു നന്ദിപറയുന്നതിനും സഹോദരങ്ങളുമായി വിളവ് പങ്കുവച്ചു സന്തോഷിക്കുന്നതിനുമുള്ള അവസരം.

ദൈവവുമായുള്ള ഉടമ്പടി മറന്ന് തിന്മയുമായി ഉടമ്പടി ചെയ്ത് ദൈവത്തിൽനിന്നകന്നുപോകുന്നതിനെതിരേ, അവരെ നയിക്കുന്നവർക്കെതിരേ, ശക്തമായ താക്കീതു നല്കുന്ന പ്രവാചകശബ്ദമാണ് ഏശയ്യാപ്രവാചകന്റെ ഗ്രന്ഥത്തിൽനിന്നു വായിക്കുന്നത്. ദൈവത്തിന്റെ ഇടപെടൽ ഉണ്ടാകുമ്പോൾ യഥാർഥമായ വിശ്വാസമുള്ളവൻ ചഞ്ചലചിത്തനാവുകയില്ലായെന്നും പ്രവാചകൻ ഓർമിപ്പിക്കുന്നു. ആത്മാർഥത നഷ്ടപ്പെട്ട ജനനേതാക്കളെ, മരണവുമായി ഉടമ്പടിയിലേർപ്പെട്ടവരെ, ഏശയ്യായുടെ പുസ്തകത്തിൽ കാണുമ്പോൾ യഥാർഥശുശ്രൂഷകന്റെ മനോഭാവം എന്തായിരിക്കണം എന്ന് പൗലോസ് ശ്ലീഹാ തന്റെതന്നെ ജീവിതത്തിന്റെ ആധികാരികതയിൽ അടിസ്ഥാനമിട്ടു സംസാരിക്കുന്നതാണ് ലേഖനഭാഗത്തു വായിക്കുന്നത്. വസ്തുക്കളെക്കാളധികമായി വ്യക്തികൾക്കു പ്രാധാന്യം നല്കുന്ന സുവിശേഷമാണ് ശ്ലീഹ പ്രാവർത്തികമാക്കുന്നത്. സമസ്തവും മിശിഹായിൽ കേന്ദ്രീകരിച്ചു പ്രവർത്തിക്കുന്നു.

വ്യക്തിക്കു പ്രാധാന്യം നല്കാതെ വസ്തുക്കളിൽ ഭ്രമിച്ചുകഴിഞ്ഞിരുന്ന ഒരു ധനികന്റെയും അവന്റെ വീട്ടുവാതില്ക്കൽ കിടന്നിരുന്ന ഒരു ദരിദ്രന്റെയും അവസ്ഥ ഒരു ഉപമയിലൂടെ ഈശോ പറഞ്ഞുതരുന്ന വിവരണമാണ് വിശുദ്ധ സുവിശേഷത്തിൽ വായിക്കുന്നത്. ഈ ഉപമയിൽനിന്നു പഠിക്കാവുന്ന ചില പാഠങ്ങൾ: ഈലോകജീവിതാന്ത്യത്തിൽ മരണം എല്ലാവർക്കും ബാധകമായ ഒരു യാഥാർഥ്യമാണ്. മരണശേഷവും ആത്മാവ് ജീവിക്കുന്നു. ഇഹലോകജീവിതത്തെ അടിസ്ഥാനപ്പെടുത്തിയായിരിക്കും വരുവാനുള്ള ജീവിതവും. ഇഹലോകജീവിതത്തിൽ മനുഷ്യജീവിതത്തിനുള്ള മാർഗദർശികളാണ് മോശയും പ്രവാചകന്മാരും, അതായത് വിശുദ്ധ വചനം. ദൈവവചനത്തിനു വിധേയപ്പെട്ടുള്ള ജീവിതമാണ് ദൈവം ഒരുവനിൽനിന്ന് ആഗ്രഹിക്കുന്നത്. എലെയാസർ എന്ന് ഹീബ്രു പേരാണ് ലാസർ എന്നു ഗ്രീക്കു ഭാഷയിൽ ഉപയോഗിച്ചിരിക്കുന്നത്. എലെയാസർ എന്ന വാക്കിന് ദൈവം സഹായിക്കുന്നു എന്നാണർഥം. ആരും സഹായിക്കുവാനില്ലാത്തവനും ദൈവം തുണയായിരിക്കുന്നു എന്ന ചിന്തയും തിരുവചനം പങ്കുവയ്ക്കുന്നു. □

# ഒരു മഴയും തോരാതിരുന്നിട്ടില്ല...

## തോരാത്ത പാട്ടുമായി സാജനച്ചൻ



സങ്കടങ്ങളുടെ പെരുമഴക്കാലം എത്ര വലുതായിരുന്നാലും അതു പെയ്തു തോരാതിരിക്കില്ലെന്ന് സാജനച്ചൻ നമ്മെ സാന്ത്വനിപ്പിക്കുന്നു. കൊടുങ്കാറ്റ് ഇളങ്കാറ്റാകാനും വേനൽ വസന്തമാകാനും ഇരുട്ടു വെളിച്ചത്തിനു വഴിമാറാനും നിമിഷങ്ങൾ മതിയെന്നും അതിനു ദൈവകൃപയിലുള്ള ആശ്രയം മാത്രം മതിയെന്നും പറയുന്നത് ഫാ. സാജൻ പി. മാത്യു. ഗാനരചയിതാവും സംഗീതജ്ഞനുമായ സാജനച്ചന്റെ ഒരു മഴയും തോരാതിരുന്നിട്ടില്ല... ഒരു കാറ്റും അടങ്ങാതിരുന്നിട്ടില്ല എന്ന പ്രസിദ്ധമായ ഗാനം പ്രളയപ്പേടിയിലും മഹാമാരിയുടെ തീവ്രതയിലും ജീവിക്കുന്നവർക്ക് പ്രത്യാശയുടെ സങ്കീർത്തനമാണ്. അദ്ദേഹത്തിന്റെ അധരങ്ങളിലൂടെ ആ ഗാനം കേൾക്കുന്നവർക്ക് സൗഖ്യത്തിന്റെ ആത്മീയാനുഭവമാണുള്ളത്.

തിരുവല്ല വാളക്കുഴി വി.സി.മാത്യു-അന്നമ്മ മാത്യു ദമ്പതികളുടെ ഇളയമകനാണ് ഫാ. സാജൻ പി. മാത്യു. വിദ്യാഭ്യാസകാലത്ത് കലാരംഗത്തു സജീവമായിരുന്ന സാജനച്ചൻ അഭിനയകുലപതിയായിരുന്ന തിലകന്റെ ശിക്ഷണത്തിൽ നിരവധി നാടകങ്ങളിൽ അഭിനയിച്ചിട്ടുണ്ട്.

മാർത്തോമ്മാസഭയിലെ വൈദികനായി 1988-ലാണ് സാജൻ പി. മാത്യു പട്ടം സ്വീകരിച്ചത്. പുരോഹിതനായിക്കഴിഞ്ഞും സംഗീതരംഗത്തു തുടരാൻ സാജനച്ചനെ സഭ അനുവദിച്ചു. ഇന്ത്യയ്ക്കകത്തും പുറത്തുമായി നിരവധി ദേവാലയങ്ങളിൽ അച്ചൻ സേവനമനുഷ്ഠിച്ചിട്ടുണ്ട്.

ദൈവകൃപയുടെ വഴിയിലൂടെ സാജനച്ചന്റെ ജീവിതം ശാന്തമായി മുന്നോട്ടുപോകുമ്പോഴാണ് മാരകമായ ഒരു രോഗം അദ്ദേഹത്തെ കടന്നാക്രമിച്ചത്. 2013 ജൂൺ മാസത്തിലെ ഒരു ദിവസം വി.കുർബാനമധ്യേ മൂക്കിനുള്ളിൽ തടസ്സം അനുഭവപ്പെട്ടതിനെത്തുടർന്നാണ് അച്ചൻ പരിശോധനകൾക്കു വിധേയനായത്. പരിശോധനാഫലങ്ങൾ വേദനാജനകമായിരുന്നു. മൂക്കിനുള്ളിൽ കാണപ്പെട്ട ട്യൂമർ തന്റെ വൈദികശുശ്രൂഷയ്ക്കും സംഗീതജീവിതത്തിനും എത്രത്തോളം തടസ്സമാണെന്ന കാര്യം വളരെ ദുഃഖത്തോടെയാണ് സാജനച്ചൻ തിരിച്ചറിഞ്ഞത്.

വിദഗ്ധ ചികിത്സയിലൂടെ രോഗത്തെ അതിജീവിച്ച് വിജയശ്രീലാളിതനായി തന്റെ കർമ്മപഥത്തിലേക്ക് അച്ചൻ മടങ്ങിവന്നു. ഒപ്പം, സൗഖ്യദായകനായ ദൈവത്തിന്റെ അദ്ഭുതകരമായ ഇടപെടലുകൾക്കു മുമ്പിൽ അച്ചൻ നമ്രശിരസ്കനാകുന്നു.

മാർത്തോമ്മാസഭയുടെ സംഗീതവിഭാഗത്തിന്റെ ചുക്കാൻ പിടിക്കുകയാണ് അച്ചനിപ്പോൾ. കൂടാതെ, വിദ്യാർത്ഥികൾക്കുവേണ്ടിയുള്ള സംഘടനയായ സ്ക്രിപ്ചർ യൂണിയൻ ആൻഡ് സി.എസ്.എസ്. എമ്മിന്റെ സെക്രട്ടറിയായും സേവനമനുഷ്ഠിക്കുന്നു. കുട്ടികൾക്ക് ആവശ്യമായ മൂല്യാധിഷ്ഠിതപരിപാടികൾ നടത്തുകയെന്നതാണ് ഈ സംഘടനയുടെ മുഖ്യലക്ഷ്യം. യുവതലമുറ അഭിമുഖീകരിക്കുന്ന നിരവധിയായ പ്രശ്നങ്ങളെ നേരിടാനും അവർക്കു ദിശാബോധം പകരാനും അച്ചൻ ഉജ്ജ്വലനേതൃത്വം നൽകുന്നു.

നൂറിലേറെ ക്രൈസ്തവഭക്തിഗാനങ്ങൾ എഴുതി ചിട്ടപ്പെടുത്തിയ സാജനച്ചന്റെ സംഗീതശേഖരത്തിൽ ഏറെ മനോഹരമായത്, 'ഒരു മഴയും തോരാതിരുന്നിട്ടില്ല...' എന്നാരംഭിക്കുന്ന ഗാനം തന്നെയാണ്. പ്രതീക്ഷയുടെ തീരത്തേക്കു നമ്മെ കൈപിടിച്ചുകൊണ്ടുപോകുന്ന 'വരാനിനി വൈകരുതേ നാഥാ....', 'സ്നേഹിച്ചു സ്നേഹിച്ചു തീരാതെ...' തുടങ്ങിയ ഗാനങ്ങളും പ്രസിദ്ധങ്ങളാണ്.

□

# മറിയം സ്ത്രീകളുടെ പാഠപുസ്തകം



സി. ഡോ. തെരേസ് ആലഞ്ചേരി SABS

അയാൾ വളരെ മനോഹരമായി വയലിൻ വായിക്കുമായിരുന്നു. ഒരു നാൾ പെട്ടെന്ന് തന്റെ പാട്ടു നിർത്തി. വയലിൻ മാറ്റിവച്ചു. സുഹൃത്തുക്കൾ ചോദിച്ചു, താങ്കൾക്കെന്തുപറ്റി? ഒരു വിതുമ്പലോടെ അയാൾ പറഞ്ഞു, എന്റെ ഭാര്യ മരിച്ചു. ജീവിതത്തിന്റെ സംഗീതം ഇല്ലാതായി. ഇനി ഞാൻ പാടുന്നില്ല. അരങ്ങിൽ നിറഞ്ഞുനിന്ന എന്നെയും എന്റെ സ്വരത്തെയും മാത്രമേ നിങ്ങളറിഞ്ഞിട്ടുള്ളൂ. അണിയറയിൽ മറഞ്ഞിരുന്ന എന്റെ ഭാര്യയെ നിങ്ങൾ കണ്ടിട്ടില്ലല്ലോ... ഒരു പുരുഷൻ സ്ത്രീക്കു നൽകുന്ന ഏറ്റവും ശ്രേഷ്ഠമായ ആദരവിന്റെ നനവുള്ള വാക്കുകളാണിത്.



'സ്ത്രീ' എന്നാൽ 'സത്യം ത്രായതേ ഇതി.' സത്യത്തെ പരിരക്ഷിക്കുന്നവൾ എന്നർത്ഥം. ക്രിസ്തുവാകട്ടെ സ്വന്തം അമ്മയെ സംബോധന ചെയ്തത് 'സ്ത്രീയേ' എന്നു വിളിച്ചുകൊണ്ടാണെന്ന് യോഹന്നാൻ ശ്ലീഹാ സാക്ഷ്യപ്പെടുത്തുന്നു. സമഗ്രമായ അർത്ഥതലങ്ങളുള്ള ശ്രേഷ്ഠപപദമാണ് 'സ്ത്രീ'. സത്യം എന്നത് ക്രിസ്തുവാണ്. അതിനാൽ ക്രിസ്തുവിനെ പരിരക്ഷിച്ചവൾ 'അമ്മ' എന്ന അർത്ഥത്തിലാകണം നാം അതിനെ വ്യാഖ്യാനിക്കാൻ. അമ്മ മറിയം സ്ത്രീത്വത്തിന്റെ ഉടൽഭാഷ്യമാണ്.

കഴിയുമോ നിനക്കീ അഗ്നികുണ്ഡത്തെ ഗർഭം ധരിക്കാൻ എന്ന സ്വർഗ്ഗത്തിന്റെ ചോദ്യത്തിനു മുന്നിൽ പതറാതെ നിന്ന് ആമ്മേൻ പറഞ്ഞവൾ. 'നിന്റെ ഹൃദയത്തിലൂടെ ഒരു വാൾ കടക്കും' എന്ന ശിമയോന്റെ വാക്കുകൾക്കുപോലും സ്ത്രീത്വത്തിന്റെ ലാവണ്യത്തിന് മങ്ങലേല്പിക്കാൻ കഴിഞ്ഞില്ല. സങ്കടങ്ങളുടെ വാൾമുനയിൽനിന്നുകൊണ്ട് അവൾ സത്യത്തെ പരിരക്ഷിക്കുകയായിരുന്നു എന്നു വേണം കരുതാൻ. സ്വന്തം നിയോഗങ്ങൾ തിരിച്ചറിഞ്ഞ വ്യക്തികൾ വിപരീതാനുഭവങ്ങളെ കുലീനമായി സ്വീകരിക്കും എന്നതിന് പരിശുദ്ധ അമ്മയുടെ ജീവിതം മാതൃകയാകുന്നു. എവിടെയായിരുന്നാലും ശരി ആയിരിക്കുന്ന ഇടങ്ങളെ അലങ്കരിക്കുന്നവളാകണം സ്ത്രീ.

കഠിനനിയമങ്ങൾ പാലിച്ചുപോന്ന യഹൂദപശ്ചാത്തലത്തിൽപ്പോലും 'മറിയം' എന്ന സാന്നിധ്യംകൊണ്ട് ആ ഇടങ്ങൾ ഒക്കെയും അലങ്കരിക്കപ്പെട്ടിരുന്നു. 'തനിക്കു പ്രസവിക്കാൻ കാലിത്തൊഴുത്തു മതി' എന്നു മറിയം പറഞ്ഞപ്പോൾ സ്വർഗ്ഗം അവിടെ പ്രത്യക്ഷമായി. ഇളയമ്മയെ പരിചരിക്കാൻ പോയപ്പോൾ ആ കുടുംബത്തിൽ പരിശുദ്ധാത്മാവിന്റെ സാന്നിധ്യം. കാനായിലെ കല്യാണവീട്ടിലെത്തിയപ്പോൾ ആ വീട് ചരിത്രത്തിന്റെ ഭാഗമായി. ഇങ്ങനെ മറിയം ആയിരുന്നിടത്തെല്ലാം ക്രിസ്തുവിന്റെ പരിമളമായി മാറി. കാരണം അവളിൽ സ്നേഹം, കരുണ, കരുതൽ, വിശ്വാസം, വാത്സല്യം, ശാലീനത എന്നീ ഗുണങ്ങൾ തിങ്ങിനിറഞ്ഞിരുന്നു. ഇന്നു സ്ത്രീകൾ തങ്ങൾക്കു സമൂഹത്തിൽ വേണ്ടത്ര സ്ഥാനമില്ല, പുരുഷന്റെയൊപ്പം ആദരവു കിട്ടുന്നില്ല എന്നു പറഞ്ഞ് വിലപിച്ചുനടക്കുകയാണ്.

ആരെപ്പോലെയും ആകാൻ ശ്രമിക്കാതെ സ്വന്തം നിയോഗങ്ങളും ഉത്തരവാദിത്വങ്ങളും തിരിച്ചറിഞ്ഞ് ആയിരിക്കുന്ന ഇടങ്ങളെ അലങ്കരിക്കാനാണ് സ്ത്രീകൾ ശ്രമിക്കേണ്ടത്. ജീവിക്കേണ്ടതുപോലെ ജീവിച്ചാൽ ആദരിക്കപ്പെടും എന്നതിന് ചരിത്രംതന്നെ സാക്ഷി.

കത്തിച്ച റാന്തൽവിളക്കുമായി മുറിവേറ്റ പട്ടാളക്കാർക്കിടയിലൂടെ നടന്ന് അവൾ അവരെ പരിചരിച്ചു. വെടിയുണ്ടകൾക്കുപോലും തകർക്കാൻ കഴിയാത്ത ആത്മബലത്തിന്റെ ഉടൽഭാഷ്യമായിരുന്നു അവൾ, ഫ്ളോറൻസ് നൈറ്റിംഗേൽ. ലോകത്തിനു മറക്കാനാകുമോ ഈ സ്ത്രീരത്നത്തെ? ഇങ്ങനെ സ്വയം വെളിച്ചമായി മാറിയവർ ധാരാളം. മദർ തെരേസ, അൽഫോൻസാമ്മ, സരോജിനി നായിഡു എന്നിങ്ങനെ അനേകർ ചരിത്രത്തിന്റെ താളുകളിൽ ഇടം നേടിയിട്ടുണ്ട്.

**സ്വന്തം നിയോഗങ്ങൾ തിരിച്ചറിഞ്ഞ വ്യക്തികൾ വിപരീതാനുഭവങ്ങളെ കുലീനമായി സ്വീകരിക്കും എന്നതിന് പരിശുദ്ധ അമ്മയുടെ ജീവിതം മാതൃകയാകുന്നു. എവിടെയായിരുന്നാലും ശരി ആയിരിക്കുന്ന ഇടങ്ങളെ അലങ്കരിക്കുന്നവളാകണം സ്ത്രീ.**

പെരുത്തപ്പെടാനും പരാജയപ്പെടാനും ഹൃദയങ്ങളെ കീഴടക്കാനും കഴിയുന്നവരാണു സ്ത്രീകൾ. എല്ലാവരും വെറുത്ത ഹിറ്റ്ലറിന്റെ ജീവിതത്തിൽ 'ഇവ' എന്ന സ്ത്രീ മാത്രമേ കാവലായി ഉണ്ടായിരുന്നുള്ളൂ. സങ്കടപ്പെടുന്നവരെ ചേർത്തുപിടിക്കാൻ മാത്രം ബലം സ്ത്രീകൾക്കുണ്ട്. ക്രിസ്തുവിന്റെ കുരിശുയാത്രയിൽ അമ്മ മറിയം അവനെ അനുഗമിച്ചിരുന്നത് ഓർക്കുക. എത്ര വലിയ ആത്മബലമായിരിക്കണം ക്രിസ്തു ആ നിമിഷങ്ങളിൽ അനുഭവിച്ചിരിക്കുക! സ്ത്രീക്കു മാത്രം നൽകാൻ കഴിയുന്ന ആത്മബലമാണത്.

അച്ഛൻ മരിച്ച രാത്രിയിൽ ഗാന്ധിജി കസ്തൂർബായുടെ അരികിലേക്കു പോയി. തന്നെ ആശ്വസിപ്പിക്കാൻ ആ സ്ത്രീരത്നത്തിനു കഴിയും എന്ന വിചാരം കൊണ്ടല്ലേ? വർഷങ്ങൾക്കുശേഷം മടങ്ങിവരുന്ന ബുദ്ധൻ യശോധരയുടെ അടുക്കലെത്തി. അമിതവൈകാരികതയ്ക്ക് ഇടംനൽകാതെ ആത്മസംയമനത്തോടെ അവൾ ബുദ്ധനെ സ്വീകരിച്ചു. ബുദ്ധൻ അനേകം യാത്രകളിലൂടെ സ്വന്തമാക്കിയ ജ്ഞാനം യശോധര അവളുടെ കുഞ്ഞാകാശത്തിലിരുന്നു നേടി എന്നു വേണം കരുതാൻ.

സഹിക്കാനും പൊറുക്കാനും ആത്മത്യാഗം ചെയ്യാനും സ്ത്രീയ്ക്കു സാധിക്കുന്നത് ബലഹീനതകൊണ്ടല്ല, ബലംകൊണ്ടാണ് എന്ന തിരിച്ചറിവ് ഓരോ സ്ത്രീക്കുമുണ്ടാകണം. അതിന് അവർക്കുള്ള പാഠപുസ്തകമാണ് മറിയം. സ്വന്തം ജീവിതത്തിന്റെ സുഗന്ധം നഷ്ടപ്പെടാതിരിക്കാൻ നമുക്കു മറിയത്തിന്റെ പാഠശാലയിലിരുന്നു ധ്യാനിക്കാം. ജീവിച്ച ഇടങ്ങളിൽ സ്വർഗ്ഗത്തെ സന്നിഹിതമാക്കിയ മറിയം ഉടലോടെ സ്വർഗ്ഗത്തിലേക്കു കരേറ്റപ്പെട്ടതിന്റെ ഓർമ്മകളിൽ നമുക്കു വ്യാപരിക്കാം.

□

# സത്യമറിയാത്ത സ്വാതന്ത്ര്യഘോഷങ്ങൾ

1–ാം പേജ് തുടർച്ച

ജ്ഞാനസ്നാനത്തിലൂടെ സഭാംഗങ്ങൾ ആകുന്നതുവഴി ദൈവത്തെ 'പിതാവേ' എന്നു വിളിക്കുന്നതിനുള്ള സ്വാതന്ത്ര്യം ഉണ്ടെന്നു പഠിപ്പിച്ചു. പക്ഷേ, ഈ സ്വാതന്ത്ര്യം ആദത്തിന്റെ കാര്യത്തിലെന്നതുപോലെ ദൈവവുമായുള്ള ബന്ധത്തിൽ വിള്ളലുണ്ടാകുമ്പോൾ നഷ്ടപ്പെട്ടുപോകുന്നു.

ക്രിസ്തുവിന്റെകൂടെ ഉണ്ടും ഉറങ്ങിയും കഴിഞ്ഞ യൂദാസ് ക്രിസ്തുശിഷ്യന്റെ സ്വാതന്ത്ര്യം അനുഭവിച്ചില്ല. ബൈബിളിൽ ധൂർത്തപുത്രന്റെ ഉപമയിലെ മൂത്ത പുത്രനു പറ്റിയ അബദ്ധവും ഇതുതന്നെ. തന്റെ പിതാവിന്റെയടുത്ത് അവനുള്ള സ്വാതന്ത്ര്യം അവൻതന്നെ നിഷേധിച്ചു. അവൻ പിതാവിനോടു ചോദിക്കുന്നു: "എത്ര വർഷമായി നിനക്കു ദാസ്യവേല ചെയ്യുന്നു" (ലൂക്കാ 15:29). പരസ്പരം അറിയുകയും മനസ്സിലാക്കുകയും ചെയ്യുമ്പോഴാണ് സ്വാതന്ത്ര്യം അനുഭവവേദ്യമാകുന്നത്. "നിങ്ങൾ സത്യം അറിയുകയും സത്യം നിങ്ങളെ സ്വതന്ത്രരാക്കുകയും ചെയ്യും" (യോഹ. 8:32). സ്വാതന്ത്ര്യത്തിനും ചില നിയമങ്ങളുണ്ടെന്ന് ബൈബിൾതന്നെ പഠിപ്പിക്കുന്നു. സ്വാതന്ത്ര്യത്തിന്റെ നിയമത്തെക്കുറിച്ച് യാക്കോബിന്റെ രണ്ടാം ലേഖനത്തിൽ 12–ാം വാക്യത്തിൽ പ്രതിപാദിക്കുന്നുണ്ട്.

നിശ്ചയിക്കപ്പെട്ട കാര്യം നിശ്ചയിക്കപ്പെട്ട രീതിയിൽ നിശ്ചയിക്കപ്പെട്ട സമയത്ത് നടക്കുവാൻ നിശ്ചയിക്കപ്പെട്ട ആളെ അനുവദിക്കുക എന്നതാണ് സ്വാതന്ത്ര്യത്തിന്റെ നിയമം എന്നു തോന്നുന്നു. പരിശുദ്ധ അമ്മ ദൈവഹിതം മനസ്സിലാക്കി, പൂർണമായും അവിടുത്തേക്കു വഴങ്ങിക്കൊടുത്തു. വരാനിരിക്കുന്ന വാളിനെപ്പറ്റി മുന്നറിയിപ്പുണ്ടായിട്ടും ദൈവത്തിന്റെ സ്വാതന്ത്ര്യം അനുഭവിക്കുന്നതിനായി സ്വയം വിട്ടുകൊടുത്തു. ആ സ്വാതന്ത്ര്യത്തിനായി പ്രതിസന്ധികളെ ഏറ്റെടുത്തു. അതുകൊണ്ടുതന്നെ ദൈവസന്നിധിയിൽ പുത്രന്റെയടുത്ത് ഏറ്റവും സ്വാതന്ത്ര്യമുള്ളത് നമ്മുടെ അമ്മയ്ക്കുതന്നെയാണ്. ഈ സ്വാതന്ത്ര്യമാണ് നമ്മൾ അമ്മയുടെ മധ്യസ്ഥത തേടുന്നതിന്റെ അടിസ്ഥാനം. അമ്മ നമ്മുടെ ആവശ്യങ്ങൾ സാധിച്ചുതന്ന് നമ്മുടെ വിഷമതയിൽനിന്നും പ്രതിസന്ധിയിൽനിന്നും നമ്മളെ സ്വതന്ത്രരാക്കുന്നു.

**ഇന്ന് സത്യം അറിയാനുള്ള താത്പര്യം കാണിക്കാത്ത ചില മാധ്യമങ്ങളുടെ കൂടെയാണ് പലരും. അപവാദങ്ങൾ സത്യമായി അവതരിപ്പിക്കുമ്പോൾ സത്യം അറിയാൻ ശ്രമിക്കുകയോ അറിയുന്നതു വരെ കാത്തിരിക്കുകയോ ചെയ്യാതെ അതു വിശ്വസിക്കുകയും തങ്ങൾ സ്വതന്ത്രചിന്താഗതിക്കാരും പുരോഗമനവാദികളുമാണെന്നു കാണിക്കാനുള്ള വ്യഗ്രതയിൽ അതിനെ പിന്തുണയ്ക്കുകയും ചെയ്യുന്നവർ സഭയിൽത്തന്നെയുണ്ടെന്നുള്ളതു ഖേദകരമാണ്.**




സത്യം നിങ്ങളെ സ്വതന്ത്രരാക്കും എന്നുള്ള ക്രിസ്തുവിന്റെ വചനം നമ്മളെ ഓർമ്മപ്പെടുത്തുന്നത്, സത്യം ഗ്രഹിക്കാതെ സ്വാതന്ത്ര്യം അനുഭവിക്കാൻ പറ്റില്ല എന്നുതന്നെയാണ്. പരിശുദ്ധ അമ്മയുടെ നേതൃത്വത്തിൽ പ്രാർത്ഥിച്ചുകൊണ്ടിരുന്ന ശ്ലീഹന്മാരിൽ വന്നുനിറഞ്ഞ സത്യാത്മാവ് സത്യത്തിന്റെ പൂർണ്ണതയിലേക്കു നമ്മളെ നയിക്കുന്നു. എന്നാൽ, ഇന്ന് സത്യം അറിയാനുള്ള താത്പര്യം കാണിക്കാത്ത ചില മാധ്യമങ്ങളുടെ കൂടെയാണ് പലരും. അപവാദങ്ങൾ സത്യമായി അവതരിപ്പിക്കുമ്പോൾ സത്യം അറിയാൻ ശ്രമിക്കുകയോ അറിയുന്നതു വരെ കാത്തിരിക്കുകയോ ചെയ്യാതെ അതു വിശ്വസിക്കുകയും തങ്ങൾ സ്വതന്ത്രചിന്താഗതിക്കാരും പുരോഗമനവാദികളുമാണെന്നു കാണിക്കാനുള്ള വ്യഗ്രതയിൽ അതിനെ പിന്തുണയ്ക്കുകയും ചെയ്യുന്നവർ സഭയിൽത്തന്നെയുണ്ടെന്നുള്ളതു ഖേദകരമാണ്.

അതുകൊണ്ട്, രാജ്യത്തിന്റെ ഈ സ്വാതന്ത്ര്യദിനത്തിൽ, പരി. അമ്മയുടെ സ്വർഗ്ഗാരോപണദിനത്തിൽ, മറ്റുള്ളവരുമായുള്ള ബന്ധത്തിൽ, ദൈവവുമായുള്ള ബന്ധത്തിൽ ഉണ്ടായിട്ടുള്ള അപാകതകൾ പരിഹരിച്ച് ക്രിസ്തു വാഗ്ദാനം ചെയ്ത സ്വാതന്ത്ര്യം അനുഭവവേദ്യമാക്കാം. ഇടയനും ആടുകളും തമ്മിലുള്ള ബന്ധം ഊഷ്മളമാക്കി പരി. അമ്മ അനുഭവിച്ച സ്വാതന്ത്ര്യത്തിലേക്കു നടന്നുകയറാം. കപടമതേതരത്വവാദികളുടെ കെണിയിൽപ്പെടാതെ വിവേകത്തോടെ പ്രവർത്തിച്ച് മറ്റുള്ളവർക്കു സ്വാതന്ത്ര്യം നിഷേധിക്കാതിരിക്കാം. സത്യം നമ്മെ സ്വതന്ത്രരാക്കട്ടെ.

□

Deepanalam Weekly

RNI No : 16998/68
Vol. 53 No. 15 Date of Publication 6 August 2020
Annual Subscription Rate ₹300 (For Abroad ₹ 3000)

Registered No. KL/KTM/12/2018-2020
License No.KL/CR/KTM/WPP-04/2018-2020
Licensed to post without pre-payment

CHERPUNKAL
BISHOP VAYALIL MEMORIAL
HOLY CROSS COLLEGE

Cherpunkal P.O, Pala, Kottayam
Kerala - 686 584
Ph: 04822 268343 04822 267520
Email : bvmhcc@gmail.com
www.bvmcollege.com

Courses Offered

BCA
B Com Computer Application
BA Visual Communication
B Sc Mathematics
B Com Finance & Taxation
BA Multimedia
M Sc Mathematics
M Com Finance & Taxation
M Sc Computer Science
MSW




കൊറ്റത്തിൽ ആയുർവ്വേദ ഹോസ്പിറ്റൽ
അയർക്കുന്നം, കോട്ടയം
Phone: 0481-2545588, 9447054461
E-mail : mail@kottathilayurveda.com
Website: www.kottathilayurveda.com



മസ്തിഷ്കരോഗങ്ങൾ നട്ടെല്ല് രോഗങ്ങൾ
അസ്ഥിരോഗങ്ങൾ സന്ധിരോഗങ്ങൾ
ശിശുരോഗങ്ങൾ
സ്ത്രീരോഗങ്ങൾ
(ആനോ-റെക്റ്റൽ രോഗങ്ങൾ) ത്വക്‌രോഗങ്ങൾ
വാർദ്ധക്യരോഗങ്ങൾ

വിവിധങ്ങളായ കേരളീയ ചികിത്സാക്രമങ്ങളും പഞ്ചകർമ്മങ്ങളും (നസ്യം, വമനം, വിരേചനം, കഷായവസ്തി, രക്തമോക്ഷം) വിദഗ്ധരുടെ മേൽനോട്ടത്തിൽ ഔട്ട്പേഷ്യന്റായും (O.P.) ഇൻപേഷ്യന്റായും (I.P.) ചെയ്യുന്നു.

916 സ്വർണ്ണാഭരണങ്ങളുടെ പാലായിലെ അതിവിശാലമായ ഷോറൂം..!



മൂഴയിൽ ജൂവലറി
മെയിൻ റോഡ്, പാലാ,
Phone: 212498 , 211028

സഹോദരസ്ഥാപനം: മൂഴയിൽ ബാങ്കേഴ്സ്
മാർക്കറ്റ് റോഡ്, OPP. സിവിൽസ്റ്റേഷൻ, പാലാ
ഫോൺ: 212269

100 രൂപയ്ക്ക് മാസം 1½ രൂപാ മാത്രം പലിശ

ST. MARY'S ENGINEERING INSTITUTE
Recognised Under DTE, Govt. of Kerala
KRISHNA, EDAMATTOM ROAD, MURIKKUMPUZHA,
PALA-686575, KOTTAYAM DT.
ESTD: 1963

2020 – 21 അഡ്മിഷൻ ആരംഭിച്ചിരിക്കുന്നു

കേരള ഗവ. റഗുലർ/ഈവനിംഗ് എൻജിനീയറിംഗ് കോഴ്സുകൾ

1. സിവിൽ എൻജിനീയറിംഗ്
2. മെക്കാനിക്കൽ എൻജിനീയറിംഗ്
3. ഇലക്ട്രിക്കൽ എൻജിനീയറിംഗ്
4. ഓട്ടോമൊബൈൽ എൻജിനീയറിംഗ്
5. റഫ്രിജറേഷൻ & എയർകണ്ടീഷനിംഗ് എൻജിനീയറിംഗ്
6. ഇലക്ട്രോണിക്സ് & കമ്മ്യൂണിക്കേഷൻ എൻജിനീയറിഗ്
7. റേഡിയോ & ടെലിവിഷൻ എൻജിനീയറിംഗ്

പ്രോസ്പെക്ടസിന് Rs. 150/-

കോഴ്സ് നിബന്ധനകൾ

1. എസ്.എസ്.എൽ.സി. പാസായ (പ്ലസ്ടു വിജയിച്ചതോ/തോറ്റതോ)വിദ്യാർത്ഥിനീ-വിദ്യാർത്ഥികൾക്ക് അപേക്ഷിക്കാം. ഈവനിംഗ്/ മോർണിംഗ് ക്ലാസുകളുടെ കാലാവധി 2 വർഷമാണ്. ഈവനിംഗ് ക്ലാസുകൾക്ക് പ്രവേശനത്തിന് പ്രായപരിധിയില്ല.
2. ഈവനിംഗ് കോഴ്സുകളുടെ സമയം എല്ലാ പ്രവൃത്തിദിവസങ്ങളിലും വൈകിട്ട് 5.30 മുതൽ രാത്രി 9.30 വരെയായിരിക്കും.
3. റഗുലർ വിദ്യാർത്ഥികൾക്കും ഈവനിംഗ് വിദ്യാർത്ഥികൾക്കും ഒരേ പരീക്ഷതന്നെയായിരിക്കും.
4. സർക്കാർ/ അർദ്ധസർക്കാർ/ഗവൺമെന്റ് അംഗീകൃതസ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ ജോലി ചെയ്യുന്ന അറ്റൻഡർ, പ്യൂൺ, ലാബ് അസിസ്റ്റന്റ് തുടങ്ങി എല്ലാ 4-ാം ഗ്രേഡ് ജീവനക്കാർക്കും അതത് സ്ഥാപനത്തിന്റെ മേധാവി അനുവദിക്കുന്ന എൻ.ഒ.സി., പ്രവൃത്തിപരിചയസർട്ടിഫിക്കറ്റ് എന്നിവയുടെ അടിസ്ഥാനത്തിലാണ് സായാഹ്നക്ലാസിൽ പ്രവേശനം നൽകുന്നത്.
5. SC/ST/OEC വിഭാഗങ്ങൾക്ക് ഗവ. ആനുകൂല്യങ്ങൾ ലഭ്യമാണ്. പി.എസ്.സി. നടത്തുന്ന പരീക്ഷകൾക്കും എംപ്ലോയ്മെന്റ് വഴിയുള്ള നിയമനങ്ങൾക്കും വിദേശജോലികൾക്കും സ്വയംതൊഴിൽ നേടുന്നതിനും ഈ കോഴ്സ് പ്രയോജനപ്പെടുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് പാലാ ഇടമറ്റം റോഡിൽ മുരിക്കുംപുഴയിൽ പ്രവർത്തിക്കുന്ന സെന്റ് മേരീസ് എൻജിനീയറിംഗ് ഇൻസ്റ്റിറ്റ്യൂട്ടുമായി നേരിട്ടോ താഴെ പറയുന്ന ഫോൺനമ്പരിലോ ബന്ധപ്പെടുക.

എല്ലാ കോഴ്സുകളിലും പി.എസ്.സി. മുഖേന ജോലി ലഭിക്കുന്നു

*K. UNNIKRISHNAN NAIR*
*CHAIRMAN*
*PH: 9447809605, 04822-212795*

*S. SREEKUMARY M.Sc.*
*PRINCIPAL*
*PH: 9447869882, 04822-214132*

Printed & Published by Fr. Joseph Thadathil on behalf of Deepanalam Society Palai, Reg. No. 69/77 and printed at Deepanalam printings Palai P.O., Pin-686575 and Published at Palai, Kottayam Dist. Kerala, Pin -686575 • Editor - Fr. Kurian Thadathil * Responsible for selection of news under PRB Act.
• Ph: 04822-212842 • Fax: 04822-212842 • Email: editordeepanalam@gmail.com • deepanalam@rediffmail.com • website: www.deepanalam.com